# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VI

## (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം

**(EDUCATION)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂലൈ 4 -ാം തീയതി സമർപ്പിച്ചത്
(Presented on 4th July, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

### പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH 2012)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

463/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 49 |

# സബ്ജക്റ്റ് കമ്മിറ്റി VI

## വിദ്യാഭ്യാസം

## (2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. സി. ജോസഫ്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

ശ്രീ. കെ. ബി. ഗണേഷ് കുമാർ,
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. എം. എ. ബേബി

,, ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ശ്രീ. ജോസഫ് വാഴക്കൻ

,, റ്റി. വി. രാജേഷ്

,, ഷാഫി പറമ്പിൽ

,, എം. ഉമ്മർ

,, പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2011 ജൂൺ 28-ന് രൂപീകൃതമായശേഷം 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 26-7-2011, 1-8-2011, 25-8-2011, 24-10-2011, 20-12-2011, 2-2-2012, 15-2-2012 എന്നീ തീയതികളിലായി ആകെ 7 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ ആദ്യത്തെ 3 യോഗങ്ങൾ 2011-2012-ലെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ചുള്ളതായിരുന്നു. 24-10-2011, 2-2-2012 എന്നീ തീയതി കളിൽ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ശുപാർശകളിൻമേലുള്ള നടപടി റിപ്പോർട്ടുകൾ തുടങ്ങിയവ പരിഗണിച്ചു. ചട്ടം 235എ അനുസരിച്ച് 20-12-2011-ൽ ചേർന്ന യോഗത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും എഞ്ചിനീയറിംഗ് കോളേജുകളിലെയും പഠനനിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും 15-2-2012-ൽ ചേർന്ന യോഗത്തിൽ സ്പോർട്സിന്റെ കരട് നയം സംബന്ധിച്ചും ചർച്ച ചെയ്ത് അഭിപ്രായങ്ങൾ സ്വരൂപിക്കുകയുണ്ടായി. യോഗങ്ങളിലെ ശരാശരി ഹാജർനില 49.36 ശതമാനമായിരുന്നു.

ഈ റിപ്പോർട്ട് രണ്ടുഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവരങ്ങളും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും 2010-11-ലെ ധനാഭ്യർത്ഥന കളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും ഒന്നാം ഭാഗമായും സമിതി പരിശോധിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. ഗസറ്റ് വിജ്ഞാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ രണ്ടാം ഭാഗമായും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

2012 മേയ് 8-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. കെ. അബ്ദു റബ്ബ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2012 മേയ് 8.

# റിപ്പോർട്ട്

ഭാഗം 1

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനയുടെ പരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിക്കുന്ന സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 2011 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

(2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി 26-7-2011, 1-8-2011, 25-8-2011 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

2010 ജൂൺ 28 മുതൽ 2011 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് 25-8-2011-ന് സമിതി പരിഗണിച്ച് അംഗീകരിക്കുകയും 2011 ഒക്ടോബർ 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 24-10-2011-ന് ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2011 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലുള്ള സമിതിയുടെ ശുപാർശകളും അവയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികളും ചുവടെ ചേർത്തിരിക്കുന്നു.

(സമിതി പരിഗണിച്ച് അംഗീകരിച്ചവ.)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2000-2001)

ശുപാർശ

പദ്ധതിയേതര വിഭാഗത്തിൽ കേരള കലാമണ്ഡലത്തിലെ ചെലവിനത്തിന് 49.5 ലക്ഷം രൂപയാണ് ഈ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. എന്നാൽ ഈ തുക നാലുമാസത്തെ ചെലവിന് മതിയാകുകയില്ലെന്ന് സമിതിക്ക് ബോദ്ധ്യമായി. കൂടാതെ 30-3-2000 വരെ 1 കോടി 50 ലക്ഷം രൂപ കുടിശ്ശിക ഉള്ളതായും സമിതിയിൽ വെളിപ്പെടുത്തപ്പെട്ടു. അതിനാൽ പദ്ധതിയേതര വിഹിതം 250 ലക്ഷമായും പദ്ധതി വിഹിതം 100 ലക്ഷമായും വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

കേരള കലാമണ്ഡലത്തിന് 2000-2001 വർഷത്തെ അപേക്ഷിച്ച് പിന്നീടുള്ള വർഷങ്ങളിൽ കൂടുതൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2010-11 വർഷം പ്ലാൻ ഇനത്തിൽ 5,25,00,000 രൂപയും നോൺ പ്ലാൻ ഇനത്തിൽ 3,53,00,000 രൂപയും വകയിരുത്തിയിരുന്നു. 2011-12 വർഷം പ്ലാൻ ഇനത്തിൽ 6,00,00,000 രൂപയും നോൺ പ്ലാൻ ഇനത്തിൽ 3,03,60,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

ജവഹർ ബാലഭവന്റെ വികസന പ്രവർത്തനങ്ങൾക്കും തിരുവനന്തപുരം, കൊല്ലം ബാലഭവനുകളുടെ മെയിന്റനൻസിനുമായി പ്ലാൻ ഇനത്തിൽ 5 ലക്ഷം രൂപ അനുവദിക്കണമെന്നും ജില്ലാ ജവഹർ ബാലഭവനുകളുടെ ആവർത്തന ധനസഹായത്തിനുവേണ്ടി നോൺ പ്ലാൻ ഇനത്തിൽ 30 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം മെയിന്റനൻസുകൾ ഉൾപ്പെടെയുള്ള പദ്ധതികൾക്കായി അഞ്ച് ബാലഭവനുകൾക്കായി പ്ലാൻ ഇനത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ തിരുവനന്തപുരം, തൃശൂർ ബാലഭവനുകൾക്ക് 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതിയേതര ഇനത്തിൽ ബാലഭവനുകൾക്കായി 25.32 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിഭവലഭ്യതയുടെ അഭാവം കാരണം അധിക തുക വകയിരുത്താറായിട്ടില്ല.

ശുപാർശ

ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ടി റിപ്പോർട്ടിലെ ശുപാർശകൾ ഈ സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കുന്നതിനാവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

2001-ൽ ബാലഭവനുകളുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുകയും ഇതിനുള്ള തുക വകയിരുത്തി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

സർക്കാർ നിയന്ത്രണത്തിലും സർക്കാരിൽ നിന്ന് വാർഷിക ആവർത്തന ധനസഹായം നൽകുന്ന സ്മാരകങ്ങൾക്ക് ഈ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക സ്മാരകങ്ങളുടെ സംരക്ഷണത്തിനും ആവശ്യമായ ചെലവുകൾക്കും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഓരോ സ്മാരകങ്ങൾക്കും സംരക്ഷണ ചെലവിന് ആവശ്യമായ തുക വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാരിൽ നിന്നും ആവർത്തന ധനസഹായം ലഭിക്കുന്ന സ്മാരകങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പഠിക്കുന്നതിനായി നിയോഗിച്ച രവീന്ദ്രനാഥ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് സ്മാരകങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

<u>ശുപാർശ</u>

കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് ആവർത്തന സഹായമായി ഇപ്പോൾ ലഭിച്ചുവരുന്ന 75,000 രൂപ അതിന്റെ മെയിന്റനൻസിന് മതിയാകാതെ വരുമെന്നതിനാൽ പ്രസ്തുത തുക വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കിള്ളിക്കുറിശ്ശിമംഗലത്തെ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32, 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഗ്രാന്റ് വർദ്ധനവ് ശുപാർശ ചെയ്യാനായി നിയോഗിച്ച രവീന്ദ്രനാഥ് കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് അമ്പലപ്പുഴ, കിള്ളിക്കുറിശ്ശി മംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകങ്ങൾക്ക് ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. 2009-10 വർഷം അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് സ്പെഷ്യൽ ഗ്രാന്റിനായി 10 ലക്ഷം രൂപയും 2010-11-ൽ കിള്ളിക്കുറിശ്ശിമംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2205-00-102-97—<u>കേരള സാഹിത്യ അക്കാദമി</u>

ഈ സാമ്പത്തിക വർഷത്തേക്ക് പദ്ധതിയിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 80 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 61 ലക്ഷം രൂപയും കൂടുതൽ അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2205-00-102-92—<u>കവിത, നാടകം, കഥ എന്നീ വിഭാഗങ്ങളിലുള്ള മികച്ച കൃതികൾക്ക് സമ്മാനം നൽകുന്നതിന്</u>

ഈ ഇനത്തിൽ 15,000 രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 30,000 രൂപ ആയി വർദ്ധിപ്പിച്ച് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34, 35)

സർക്കാർ സ്വീകരിച്ച നടപടി

കേരള സാഹിത്യ അക്കാദമിക്ക് 2000-2001 വർഷത്തെ അപേക്ഷിച്ച് പിന്നീടുള്ള വർഷങ്ങളിൽ കൂടുതൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2010-11 വർഷം പ്ലാൻ ഇനത്തിൽ 1,25,00,000 രൂപയും നോൺ പ്ലാൻ ഇനത്തിൽ 60,50,000 രൂപയും വകയിരുത്തിയിരുന്നു. 2011-12 വർഷം പ്ലാൻ ഇനത്തിൽ 1,50,00,000 രൂപയും നോൺപ്ലാൻ ഇനത്തിൽ 72,60,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

2205-00-102-90—സംഗീതനാടക അക്കാദമിക്ക് ധനസഹായം

ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് നോൺ പ്ലാൻ ഇനത്തിൽ ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നത് 34 ലക്ഷം രൂപയാണ്. എന്നാൽ 17,08,000 രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ആവശ്യമായ തുക അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

1993-94 മുതൽ 1999-2000 വരെ നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ അക്കാദമിക്ക് 19,64,898.45 രൂപ കൂടുതൽ ചെലവായിട്ടുണ്ട്. കൂടുതൽ ചെലവായ ഈ തുക സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36, 37)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംഗീത നാടക അക്കാദമിക്ക് 2000-2001 വർഷത്തെ അപേക്ഷിച്ച് പിന്നീടുള്ള വർഷങ്ങളിൽ ഗ്രാന്റ് കൂടുതലായി അനുവദിച്ചിട്ടുണ്ട്. 2010-11 വർഷം പ്ലാൻ ഇനത്തിൽ 1,25,00,000 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 54,45,000 രൂപയും 2011-12 വർഷം പ്ലാൻ ഇനത്തിൽ 1,50,00,000 രൂപയും നോൺ പ്ലാൻ ഇനത്തിൽ 65,34,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിലെ ജീവനക്കാരുടെ ശമ്പളം മുൻകാല പ്രാബല്യത്തോടെ പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും കുടിശ്ശിക ഉൾപ്പെടെ ആവശ്യമായ തുക ഈ സാമ്പത്തിക വർഷവും വകയിരുത്തിയിട്ടില്ലാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ടി സ്ഥാപനത്തിന് പ്രത്യേക ഹെഡ് അനുവദിക്കണമെന്നും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് 8 ലക്ഷം രൂപകൂടി അനുവദിച്ചു നൽകണമെന്നും സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2010-11 വർഷം ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിന് പ്രത്യേകമായി 10 ലക്ഷം രൂപ അനുവദിച്ചു. ഈ സാമ്പത്തിക വർഷത്തിലെ അവസാനത്തെ ഉപധനാഭ്യർത്ഥനയിൽ 31,50,000 രൂപ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

എഴുത്തച്ഛൻ പുരസ്കാരം നൽകുന്നതിനായി നീക്കിവച്ചിട്ടുള്ള ഒരു ലക്ഷം രൂപ മതിയാകാതെ വരുമെന്നതിനാൽ ആയത് 1,20,000 രൂപയായി വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എഴുത്തച്ഛൻ പുരസ്കാരത്തിന് 2010-11-ൽ 1,40,000 രൂപയും 2011-12-ൽ 1,50,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

ഗുരുഗോപിനാഥ് നടന ഗ്രാമത്തിലെ നൃത്തമ്യൂസിയം പ്രാവർത്തികമാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും കൂടുതൽ സ്ഥലസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടനഗ്രാമത്തിന് 5 ലക്ഷം രൂപ അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

2010-11-ൽ നടനഗ്രാമത്തിന് പദ്ധതി ഇനത്തിൽ 20 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 21.95 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2001-2002)

<u>ശുപാർശ</u>

'ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻമാരെ നിയമിക്കുമ്പോൾ 1000 കുട്ടികളുള്ള സ്കൂളുകളിൽ മാത്രമാണ് ഇപ്പോൾ ഡിഗ്രിക്കാരെ നിയമിക്കുന്നത്. മറ്റുള്ള സ്കൂളുകളിൽ ഡിപ്ലോമ, സർട്ടിഫിക്കറ്റ് എന്നീ യോഗ്യതകൾ ഉള്ളവരെയാണ് നിയമിച്ചു വരുന്നത്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലൈബ്രേറിയൻമാരുടെ യോഗ്യത നിശ്ചയിക്കുന്നത് ശരിയായ നടപടിയല്ല എന്നും കൂടുതൽ കുട്ടികളുള്ള സ്കൂളുകളിൽ പല ഗ്രേഡുകളിലായി ലൈബ്രേറിയൻമാരുടെ സേവനം ലഭ്യമാക്കുകയാണ് വേണ്ടതെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ ഗ്രേഡ്-3 ലൈബ്രേറിയന്റേയും ഗ്രേഡ്-4 ലൈബ്രേറിയന്റേയും യോഗ്യത ലൈബ്രറി സയൻസിലുള്ള ഡിഗ്രിയോ തത്തുല്യ യോഗ്യതയോ ആക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും ഇതിനായി സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.'

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

ലൈബ്രേറിയൻ ഗ്രേഡ് 4 തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത എയ്ഡഡ് ഹയർ സെക്കന്ററി വിദ്യാഭ്യാസ സർവ്വീസിൽ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണെന്നും ടി ഭേദഗതിയുടെ നടപടി പൂർത്തിയാകുമ്പോൾ ആവശ്യമായ പ്രതികൾ അയയ്ക്കുന്നതാണെന്നും 7-7-2003-ലെ കത്തുപ്രകാരം നിയമസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നു. പിന്നീട്, 4-3-2008-ലെ കത്തുപ്രകാരം ആവശ്യപ്പെട്ട തനുസരിച്ച് ഭേദഗതിയുടെ 70 പകർപ്പുകൾ 19-5-2008-ലെ കത്തുപ്രകാരം അയയ്ക്കുക യുണ്ടായി. 2001-02-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 11-ാം ഖണ്ഡികയിലെ ശുപാർശ ഗ്രേഡ്-3 ലൈബ്രേറിയന്റേയും ഗ്രേഡ്-4 ലൈബ്രേറിയന്റേയും യോഗ്യത ലൈബ്രറി സയൻസിലുള്ള ഡിഗ്രിയോ തത്തുല്യ യോഗ്യതയോ ആക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നുമുള്ള സമിതിയുടെ ശുപാർശയിൻമേൽ സർക്കാർ സ്വീകരിച്ച നടപടിയാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ലഭ്യമാക്കിയ എസ്.ആർ.ഒ. യിൽ മേൽ ഭേദഗതി ഉൾപ്പെട്ടിട്ടില്ലായെന്നും ആയതിനാൽ ഒന്നാമത് റിപ്പോർട്ടിലെ (2001-02) 11-ാം ഖണ്ഡികയിലെ ശുപാർശയിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അടിയന്തിരമായി ലഭ്യമാക്കണമെന്നും 14-7-2008-ലെ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

16-4-2001-ലെ ജി.ഒ.(പി.) നമ്പർ 144/01/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ച കേരള ഹയർ സെക്കന്ററി സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 2001 പ്രകാരം ലൈബ്രേറിയൻ ഗ്രേഡ് 3-യുടെ യോഗ്യത

"Bachelor's Degree in Library Information Science acquired after a regular course of study or equivalent qualification from a recognized University". എന്നും

Librarian Gr. IV-ന്റെ യോഗ്യത "S.S.L.C. and Certificate in Library Science recognized by Government." എന്നുമാണ്. എന്നാൽ 9-11-2001-ലെ ജി.ഒ.പി. നമ്പർ 331/01/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ച കേരള വിദ്യാഭ്യാസ (ഭേദഗതി) ചട്ടങ്ങൾപ്രകാരം Librarian Gr. III-യുടെയും IV-ന്റെയും യോഗ്യത Bachelors Degree in Library and Information Science acquired after a regular course of study or equivalent qualification from a recognized University എന്നുമാണ്.

Librarian Gr. IV തസ്തികയ്ക്ക് നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതകൾ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും വ്യത്യസ്തമായതിനാൽ യോഗ്യത ഏകീകരിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു. സബ്ജക്ട് കമ്മിറ്റിയുടെ മറ്റ് നിർദ്ദേശങ്ങൾക്കൊപ്പം പ്രസ്തുത ശുപാർശയും വിശദമായി പരിശോധിച്ച് സമിതിയുടെ സൂക്ഷ്മപരിശോധന ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി നടപടികൾ പാലിച്ചുകൊണ്ട് 4-2-2005-ലെ ജി.ഒ.(പി)38/05/പൊ.വി.വ. പ്രകാരം

ഭേദഗതി പുറപ്പെടുവിച്ചു. അതുപ്രകാരം എയ്ഡഡ് മേഖലയിലെ ലൈബ്രേറിയൻ ഗ്രേഡ് IV-ന്റെ യോഗ്യതയും സർക്കാർ മേഖലയിലെ ലൈബ്രേറിയൻ ഗ്രേഡ് IV-ന്റെ യോഗ്യതയും Pass in SSLC Examination and Certificate in Library Science recognized by Government എന്നും ഏകീകരിച്ചു. ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഇതുവരെ ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിച്ച് ഉത്തര വായിട്ടില്ല. എയ്ഡഡ് സ്പെഷ്യൽ റൂൾസിൽ പറയുന്ന ഗ്രേഡ് III ലൈബ്രേറിയൻ തസ്തിക ഒഴിവാക്കുന്നതിന് കെ.ഇ.ആർ. ഭേദഗതി ചെയ്യുന്ന കാര്യം പരിശോധിച്ചു വരുന്നു.

സബ്ജക്ട് കമ്മിറ്റിയുടെ അനുമതിയോടുകൂടിയാണ് ലൈബ്രേറിയൻ തസ്തിക കൾക്ക് യോഗ്യതകൾ നിശ്ചയിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ 11-ാം ഖണ്ഡിക യിലെ ശുപാർശ പരിഗണിക്കാനാകുകയില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2002-03)

### ശുപാർശ

ഹയർ സെക്കന്ററി സ്കൂളുകളുടെ ഭരണ നിർവ്വഹണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള ചുമതല ആരിൽ നിക്ഷിപ്തമായിരിക്കുന്നു എന്ന കാര്യത്തിൽ ഇപ്പോഴും അവ്യക്തത നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത ഉണ്ടാകുന്നതിനും ഭരണപരമായ കാര്യങ്ങൾ മെച്ച പ്പെടുത്തുന്നതിനുമായി സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേണൽ ഹയർ സെക്കന്ററി എന്നിവ ഏകീകരിച്ച് ഒരു പ്രത്യേക ഡയറക്ടറേറ്റിന്റെകീഴിൽ കൊണ്ടുവരണമെന്നും പ്രസ്തുത ഡയറക്ടറേറ്റിന്റെകീഴിൽ ആവശ്യമായ റീജിയണൽ ഓഫീസുകൾ ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

### സർക്കാർ സ്വീകരിച്ച നടപടി

ദേശീയ പാറ്റേൺ അനുസരിച്ച് ഒന്നുമുതൽ അഞ്ചുവരെ പ്രൈമറിയും 6 മുതൽ 8 വരെ അപ്പർ പ്രൈമറിയും 9 മുതൽ 12 വരെ ഹയർ സെക്കന്ററിയുമാണ്. കേരള ത്തിലും അതേ പാറ്റേൺ നടപ്പിലാക്കുന്നതായിരിക്കും അക്കാദമികമായും ഭരണപരമായും അഭികാമ്യം. ഇന്നത്തെ അവസ്ഥയിൽ ഹയർ സെക്കന്ററി വളരെ ബലഹീനമാണ്. സ്കൂളുകളിൽ ഹയർ സെക്കന്ററിയും ഹൈസ്കൂളും സമാന്തരമായി പോകുന്നത് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. മാത്രമല്ല, ഹൈസ്കൂളിനും ഹയർ സെക്കന്ററിക്കും പൊതുവായ പല വിഭവങ്ങളും സൗകര്യങ്ങളും ആവശ്യമാണ്. അതുകൂടാതെ, പരീക്ഷ നടത്താൻ ഒരു സ്വതന്ത്ര ഏജൻസി ആവശ്യമാണ്. പഠിപ്പിക്കുന്ന വിഭാഗംതന്നെ പരീക്ഷ നടത്താതിരിക്കുന്നതാണ് അഭികാമ്യം. അതിനാൽ 10, 11, 12 ക്ലാസ്സുകളിൽ പരീക്ഷകൾ നടത്താൻ ഒരു സ്വതന്ത്ര പരീക്ഷാബോർഡ് ഉണ്ടാക്കുന്നതും നല്ലതായിരിക്കും.

ഇക്കാര്യങ്ങൾ പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നത് സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് നിയമിതയായിരിക്കുന്ന ശ്രീമതി ലിഡാ ജേക്കബ് (റിട്ട. ഐ.എ.എസ്.) അദ്ധ്യക്ഷയായ കമ്മീഷനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-04)

ശുപാർശ

**ഉച്ചഭക്ഷണ പരിപാടി**

ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ഉച്ചഭക്ഷണ പരിപാടിക്ക് വകയിരുത്തിയിരുന്നത് 85.05 കോടി രൂപയാണ്. സൗജന്യ നിരക്കിൽ 5 കിലോ അരിവീതം വാങ്ങിയ വകയിൽ സിവിൽസപ്ലൈസ് കോർപ്പറേഷന് 128 കോടി രൂപ കുടിശ്ശിക നൽകുവാനുണ്ട്. അതിലേക്കായി 128 കോടി രൂപ കൂടുതലായി അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം കേരള സ്റ്റേറ്റ് സിവിൽസപ്ലൈസ് കോർപ്പറേഷന് കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്.

ശുപാർശ

2202-02-004-96—(നോൺ പ്ലാൻ) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് വിനിയോഗം

ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 2001 മുതൽ 2004 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. 602 ലക്ഷം രൂപയാണ് ഇതിലേക്കായി വകകൊള്ളിച്ചിരിക്കുന്നത്. 2001-02 സാമ്പത്തിക വർഷം 242.12 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ ടി തുക ചെലവഴിക്കുന്നതിനുള്ള അനുവാദം സർക്കാരിൽനിന്നും ലഭിച്ചിരുന്നില്ല. 2002-2003 സാമ്പത്തിക വർഷം 121.06 ലക്ഷം രൂപ ടി പദ്ധതിക്കായി ചെലവഴിക്കുകയുണ്ടായി എന്ന് സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. ഈ സാമ്പത്തിക വർഷം 238.82 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര വിഹിതം നഷ്ടപ്പെടാതിരിക്കാൻ ടി ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അത് വകയിരുത്തി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സഹായം നഷ്ടപ്പെടാതിരിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

2003-04 ബഡ്ജറ്റിൽ 2202-02-004-96 നോൺ പ്ലാൻ ശീർഷകത്തിൽ 238.82 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2003 ജൂലൈ മാസത്തിലെ എസ്.ഡി.ജി.

പ്രകാരം 242.12 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ആവശ്യമായ തുക വകയിരുത്തി കേന്ദ്രസഹായം നഷ്ടപ്പെടാതിരിക്കാൻ നടപടി എടുത്തിട്ടുണ്ട്.

ശുപാർശ

2202-80-800-75—(100% സി.എസ്.സ്. പ്ലാൻ)—മദ്രസാ വിദ്യാഭ്യാസ പരിപാടി

ഈ പദ്ധതി നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സാധ്യതയുള്ളതുകൊണ്ട് ഈ വർഷം ഈ ഹെഡിൽ ടോക്കൺ പ്രൊവിഷനെങ്കിലും വകയിരുത്തേണ്ടതാണ്.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

2003-04 വർഷത്തിൽ 2202-80-800-75 (100% സി.എസ്സ്.എസ്സ്.-പ്ലാൻ) മദ്രസാ വിദ്യാഭ്യാസ പരിപാടി എന്ന ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും മദ്രസാ വിദ്യാഭ്യാസ പരിപാടിക്കുവേണ്ടി സാമ്പത്തിക സഹായം അനുവദിക്കുമ്പോൾ അതിന് അനുസരണമായി ഹെഡ് ഓഫ് അക്കൗണ്ടും അഡീഷണൽ ഓതറൈസേഷൻ/ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് മുഖേന വേണ്ടത്ര ബഡ്ജറ്റ് പ്രൊവിഷൻ വകകൊള്ളിക്കുവാനും അതിന് അനുസരണമായി തുക ചെലവഴിക്കുവാനും സാധിക്കും. മുൻ വർഷങ്ങളിലും ഇത്തരത്തിൽ ഹെഡ് ഓഫ് അക്കൗണ്ടോ ബഡ്ജറ്റ് വിഹിതമോ ഇല്ലാത്ത പുതിയ കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ സംസ്ഥാനത്തിന് അനുവദിക്കുമ്പോൾ മേൽ സൂചിപ്പിച്ച നടപടികളാണ് സ്വീകരിക്കുന്നത്. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള വർഷങ്ങളിൽ മദ്രസ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ 2202-80-800-75 എന്ന ശീർഷകത്തിൽ 'ടോക്കൺ' പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ

2202-80-800-74—സർവ്വ ശിക്ഷാ അഭിയാൻ (പ്ലാൻ)

സർവ്വശിക്ഷാ അഭിയാൻ സ്കീം നടപ്പിലാക്കുന്നതിന് 430 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. സ്റ്റേറ്റ് വിഹിതം മുഴുമിപ്പിക്കുന്നതിന് 21.7 കോടി രൂപ കൂടി അധികമായി വകയിരുത്തേണ്ടതാണെന്ന് സമിതിയിൽ വെളിപ്പെടുത്തിയതിനാൽ പ്രസ്തുത തുക അനുവദിച്ചു നൽകി കേന്ദ്ര വിഹിതം ലാപ്സാകാതെ ഈ സ്കീം നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

2003-04 ബഡ്ജറ്റിൽ 2202-80-800-74 പ്ലാൻ ശീർഷകത്തിൽ 430 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2003 ജൂലൈ മാസത്തിലെ എസ്.ഡി.ജി. പ്രകാരം

392 ലക്ഷം രൂപകൂടി അധികമായി വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തുന്നതിന് പുറമേയുള്ള സംസ്ഥാന വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് ലഭ്യമാക്കി സംസ്ഥാന വിഹിതം ഉറപ്പാക്കി കേന്ദ്ര വിഹിതം ലാപ്സാകാതെ നടപ്പിലാക്കി വരികയാണ്.

ശുപാർശ

2202-05-200-99—(നോൺ പ്ലാൻ)

അദ്ധ്യാപകർക്കുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ബാംഗ്ലൂർ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഗവൺമെന്റ് ഗ്രാന്റായി നൽകുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 13.43 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മുൻ വർഷങ്ങളിൽ ആവശ്യപ്പെട്ട കൂടുതൽ തുക ഇതുവരെ നൽകിയിട്ടില്ല. ഈ വർഷം 34.61 ലക്ഷം രൂപയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. ഈ പ്രൊപ്പോസൽ അംഗീകരിക്കുകയാണെങ്കിൽ 21.18 ലക്ഷം രൂപ കൂടുതലായി അനുവദിക്കേണ്ടിവരും. ആയതിനാൽ ഗവൺമെന്റ് ഗ്രാന്റായി 21.18 ലക്ഷം രൂപയെങ്കിലും അധികമായി ലഭിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, ബാംഗ്ലൂർ എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുമായി 2003-04 സാമ്പത്തികവർഷം 2202-05-200-99 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 13.43 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. തുടർന്നുള്ള വർഷങ്ങളിൽ മുൻ വർഷത്തേക്കാൾ അധികമായി തുക വകയിരുത്തുകയും പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം ഈ സ്ഥാപനത്തിന് 22 ലക്ഷം രൂപ വകയിരുത്തുകയും തുക പൂർണ്ണമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-06)

ശുപാർശ

2202-02-001-93—പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കഴിവ് വികസിപ്പിക്കൽ

ഈ ശീർഷകത്തിൽ ഈ സാമ്പത്തികവർഷം 5 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ ഇനത്തിൽ 15 ലക്ഷം രൂപകൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ കഴിവ് വികസിപ്പിക്കുന്നതിന് 2005-2006 സാമ്പത്തിക വർഷത്തിൽ 2202-02-001-93 (പ്ലാൻ എന്ന ശീർഷകത്തിൽ) 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക മൂന്ന് സോണുകളായി തിരിച്ച് പരിപാടികൾ സംഘ ടിപ്പിച്ചിരുന്നു. 2007-08 മുതൽ 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് എല്ലാ ജില്ലകളിലും മിനിസ്റ്റീരിയൽ ജീവനക്കാർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ 2005-06-ൽ അനുവദിച്ച 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ തുക 15 ലക്ഷമായി ഉയർത്തണമെന്നുള്ള സബ്ജക്ട് കമ്മിറ്റി യുടെ ശുപാർശയനുസരിച്ച് 30-8-2005-ലെ ബി.ജി.2/47118/05/ഡി.പി.ഐ. നമ്പർ കത്തു പ്രകാരം ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 2005-06-ലെ ധനാഭ്യർത്ഥനയിൻമേൽ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ പ്രസക്തി നഷ്ടപ്പെട്ടതിനാൽ തുടർനടപടികൾ സ്വീകരിക്കാതെ ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിൽ 15 ലക്ഷം രൂപ വീതം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u>

സ്കൂളുകളിലെ കായിക വിദ്യാഭ്യാസ പരിപാടിക്കുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയതായി സമിതിക്ക് കാണാൻ കഴിഞ്ഞില്ല. വിദ്യാഭ്യാസ പരിപാടിക്കായി സ്പോർട്സ് കൗൺസിലിന് വേണ്ടിയുള്ള ശീർഷകത്തിലാണ് തുക വകയിരുത്തിയിരിക്കുന്നത് എന്ന് സമിതി മനസ്സി ലാക്കുന്നു. സ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനായി ഒന്നരകോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9,10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

'2204-00-101-96' ശീർഷകത്തിൽ 2005 വരെ ഒന്നരകോടി രൂപ സ്കൂളുകളിലെ കായിക വികസനത്തിനായി അനുവദിച്ചിരുന്നു. "2006-07-ലെ ഉപധനാഭ്യർത്ഥനയുടെ ഫൈനൽ ബാച്ചിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി 2204-00-101-96 ശീർഷക ത്തിൽ ഒന്നരക്കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി പ്രൊപ്പോസൽ ഉപധനാഭ്യർത്ഥനയുടെ ഫൈനൽ ബാച്ചിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2007-08-ലെ കുടിശ്ശിക തുകയായ 7,70,000 രൂപ അത്‌ലറ്റിക് ഫണ്ടിൽ നിന്നും നൽകുകയുണ്ടായി. 2008-09-ലെ കുടിശ്ശികയായ 7,70,000 രൂപ 2010-11 സാമ്പത്തിക വർഷത്തിൽ നൽകുവാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലോക കായിക മേളയിൽ മെഡൽ കരസ്ഥമാക്കിയ വിദ്യാർത്ഥിക്കും പരിശീലകനും വിദ്യാലയങ്ങൾക്കും നൽകുവാനുണ്ടായിരുന്ന 6,00,000 രൂപ 2009-10 സാമ്പത്തിക വർഷംതന്നെ നൽകിയിട്ടുണ്ട്. 2007-08, 2008-09 വർഷങ്ങളിൽ നൽകുവാ നുണ്ടായിരുന്ന പ്രൈസ്മണി കുടിശ്ശികയായ 41,80,000 രൂപ 2010-2011-ലെ ബഡ്ജറ്റ് തുകയിൽ നിന്നും നൽകിയിട്ടുണ്ട്.

ശുപാർശ

"2202-03-800-96"—സ്റ്റുഡൻസ് അമിനിറ്റീസ്

സ്റ്റുഡൻസ് അമിനിറ്റീസിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം 20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിനായി നടപ്പു സാമ്പത്തികവർഷത്തേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഇതിലേക്കായി 20 ലക്ഷം രൂപ വകകൊള്ളിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

2005-06 സാമ്പത്തിക വർഷം സ്റ്റുഡൻസ് അമിനിറ്റീസിനുവേണ്ടി 20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2005-06 വർഷത്തിൽ തുകയൊന്നും അനുവദിച്ചില്ല. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകൂടി കണക്കിലെടുത്ത് 2006-07 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല. എന്നാൽ തുടർന്നുള്ള 2007-2008 മുതൽ "2202-03-800-70" ശീർഷകത്തിൽ സ്റ്റുഡൻസ് അമിനിറ്റീസിനായി കൂടുതൽ തുക താഴെ കാണുംപ്രകാരം അനുവദിച്ചിട്ടുണ്ട്.

2007-2008 — 15 ലക്ഷം

2008-2009 — 15 ലക്ഷം

2009-2010 — 20 ലക്ഷം

2010-2011 — 100 ലക്ഷം

ശുപാർശ

"2202-03-800-99"—പഠനയാത്ര

വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി 2005-06 സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്താൻ ആവശ്യപ്പെട്ടിരുന്നു. തുക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ കൂടി കണക്കിലെടുത്ത് 2006-2007 സാമ്പത്തിക വർഷങ്ങളിൽ "2202-03-800-99" ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ 2007-2008 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ "2202-03-800-69" എന്ന ശീർഷകത്തിൽ പഠനയാത്രയ്ക്കായി അനുവദിച്ചിട്ടുള്ള തുക താഴെ കാണുംപ്രകാരമാണ്.

2007-2008 — 5 ലക്ഷം

2008-2009 — 5 ലക്ഷം

2009-2010 — 10 ലക്ഷം

2010-2011 — 10 ലക്ഷം

ശുപാർശ

"2204-00-104-85"—കളിസ്ഥലം പുതുക്കിപണിയൽ

കോളേജിലെ കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി 10 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. തുക അനുവദിച്ചുകിട്ടാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

കോളേജുകളിൽ കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകൂടി കണക്കിലെടുത്ത് 2006-2007 സാമ്പത്തിക വർഷങ്ങളിൽ 10 ലക്ഷം രൂപ അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത വർഷത്തിൽ തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ "2202-03-800-68" എന്ന ശീർഷകത്തിൽ കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി താഴെ കാണും പ്രകാരം തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

2007-2008 — 10 ലക്ഷം

2008-2009 — 20 ലക്ഷം

2009-2010 — 25 ലക്ഷം

2010-2011 — 50 ലക്ഷം

ശുപാർശ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 'ഇ' ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷത്തിലേക്ക് 30 ലക്ഷം രൂപ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 'ഇ' ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി 2005-06 വർഷം നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കാനുള്ള തുകകൾ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

**കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ**

2002-03-നുശേഷം സെന്ററിന് പ്ലാൻ ഫണ്ടിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. ഇന്നത്തെ സാഹചര്യത്തിൽ ജനറേറ്റഡ് ഫണ്ടിൽ നിന്നും ശമ്പളവും മറ്റു ചെലവുകളും മാത്രമേ നിർവഹിക്കുവാൻ സെന്ററിന് കഴിയുന്നുള്ളൂ. ഇപ്പോൾ നിലവിലുള്ള യന്ത്രോപകരണങ്ങൾ കൊണ്ട് സെന്റർ പ്രവർത്തിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുവാൻ പ്രയാസമാണ്. ആയതിനാൽ സെന്ററിന്റെ വികസനോൻമുഖ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിൽ 4 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

ഇക്കാര്യത്തിൽ ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള വിഭവശേഷിയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതിൽ കവിഞ്ഞ് അധികവിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കാനാവില്ല. അതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണമാണ് ആവശ്യ ഘട്ടങ്ങളിൽ സ്വീകരിക്കാവുന്ന ഒരു മാർഗ്ഗം.

കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റീപ്രോഗ്രാഫിക് സെന്റർ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന അധികവിഹിതം അംഗീകരിക്കപ്പെട്ട ഒരു പദ്ധതിയുടെയോ ഒരു പ്രോജക്ട് റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലല്ല. ഈ സാഹചര്യത്തിൽ അധിക വിഹിതം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ ഈ ശുപാർശ നടപ്പിലാക്കാൻ നിർവാഹമില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-2007)

ശുപാർശ

2205-00-102-87—അവശകലാകാര പെൻഷൻ

അവശകലാകാര പെൻഷൻ കുടിശ്ശികയുള്ളതിനാൽ ഈ ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച 75.60 ലക്ഷം രൂപയ്ക്ക് പുറമെ 264 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

2006-07 സാമ്പത്തിക വർഷത്തിൽ കലാകാരപെൻഷൻ നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ 75.60 ലക്ഷം രൂപയ്ക്ക് പുറമേ അഡീഷണൽ ആതറൈസേഷൻ മുഖേന 40,77,000 രൂപയും ധനപുനഃക്രമീകരണത്തിലൂടെ 6,00,000 രൂപയും യഥാക്രമം 28-9-2006-ലും 30-3-2007-ലും വകയിരുത്തിയിരുന്നു. നിലവിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം ചെയ്തതിനുശേഷം ബാക്കി വന്ന 84,000 രൂപ

30-3-2007-ൽ സറണ്ടർ ചെയ്യുകയും ചെയ്തിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിച്ചതിനാൽ 2007-08, 2008-09, 2009-2010, 2010-11 എന്നീ വർഷങ്ങളിൽ യഥാക്രമം 1,26,00,000 രൂപ, 1,38,00,000 രൂപ, 1,38,00,000 രൂപ 1,51,80,000 രൂപ എന്നിങ്ങനെ വർദ്ധിച്ച രീതിയിൽ തുകകൾ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

മാവേലിക്കര എ.ആർ. സ്മാരകമായ ശാരദാമന്ദിരത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 60 ലക്ഷം രൂപ വകയിരുത്തിയിരുന്നതായും എന്നാൽ ഇതിന്റെ പുനരുദ്ധാരണം എന്ന നിലയ്ക്കാണ് ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇക്കാരണത്താൽ ധനകാര്യവകുപ്പ് പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നിഷേധിച്ചിരിക്കുകയാണെന്നും അതിനാൽ അനുവദിച്ച തുക ഈ ആവശ്യത്തിന് വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാവേലിക്കര എ.ആർ. സ്മാരകത്തിന് പുതിയ കെട്ടിട നിർമ്മാണത്തിനനുവദിച്ച തുക ഈ ആവശ്യത്തിന് വിനിയോഗിക്കത്തക്ക രീതിയിൽ പുതുക്കിയ ഭരണാനുമതി നൽകി കെട്ടിടനിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

മാവേലിക്കര എ.ആർ. സ്മാരകമായ ശാരദാമന്ദിരം നവീകരിക്കുവാൻവേണ്ടിയാണ് സർക്കാർ ഫണ്ട് അനുവദിച്ചത്.

ശ്രീ. ജി. ശങ്കർ (ഹാബിറ്റാറ്റ്) നവീകരണ ചുമതല ഏറ്റെടുക്കുകയും ആയത് പൂർത്തിയാക്കുകയും 21-3-2010-ന് ബഹു. സാംസ്കാരിക മന്ത്രി മന്ദിരം ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

ശുപാർശ

2202-02-800-72—വിദ്യാഭ്യാസ മന്ത്രിയുടെ പ്രത്യേക സ്കൂൾ പരിപാടി (പ്ലാൻ)

2006-ലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 33 ശതമാനത്തിനുതാഴെ വിജയശതമാനമുള്ള 104 സ്കൂളുകളിലെ പഠനനിലവാരം ഉയർത്താനും എസ്.എസ്.എൽ.സി. റിസൾട്ടിന്റെ വിജയശതമാനം കൂട്ടാനും മറ്റുള്ള മുൻപന്തിയിൽ നിൽക്കുന്ന സ്കൂളുകൾക്കൊപ്പം കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. 2006-07 സാമ്പത്തികവർഷത്തിൽ 5 കോടി രൂപ വകകൊള്ളിച്ചിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം തുകയൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. സ്കൂൾ തലത്തിൽ വളരെ ഉണർവ് ഉണ്ടാക്കിയ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കഴിഞ്ഞവർഷം വകയിരുത്തിയതുപോലെ 5 കോടി രൂപതന്നെ ഈ വർഷവും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

2202-02-800-72-(പ്ലാൻ) QEPR എന്ന ശീർഷകത്തിൽ 2006-2007-ൽ 5 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുകയിൽ ഒരു കോടി എഴുപത്തിയഞ്ചു ലക്ഷം മാത്രം ചെലവഴിച്ചു. 2007-08-ൽ അഞ്ചുകോടി രൂപ ആവശ്യപ്പെട്ടെങ്കിലും '2202-02-800-72' എന്ന ശീർഷകത്തിൽ തുക വകയിരുത്തിയില്ല. എന്നാൽ '2202-02-800-69' എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ QEPR പദ്ധതിക്കായി വകയിരുത്തുകയും ടി തുക പൂർണ്ണമായി ചെലവഴിക്കുകയും ചെയ്തു.

ശുപാർശ

2205-05-800-97—അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്

പ്ലസ് ടൂ വിദ്യാർത്ഥികൾക്കും മൂന്നുവർഷ ഡിഗ്രി കോഴ്സിന്റെ ഒന്നാം വർഷ വിദ്യാർത്ഥികൾക്കും മുന്നൂറ് രൂപ വീതവും രണ്ടും മൂന്നും വർഷ ഡിഗ്രി വിദ്യാർത്ഥികൾക്ക് 500 രൂപ വീതവും പി.ജി., എം.ഫിൽ., പി.എച്ച്.ഡി., എച്ച്.റ്റി.റ്റി.സി., ബി.എഡ്., എം.എഡ്., എന്നീ വിദ്യാർത്ഥികൾക്ക് മാസംതോറും 1000 രൂപ വീതവും നൽകുന്ന ഇനത്തിൽ 2 വർഷത്തെ കുടിശ്ശിക ഉണ്ട്. ആയതിനാൽ ഈ ഇനത്തിൽ പത്ത് ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2 വർഷത്തെ തുക കുടിശ്ശിക ഉള്ളതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്തിരുന്നു. തുടർ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിന്റെ ബഡ്ജറ്റ് വിഹിതം 22 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് നൽകിയിരുന്നു. കുടിശ്ശിക പൂർണ്ണമായും തീർപ്പാക്കാൻ കഴിഞ്ഞു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികം തുക ആവശ്യമായിവരുന്ന സാഹചര്യം നിലവിലില്ല.

ശുപാർശ

2205-00-102-81—സംഗീത കോളേജുകളിലെ യുവജനോത്സവം

സംഗീതകോളേജുകളിൽ യുവജനോത്സവം സംഘടിപ്പിക്കുന്നതിന് വകയിരുത്തിയിരിക്കുന്ന 10,000 രൂപ അപര്യാപ്തമായതിനാൽ ഈ തുക 50,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ തുക അപര്യാപ്തമായതിനാൽ 50,000 രൂപയായി വർദ്ധിപ്പിക്കാൻ സമിതി ശുപാർശ ചെയ്തിരുന്നു. തുടർ സാമ്പത്തിക വർഷങ്ങളിലെ

ബഡ്ജറ്റ് പ്രൊപ്പോസലുകളിൽ തുക അധികമായി ആവശ്യപ്പെട്ടതിനാൽ 2008-09 സാമ്പത്തികവർഷം തുക 40,000 രൂപയായും 2009-10 സാമ്പത്തിക വർഷം തുക 44,000 രൂപയായും 2010-11 സാമ്പത്തിക വർഷം തുക 50,000 രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

### ശുപാർശ

ജി. വി. രാജ സ്പോർട്സ് സ്കൂളുകളിലെ കുട്ടികളുടെ ഡയറ്റ് ചാർജ്, ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, വേതനം, ആഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി ഈ തുക നീക്കിവച്ചിരിക്കുന്നു. കഴിഞ്ഞ വർഷം 102.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടായിരുന്ന ഈ പദ്ധതിയേതരയിനത്തിൽ ഈ സാമ്പത്തിക വർഷം 94.3 ലക്ഷം രൂപയേ വകയിരുത്തിയിട്ടുള്ളു. നിലവിലുള്ള ഡയറ്റ് ചാർജ് ഒരു കുട്ടിയ്ക്ക് ഒരു ദിവസം 45 രൂപയിൽനിന്ന് 60 രൂപയായി വർദ്ധിപ്പിക്കണമെന്നതിനാൽ ഈയിനത്തിൽ 169.3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സർക്കാർ സ്വീകരിച്ച നടപടി

സ്പോർട്സ് സ്കൂളിലേയും സ്പോർട്സ് ഡിവിഷനിലേയും മെസ്സ് അലവൻസ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 25-7-2009-ലെ സ.ഉ. (സാധാ) നമ്പർ 3101/09/പൊ.വി. പ്രകാരം 45 രൂപയിൽ നിന്നും 65 രൂപയായും പിന്നീട് 15-6-11-ലെ സ.ഉ. (സാധാ) നമ്പർ 2229/11/പൊ.വി. പ്രകാരം 65 രൂപയിൽ നിന്നും 90 രൂപയായും ഉയർത്തിയിട്ടുണ്ട്. ഈയിനത്തിലെ ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

### ശുപാർശ

സ്പോർട്സിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് നൽകുന്ന സമ്മാനത്തുകയിനത്തിൽ മൂന്നുവർഷത്തെ കുടിശ്ശികയുള്ളതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 48 ലക്ഷം രൂപയും ഈ വർഷത്തെ ദേശീയ കായികമേള കേരളത്തിൽ നടത്തുന്നതിനായി തീരുമാനിച്ചിട്ടുള്ളതിനാൽ ഇതിന്റെ നടത്തിപ്പ് ചെലവിലേക്ക് 27 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സർക്കാർ സ്വീകരിച്ച നടപടി

സ്പോർട്സിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് നൽകുന്ന സമ്മാന തുകയുടെ കുടിശ്ശിക ഇനത്തിൽ നൽകുവാനുള്ള 41,80,000 (നാൽപത്തിയൊന്ന് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) 2010-2011-ലെ സാമ്പത്തിക വർഷത്തിൽ 2204-00-800-90 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ച 60,00,000 രൂപയിൽനിന്നും

ജില്ലകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2008-09-ലെ ദേശീയ കായിക മേളയുടെ നടത്തിപ്പിനായി ആവശ്യമായ തുക അതേ സാമ്പത്തികവർഷം തന്നെ 2204-101-96-34-06 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 30,00,000 (മുപ്പതുലക്ഷം രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ

കഴിഞ്ഞവർഷം പാഠപുസ്തകങ്ങൾ അച്ചടിച്ച പേപ്പറിന്റെ തുകയായ 17 കോടി രൂപ കുടിശ്ശിക ഉള്ളതിനാൽ ഈയിനത്തിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

കഴിഞ്ഞവർഷം (2008-09) പാഠപുസ്തകം അച്ചടിക്കുന്നതിനായി പേപ്പർ വാങ്ങിയ ഇനത്തിൽ കുടിശ്ശിക ഒന്നുംതന്നെ ഒരു മില്ലിനും നൽകാനില്ല. ആയതിനാൽ, 15 കോടി രൂപ അധികമായി വകയിരുത്തേണ്ടതില്ല. 17 കോടി രൂപ പാഠപുസ്തകങ്ങൾ അച്ചടിച്ച പേപ്പറിന്റെ കുടിശ്ശിക തുകയായി നൽകാനുണ്ടെന്നത് വസ്തുതാപരമായി ശരിയല്ല.

ശുപാർശ

വാട്ടർചാർജ് ഇനത്തിൽ 94,000 രൂപയാണ് ഈ വർഷം വകയിരുത്തിയിരിക്കുന്നത്. എന്നാൽ വെള്ളക്കരയിനത്തിൽ വാട്ടർ അതോറിറ്റിയിലേക്ക് 24 ലക്ഷം രൂപയുടെ കുടിശ്ശിക അടയ്ക്കേണ്ടതിനാൽ ഈ ആവശ്യത്തിലേക്കായി അധിക തുക വകയിരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

2202-02-108-99-05—വെള്ളക്കരം ഇനത്തിൽ അധികമായി 24 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. അധിക തുക അനുവദിച്ചിട്ടില്ല. കുടിശ്ശിക തുക പരീക്ഷാഭവന്റെ ബാങ്ക് അക്കൗണ്ടിലുള്ള തുകയിൽനിന്നും അടച്ചു തീർത്തിട്ടുണ്ട്.

ശുപാർശ

2205-00-105-99 (NP)

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ വികസനപ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയ 888.79 ലക്ഷം രൂപ അപര്യാപ്തമാകയാൽ 38,67,21,000/- രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2205-00-105-99 (P)

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് പദ്ധതിയിനത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 30 ലക്ഷം രൂപ നിലവിലുള്ള പദ്ധതി പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനു പോലും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈയിനത്തിൽ 70,00,000 രൂപകൂടി അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2205-00-105-98 (NP)

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നിലവിൽ വന്നപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ലോക്കൽ ലൈബ്രറി അതോറിറ്റികളെ അവയുടെ ആസ്തി ബാദ്ധ്യതകളോടുകൂടി ഏറ്റെടുക്കുകയുണ്ടായി. പഴയ എൽ.എൽ.എ., ജീവനക്കാരുടേയും പെൻഷൻകാരുടേയും മാസം തോറുമുള്ള ശമ്പളം, പെൻഷൻ തുടങ്ങിയവയ്ക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന 75ലക്ഷം രൂപയ്ക്കു പുറമേ 285 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32, 33, 34)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഭവസമാഹരണം നടക്കാത്തതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

കേന്ദ്രഗവൺമെന്റിന്റെ സാംസ്കാരിക വകുപ്പിന്റെകീഴിൽ കൊൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജാറാം മോഹൻറോയ് ലൈബ്രറി ഫൗണ്ടേഷൻ സംസ്ഥാനത്തെ ഗ്രന്ഥശാലകൾക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഫൗണ്ടേഷനിൽ അടയ്ക്കേണ്ട സംസ്ഥാന വിഹിതമായി അടച്ച തുകയിൽ ഗവൺമെന്റ് കൗൺസിലിന് റീ-ഇംപേഴ്സ് ചെയ്യുവാനുള്ള തുകയായ 290 ലക്ഷം രൂപ ഉൾപ്പെടെ 410 ലക്ഷം രൂപ ഈയിനത്തിൽ പുതിയൊരു ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

രാജാറാം മോഹൻറോയ് ലൈബ്രറി ഫൗണ്ടേഷനിൽ അടച്ച തുകയിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് റീ-ഇമ്പേഴ്സ് ചെയ്യാനുള്ള തുകയിൽ 2006-2007 മുതലുള്ള 2,00,00,000 (രണ്ടു കോടി രൂപ) അനുവദിച്ചുകൊണ്ട് ജി.ഒ. (ആർറ്റി.) 2062/2010/ഉ.വി.വ. തീയതി 25-10-2010 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശുപാർശ

എൻ.സി.സി.ക്ക് ക്യാമ്പുകൾ നടത്തുന്നതിനുവേണ്ടി ആക്കുളത്ത് സ്വന്തമായുള്ള രണ്ട് ഏക്കർ ഭൂമിയിൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കുവേണ്ടി 50 ലക്ഷം രൂപകൂടി പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

എൻ.സി.സി.ക്ക് ക്യാമ്പുകൾ നടത്തുന്നതിനായി ആക്കുളത്ത് ക്യാമ്പ് സൈറ്റ് നിർമ്മിക്കുന്നതിനായി 22-7-2010-ലെ 1469/2010/ഉ.വി.വ. ഉത്തരവ് പ്രകാരം 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ശുപാർശ

ഈ വകുപ്പിന്റെ ശരിയായ പബ്ലിസിറ്റി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്വഴികൂടി നടത്തുന്നതിന് 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

എൻ.സി.സി. വകുപ്പിന്റെ പബ്ലിസിറ്റി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്വഴികൂടി നൽകുന്നതിന് 30-8-2008-ലെ ജി.ഒ. (ആർറ്റി.) 1313/2008/ഉ.വി.വ. ഇപ്രകാരം 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

ഐ.എച്ച്.ആർ.ഡി.യുടെ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളുടേയും മോഡൽ പോളിടെക്നിക്കുകളുടേയും അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയായ 300 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 99 ലക്ഷം രൂപയും പ്രസ്തുത സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഫർണിച്ചർ, സ്ഥലം, ലബോറട്ടറി ഉപകരണങ്ങൾ, വാഹനം എന്നിവ വാങ്ങുന്നതിന് 471 ലക്ഷം രൂപയും അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന് പ്ലാൻ ഇനത്തിൽ 2007-2008 വർഷം 75 ലക്ഷം രൂപ അനുവദിച്ചിരുന്നത് 2007-2008, 2008-2009, 2009-2010 വർഷങ്ങളിൽ യഥാക്രമം 300 ലക്ഷം രൂപ, 425 ലക്ഷം രൂപ, 500 ലക്ഷം രൂപ എന്ന രീതിയിൽ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ

2203-00-800-88—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

2008-2009 വർഷത്തിൽ സെന്ററിന് കോളേജുകളിൽ വളരെ അടിയന്തിരമായി നടത്തേണ്ട വികസന പ്രവർത്തനങ്ങൾക്കും സർക്കാർ ഫീസ് സ്വാശ്രയ കോളേജുകളിൽ നടപ്പിലാക്കിയതിന്റെ നഷ്ടം നികത്തുന്നതിനും അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. സ്കെയിൽ നടപ്പിലാക്കിയതിൽ വന്ന കുടിശ്ശിക നൽകുന്നതിനുമായി ഇപ്പോൾ അനുവദിച്ച 100 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 355 ലക്ഷം രൂപ കൂടി ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

എൽ.ബി.എസ്. സെന്ററിന് ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 2008-2009 വർഷം മുതലാണ് ധനസഹായം നൽകി വരുന്നത്. 2008-2009 വർഷം 100 ലക്ഷം രൂപ

അനുവദിച്ചത് 2009-2010 വർഷത്തിൽ 150 ലക്ഷം രൂപയായി വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2008-2009 വർഷത്തെ 3-ാമത് സബ്ജക്ട് കമ്മിറ്റി ശുപാർശകൾക്ക് (ഖണ്ഡിക 40, 44) നൽകിയ മറുപടി പ്രസ്താവനയുടെ അടിസ്ഥാനത്തിലും ടി സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിൽ വർദ്ധനവ് വരുത്തിയിട്ടുള്ള സാഹചര്യത്തിലും 2008-2009 വർഷത്തെ സബ്ജക്ട് കമ്മിറ്റി ശുപാർശ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശുപാർശ

2008-2009 സാമ്പത്തികവർഷത്തേക്ക് വിവിധ സർവ്വകലാശാലകൾക്ക് ബഡ്ജറ്റിൽ ഗ്രാന്റായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള ഗ്രാന്റിൽ 12% വർദ്ധനവുകൂടി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശയിന്മേൽ സർവ്വകലാശാലകളുടെ പ്രൊപ്പോസലുകൾ ആവശ്യപ്പെട്ടിരുന്നു. പ്രൊപ്പോസലുകൾ പൂർണ്ണമായി ലഭിച്ചപ്പോൾ 2008-2009 സാമ്പത്തികവർഷവും അടുത്ത സാമ്പത്തികവർഷവും അവസാനിച്ചിരുന്നു. ഓരോ വർഷവും ഗ്രാന്റ് നിർണ്ണയിക്കുന്നതിനുള്ള സബ്കമ്മിറ്റി, ഹൈലെവൽ കമ്മിറ്റി എന്നിവ സർവ്വകലാശാല പ്രതിനിധികളുമായി ചർച്ച നടത്തി അവരുടെ ആവശ്യങ്ങൾക്കും സർക്കാരിന്റെ വിഭവലഭ്യതയ്ക്കും അനുസരിച്ചും ഉള്ള ഗ്രാന്റാണ് അനുവദിക്കുന്നത്. ഓരോ വർഷവും സർവ്വകലാശാലകൾക്കുള്ള ഗ്രാന്റിൽ ആനുപാതികമായ വർദ്ധനവ് വരുത്താറുണ്ട്.

ശുപാർശ

സ്വാതി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, കഥകളി പുരസ്കാരം, പല്ലാവൂർ അപ്പുമാരാർ പുരസ്കാരം, രാജാരവിവർമ്മ പുരസ്കാരം എന്നിവയ്ക്ക് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ അവാർഡ് ദാനവുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾക്കായി 20,000 രൂപ വീതം ഓരോയിനത്തിലും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

2008-2009 വർഷത്തെ അപേക്ഷിച്ച് സ്വാതി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, കഥകളി പുരസ്കാരം, പല്ലാവൂർ അപ്പുമാരാർ പുരസ്കാരം, രാജാരവിവർമ്മ പുരസ്കാരം എന്നിവയ്ക്ക് 2010-2011, 2011-2012 വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്.

ടി പുരസ്കാരങ്ങൾക്ക് 2008-2009, 2010-2011, 2011-2012 വർഷങ്ങളിൽ അനുവദിച്ച തുക താഴെ ചേർക്കുന്നു.

| പുരസ്കാരങ്ങൾ | 2008-2009 | 2010-2011 | 2011-2012 |
|---|---|---|---|
| കഥകളി പുരസ്കാരം | 1,10,000 | 1,20,000 | 1,30,000 |
| പല്ലാവൂർ അപ്പുമാരാർ പുരസ്കാരം | 1,10,000 | 1,20,000 | 1,30,000 |
| രാജാരവിവർമ്മ പുരസ്കാരം | 1,10,000 | 1,20,000 | 1,30,000 |
| സ്വാതി പുരസ്കാരം | 1,10,000 | 1,20,000 | 1,30,000 |
| എഴുത്തച്ഛൻ പുരസ്കാരം | 1,30,000 | 1,40,000 | 1,50,000 |

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

### ശുപാർശ

2202-03-103-81—വിദ്യാഭ്യാസത്തിൽ ഉന്നതപഠനത്തിനുള്ള സ്ഥാപനവും അദ്ധ്യാപക പരിശീലന കോളേജുകളും

തൃശൂരിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി-ഇൻ-എഡ്യൂക്കേഷൻ ഉൾപ്പെടെ സംസ്ഥാനത്തെ നാലു ട്രെയിനിംഗ് കോളേജുകൾക്കായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

### സർക്കാർ സ്വീകരിച്ച നടപടി

തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി-ഇൻ-എഡ്യൂക്കേഷൻ ഉൾപ്പെടെ സംസ്ഥാനത്തെ നാലു ട്രെയിനിംഗ് കോളേജുകൾക്കായി ഈ സാമ്പത്തിക വർഷം (2010-11) തുക വകയിരുത്തിയിട്ടില്ല. ട്രെയിനിംഗ് കോളേജുകളിൽ സെമിനാർ, വർക്ക്ഷോപ്പ് റിഫ്രഷർ കോഴ്സ് എന്നിവ നടത്തുന്നതിനും ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിനുമായി നാലു ട്രെയിനിംഗ് കോളേജുകൾക്കായി പദ്ധതിയിൽ 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കുന്നതിനുള്ള പ്രോപ്പോസൽ സമർപ്പിച്ചിരുന്നു. വിഭവ ലഭ്യതയുടെ പരിമിതി കാരണം പദ്ധതി അടങ്കൽ വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ലെന്ന് കണ്ട് നിലവിലുള്ള ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ നിർദ്ദിഷ്ട പദ്ധതിക്കായി അധികവിഹിതം കണ്ടെത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### ശുപാർശ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റും ഡെപ്യൂട്ടി ഡയറക്ടറേറ്റും കമ്പ്യൂട്ടർ സംവിധാനവും ഇന്റർനെറ്റ് സംവിധാനങ്ങൾ ഉൾപ്പെടെ ആധുനികവത്ക്കരിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റും ഡെപ്യൂട്ടി ഡയറക്ടറേറ്റും കമ്പ്യൂട്ടർ സംവിധാനവും ഇന്റർനെറ്റ് സംവിധാനങ്ങൾ ഉൾപ്പെടെ ആധുനിക വത്ക്കരിക്കുന്നതിനായി "2202-03-800-81" എന്ന ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപയും 2010-11 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപയും അനുവദിച്ചിരുന്നു. മേൽ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ഈ സാമ്പത്തിക വർഷം പദ്ധതിയിൽ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ വിഭവലഭ്യതയുടെ പരിമിതികാരണം പദ്ധതി അടങ്കൽ വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ലെന്നുകണ്ട് നിലവിലുള്ള ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ നിർദ്ദിഷ്ട പദ്ധതിക്കായി അധിക വിഹിതം കണ്ടെത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശുപാർശ

2205-00-105-99—(നോൺ പ്ലാൻ)

ലൈബ്രറികളുടെ ആധുനികവത്ക്കരണം, ജില്ലകൾക്കായുള്ള പ്രത്യേക പ്രോജക്ടുകൾ, ജീവനക്കാർക്കുള്ള പരിശീലനം, പുസ്തക ഗ്രാന്റ്, പ്രവർത്തക ഗ്രാന്റ്, ലൈബ്രേറിയന്റെ അലവൻസ്, താലൂക്ക് ലൈബ്രറി കൗൺസിൽ ഓർഗനൈസേഷൻ ചെലവുകൾ, ഗ്രന്ഥശാലകളുടെ പുനരുദ്ധാരണം തുടങ്ങിയ ചെലവുകൾക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 3087.34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഭവസമാഹരണം നടക്കാത്തതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല, എന്നാൽ 2009-2010 വർഷത്തെ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഓർഗനൈസേഷൻ ഗ്രാന്റിൽ 1,68,56,000 രൂപ (ഒരു കോടി അറുപത്തിയെട്ട് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം) ജൂലൈ മാസത്തെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2205-00-105-99—(പ്ലാൻ)

ഈയിനത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക നിലവിലുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഭവസമാഹരണം നടക്കാത്തതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

2205-00-105-98—(നോൺപ്ലാൻ)

ലൈബ്രറി കൗൺസിലിനുകീഴിലുള്ള ജീവനക്കാരുടെ പെൻഷൻ, ശമ്പളകുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നീ ചെലവുകൾ വഹിക്കുവാനുള്ള ഈ ശീർഷകത്തിൽ 285 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

അധിക വിഭവസമാഹരണം നടക്കാത്തതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

സംസ്ഥാനത്തെ എ, ബി ഗ്രേഡ് ഗ്രന്ഥശാലകൾ ഇന്റർനെറ്റ് സംവിധാനത്തോടെയുള്ള കമ്പ്യൂട്ടർവത്ക്കരണ പദ്ധതിക്കായി പ്രത്യേക ശീർഷകത്തിൽ 750 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ലൈബ്രറി കൗൺസിലിന്റെകീഴിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ വെൽഫയർ ലൈബ്രേറിയൻമാരുടെ ശമ്പളം, പെൻഷൻ, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുവാനായി 276 ലക്ഷം രൂപ പുതിയ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47, 48)

സർക്കാർ സ്വീകരിച്ച നടപടി

പ്രത്യേക ശീർഷകം/പുതിയ ശീർഷകം അനുവദിച്ചിട്ടില്ല. സംസ്ഥാന സർക്കാർ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായം ഒരു ബഡ്ജറ്റ് ശീർഷകത്തിൻകീഴിലാണ് സാധാരണ വകയിരുത്താറുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്ന വിവിധ പ്രവർത്തനങ്ങളും പരിപാടികളും സംസ്ഥാന ബഡ്ജറ്റിൽ സാധാരണയായി തരംതിരിച്ച് കാണിക്കാറില്ല. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് 13.50 കോടി രൂപയും പദ്ധതിപ്രവർത്തനങ്ങൾക്ക് 55 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ സഹായധനമായി 2011-12 ബഡ്ജറ്റിൽ 2205-00-105-99 ലൈബ്രറികൾ, ഗ്രന്ഥശാലാസംഘം, മുതലായവയ്ക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

കേന്ദ്ര സാംസ്കാരികവകുപ്പിന്റെ കീഴിൽ കൊൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജാറാം മോഹൻറോയ് ലൈബ്രറി ഫൗണ്ടേഷൻ സംസ്ഥാന ത്തെ ഗ്രന്ഥശാലകൾക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഫൗണ്ടേഷനിൽ അടയ്ക്കേണ്ട സംസ്ഥാന വിഹിതമായി അടച്ച തുകയിൽ ഗവൺമെന്റ് കൗൺസിലിന് റീ-ഇംപേഴ്സ് ചെയ്യുവാനുള്ള മുൻ വർഷങ്ങളിലെ കുടിശ്ശികയായ 390 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷത്തെ വിഹിതമായ 50 ലക്ഷം രൂപയും ഉൾപ്പെടെ 440 ലക്ഷം രൂപ പുതിയ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

രാജാറാം മോഹൻറോയ് ലൈബ്രറി ഫൗണ്ടേഷനിൽ അടച്ച വകയിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് റീ-ഇംപേഴ്സ് ചെയ്യാനുള്ള 2006-2007 മുതലുള്ള തുകയായ 2 കോടി രൂപ 25-10-2010-ലെ സ.ഉ. (സാധാ) 2062/2010/ഉ.വി.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2204-00-102-99—(പ്ലാൻ)

എൻ.സി.സി.യുടെ ശരിയായ പബ്ലിസിറ്റി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്വഴി നടത്തുന്നതിൽ ഗ്രൂപ്പൊന്നിന് 5 ലക്ഷം രൂപ വീതം മൊത്തം 25 ലക്ഷം രൂപ ആവശ്യമാണ്. ഇതിനായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

എൻ.സി.സി. വകുപ്പിന്റെ പബ്ലിസിറ്റിക്കായി 30-8-2008-ലെ ജി.ഒ.(ആർറ്റി.) നമ്പർ 1313/2008/ഉ.വി.വ. പ്രകാരം 25 ലക്ഷം രൂപ 30-8-2008 ഇപ്രകാരം ലഭിച്ചിട്ടുള്ള തിനാൽ ഈ ആവശ്യത്തിലേക്ക് അധികമായി തുക അനുവദിക്കേണ്ടതില്ലെന്ന് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശുപാർശ

4202-03-800-91

എൻ.സി.സി. ക്യാമ്പുകൾ നടത്തുന്നതിനുവേണ്ടി ആക്കുളത്ത് സ്വന്തമായുള്ള രണ്ട് ഏക്കർ ഭൂമിയിൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 384.70 ലക്ഷം രൂപയുടെ വർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾക്കായി 50,000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും എസ്റ്റിമേറ്റിന്റെ 20% തുകയില്ലാത്തതിനാൽ കെട്ടിടം പണി സാധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 50 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

ആക്കുളത്ത് സ്വന്തമായുള്ള 2 ഏക്കർ ഭൂമിയിൽ കോംപ്ലക്സ് പണിയുന്നതിന് 22-7-2010-ലെ ജി.ഒ.(ആർറ്റി.) നമ്പർ 1469/2010/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുക ലഭിക്കാനുള്ള ശുപാർശ 2011-12 വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ശുപാർശ

2203-00-800-97—കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം

അനൗപചാരിക രീതിയിൽ വിനോദത്തിലൂടെ ശാസ്ത്രവിജ്ഞാനം സമൂഹത്തിന് പകർന്നുകൊടുക്കുകയെന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിനായി നിലവിലുള്ള യൂണിറ്റിനു പുറമേ രണ്ട് സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശന യൂണിറ്റുകളുടെ നിർമ്മാണം, സമ്മർ വെക്കേഷൻ ക്ലാസുകൾ, വാന നിരീക്ഷണ സംരംഭങ്ങൾ, ടാലന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം, വിനോദ ശാസ്ത്ര സംരംഭങ്ങളായ ലെയ്സേറിയം, ത്രില്ലേറിയം, കോക്പിറ്റ് സിമുലേറ്റർ, സ്പെയ്സ് ഗ്യാലറിയുടെ നിർമ്മാണം നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 656 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

## സർക്കാർ സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് പ്ലാൻ വിഹിതമായി 100 ലക്ഷം രൂപ 2203-00-800-97 ശീർഷകത്തിൽ വകയിരുത്തിയിരുന്നു. കൂടാതെ ഒറ്റത്തവണയായുള്ള അധിക കേന്ദ്രസഹായമായി 200 ലക്ഷം രൂപയും 2203-00-800-79 ശീർഷകത്തിൽ വകയിരുത്തിയിരുന്നു. ഇപ്രകാരം ആകെ 300 ലക്ഷം രൂപ പ്ലാൻ ഫണ്ടായി മ്യൂസിയത്തിന് അനുവദിച്ചിരുന്നു. ഈ സാഹചര്യത്തിൽ മ്യൂസിയത്തിന് 656 ലക്ഷം രൂപ പ്ലാൻ വിഹിതമായി അധികമായി അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പൂർണ്ണമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

## ശുപാർശ

വിപുലവും ആശാവഹവുമായ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ആവശ്യമായ മാനവശേഷിയും പശ്ചാത്തല സൗകര്യങ്ങളും നിലനിർത്തുന്നതിൽ പ്രതിസന്ധി നേരിടുന്നതിനാൽ അനെർട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി പദ്ധതിയേതര ഇനത്തിൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

## സർക്കാർ സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതം 394.08 ലക്ഷം രൂപയാക്കുന്നതിനുള്ള പ്രൊപ്പോസൽ അനെർട്ട് ഡയറക്ടർ നൽകുകയും അതിൻപ്രകാരം പുതിയ സാമ്പത്തിക വർഷം 185.26 ലക്ഷം രൂപ പദ്ധതിയേതര വിഹിതത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2010-2011

## ശുപാർശ

2202-02-800-62—രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.)

75-25 ശതമാനമെന്ന നിലയിൽ കേന്ദ്രസഹായം ലഭിക്കുന്ന രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിക്ക് 150 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായാണ് പ്രാഥമിക റിപ്പോർട്ടുകൾ. ഇതിന്റെ 25% സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായ 38 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

## സർക്കാർ സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം ആർ.എം.എസ്.എ. പദ്ധതിക്ക് കേന്ദ്ര സർക്കാർ റിലീസ് ചെയ്ത കേന്ദ്ര വിഹിതത്തിനാനുപാതികമായ സംസ്ഥാന വിഹിതം ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ യഥാസമയം അഡീഷണൽ ആതറൈസേഷൻ മുഖേനയും റീ-അപ്രോപ്രിയേഷൻ മുഖേനയും ലഭ്യമാക്കിയിട്ടുണ്ട്.

2010-2011 വർഷത്തേക്ക് ആർ.എം.എസ്.എ. പദ്ധതിക്കായി 122.51 കോടി രൂപയ്ക്കുള്ള പ്രൊപ്പോസലാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഇതിൽ 91.88 കോടി രൂപയാണ് കേന്ദ്ര വിഹിതം (75%). സംസ്ഥാന വിഹിതം 30.62 കോടി രൂപയാണ് (25%). 2010-2011 സാമ്പത്തിക വർഷത്തെ പദ്ധതി പ്രൊപ്പോസലിന് 2011 ഫെബ്രുവരി മാസമാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയത്. തുടർന്ന് ആദ്യത്തെ ഗഡു കേന്ദ്ര വിഹിതവും റിലീസ് ചയ്തിട്ടുണ്ട് (5.84 കോടി രൂപ). ആയതിന് ആനുപാതികമായ സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ശുപാർശ

2202-02-112-99—ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം

2009-2010 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ അനുവദിച്ച 10 കോടി രൂപ സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂൾ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുവാൻ അപര്യാപ്തമാണെന്ന കാരണത്താൽ ചെലവഴിക്കാത്ത സ്ഥിതിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത് സാങ്കേതിക കാരണത്താൽ ഉച്ചഭക്ഷണ പദ്ധതി ഉയർന്ന ക്ലാസ്സുകളിൽകൂടി ഫലപ്രദമായി വ്യാപിപ്പിക്കുവാൻ കഴിയാതെപോയത് നീതീകരിക്കുവാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു. ഹൈസ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി ഒരു ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമെന്നവിധത്തിൽ നടപ്പിലാക്കുവാൻവേണ്ട നടപടി അടിയന്തിരമായി സ്വീകരിച്ച് ഇതിനാവശ്യമായ തുക ഈ സാമ്പത്തിക വർഷംതന്നെ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

ഉച്ചഭക്ഷണ പരിപാടി 9, 10 ക്ലാസ്സുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനുവേണ്ട അധിക ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചുനൽകാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

കലകളിൽ താത്പര്യവും എന്നാൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ സ്കൂൾ കുട്ടികളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ഈ സാമ്പത്തിക വർഷത്തെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

മുൻവർഷങ്ങളിൽ ചെലവഴിച്ച തുകയും നടപ്പുവർഷം നവംബർ മാസം വരെ ചെലവഴിച്ച തുകയും പരിശോധിച്ചതിൽ ഈ പദ്ധതിക്ക് കൂടുതൽ തുക ആവശ്യമില്ലെന്ന് കണ്ടെത്തിയതിനാൽ കൂടുതൽ നടപടി സ്വീകരിച്ചിട്ടില്ല.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (In lakhs) | ചെലവഴിച്ച തുക (In lakhs) |
|---|---|---|
| 2007-2008 | 30.00 | 10.34 |
| 2008-2009 | 30.00 | 20.79 |
| 2009-2010 | 40.00 | 19.62 |
| 2010-2011 (upto 11/2010) | 40.00 | 10.00 |

ശുപാർശ

2202-05-200-99—റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള അംശദാനവും ഇംഗ്ലീഷ് അദ്ധ്യാപന പരിശീലന കേന്ദ്രങ്ങൾ സംഘടിപ്പിക്കുന്നതിനും

ഇംഗ്ലീഷ് ഭാഷാദ്ധ്യാപന പരിശീലനം നൽകുന്ന ബാംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുന്ന അംശദാനത്തിനുവേണ്ടിയാണ് ഈ തുക വിനിയോഗിക്കുന്നത്. 2010-2011 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 22 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത തുക 40 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

ബാംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന് അംശദാനമായി നൽകിവരുന്ന തുക വർദ്ധിപ്പിക്കാൻ സംസ്ഥാനത്തിന്റെ പരിമിതമായ വിഭവലഭ്യതമൂലം ഇപ്പോൾ നിർവ്വാഹമില്ല.

ശുപാർശ

2009 മാർച്ച് മുതൽ ഹയർ സെക്കന്ററി ഒന്നാം വർഷ പരീക്ഷ രണ്ടാം വർഷ പരീക്ഷയുടെ മാതൃകയിൽ നടത്തുവാൻ തീരുമാനിക്കുകയും തത്ഫലമായി പരീക്ഷാ ചെലവ് വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ രഹസ്യ സേവനം എന്ന ശീർഷക ത്തിൽ 84 ലക്ഷം രൂപയും ഡയറക്ടറേറ്റിന്റെ പ്രവർത്തനത്തിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 20 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ഹയർ സെക്കണ്ടറി പരീക്ഷാ നടത്തിപ്പിനായി അൻപത് ലക്ഷം രൂപ അധിക മായി അനുവദിച്ചു. കൂടാതെ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിനുവേണ്ടി പുതിയ വാഹനം വാങ്ങുന്നതിന് ധനപുനർവിനിയോഗംവഴി അഞ്ചുലക്ഷം രൂപയും അനുവദിച്ചു.

ശുപാർശ

സംസ്ഥാനത്തുടനീളമുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഓഡിറ്റ് പരിശോധനയ്ക്കായി 3 ലക്ഷം രൂപയും ടെലിഫോൺ ചാർജ്ജിനത്തിൽ 50,000 രൂപയും കറന്റ് ചാർജ്ജിനത്തിൽ 50,000 രൂപയും മോട്ടോർ വാഹനങ്ങൾക്കായി 60,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 60,000 രൂപയും മറ്റിനങ്ങൾക്കായി 60,000 രൂപയും ദിവസവേതന നിരക്കിൽ ഡ്രൈവർമാർക്ക് വേതനം നൽകുന്നതിനായി 1,77,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള വിഹിതം പൂർണ്ണമായി ഉപയോഗിച്ചതിനുശേഷം അധിക തുക ആവശ്യമാകുകയാണെങ്കിൽ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഹയർ സെക്കന്ററി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശുപാർശ

സാമൂഹ്യക്ഷേമ പദ്ധതിയുടെ ഭാഗമായി ഹയർ സെക്കന്ററി സ്കൂളുകളിലെ ദാരിദ്ര്യരേഖയ്ക്കും താഴെ വരുമാനമുള്ള കുടുംബങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 5000 രൂപ മൂല്യമുള്ള സ്കോളർഷിപ്പുകൾ നൽകിവരുന്ന ഈ പദ്ധതിയിൽ 37 ഹയർ സെക്കന്ററി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഖണ്ഡികയിലെ ശുപാർശ പദ്ധതിയിനത്തിൽപ്പെടുന്നവ ആയതിനാൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി ആവശ്യമായിവന്നു. ആയത്

ലഭ്യമാക്കിയെങ്കിലും ധനാഭ്യർത്ഥന XVII-ൽ 2010-11 വർഷം 48.02 കോടി രൂപ ധനപുനഃക്രമീകരണത്തിലൂടെ ക്രമീകരിക്കുവാൻ അവശേഷിച്ചതിനാലും, 2010-11 സാമ്പത്തിക വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയും കഴിഞ്ഞ സാഹചര്യത്തിലും അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കേരളത്തിലാകെ 735 ഹയർ സെക്കണ്ടറി സ്കൂളുകളിലായി ഏഴര ലക്ഷത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നു. വിദ്യാർത്ഥികൾക്ക് ഈ പ്രായത്തിൽ വിദ്യാഭ്യാസത്തോടൊപ്പം കൗമാര കൗൺസിലിംഗ് അത്യാവശ്യഘടകമാണെന്ന് സമിതി കരുതുന്നു. വളരെ ബൃഹത്തായതും അത്യാവശ്യമായതുമായ ഈ പദ്ധതിക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്നത് 20 ലക്ഷം രൂപ മാത്രമാണ്. പ്രസ്തുത തുക ഈ പദ്ധതി വിജയകരമാക്കി തീർക്കുവാൻ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം കൗമാര കൗൺസിലിംഗിനായി 20 ലക്ഷം രൂപ അനുവദിച്ചതിൽ 9,56,250 രൂപ ചെലവഴിച്ചു. 10,43,750 രൂപ സറണ്ടർ ചെയ്ത സാഹചര്യത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി എന്നിവയുടെ അവസ്ഥ വളരെ അപര്യാപ്തവും പരിതാപകരവുമാണെന്നും ഏറെ അടിയന്തിര പ്രാധാന്യം നൽകേണ്ട ഒരു മേഖലയാണിതെന്നും സമിതി ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലബോറട്ടറി, ഉപകരണങ്ങൾ, ലൈബ്രറി, ഫർണിച്ചർ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 6 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ്, ലൈബ്രറികൾ, അടിസ്ഥാന സൗകര്യം എന്നിവയുടെ വികസനത്തിനായി 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 686 ലക്ഷം രൂപ അനുവദിച്ചു. സാമ്പത്തിക വർഷത്തിന്റെ മൂന്നിൽ രണ്ട് ഭാഗം കഴിഞ്ഞ സാഹചര്യത്തിൽ അധിക തുക അനുവദിച്ചാൽ ജോലികൾ പൂർത്തിയാക്കുന്നതിനുള്ള സമയം പരിമിതമാണെന്നും ആയതിനാൽ പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കണമെന്ന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിനാൽ അധിക തുക അനുവദിച്ചില്ല.

ശുപാർശ

2205-00-105-97—കേരള സംസ്ഥാന സെൻട്രൽ ലൈബ്രറി

സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ നടത്തിപ്പിനായുള്ള തുക വർദ്ധിപ്പിച്ചതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമെ 8,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നടത്തിവരുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ നടത്തിപ്പിനായി 2010-11 സാമ്പത്തിക വർഷം 8,000 രൂപകൂടി അധികമായി അഡീഷണൽ ഓതറൈസേഷൻവഴി 2-11-2010-ലെ സ.ഉ.(ആർടി.) 7973/2010/ഫിൻ. പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ

2204-00-102-90—നാഷണൽ സർവ്വീസ് സ്കീം

എൻ.എസ്.എസ്. വോളന്റിയർമാരുടെ നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനും അവരിൽ സ്വാശ്രയ ബോധം, സ്വതന്ത്രചിന്ത, ഉയർന്ന ദേശീയബോധം, മതനിരപേക്ഷത, ശക്തമായ മൂല്യബോധം എന്നിവ ഉയർത്തുന്നതിനും, ദേശീയ പുനർനിർമ്മാണ പ്രക്രിയ യിൽ പങ്കാളികൾ ആക്കുന്നതിന്റേയും ഭാഗമായി ജില്ലാതല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 37.38 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്നുപയോഗത്തിന് എതിരെ വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനായി യൂണിറ്റ്തല പരിപാടികൾ സംഘടിപ്പിക്കുന്നതിന് 55.05 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32, 33)

സർക്കാർ സ്വീകരിച്ച നടപടി

എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൺ ഓഫീസർ സമർപ്പിച്ചിരുന്ന എൻ.എസ്.എസ്. വോളന്റിയർമാരുടെ നേതൃശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന് എതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുള്ള ആന്റി ഡ്രഗ് കാമ്പയിൻ എന്നീ പ്രൊപ്പോസലുകൾ ശുപാർശ ചെയ്ത് തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരുന്നു. എന്നാൽ ടി പദ്ധതികൾ കേന്ദ്ര സർക്കാരിന്

സമർപ്പിച്ച് അംഗീകാരം ലഭിച്ച്, സഹായം അനുവദിക്കുന്നമുറയ്ക്ക് മാത്രമേ അധിക തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ പദ്ധതികളുടെ അംഗീകാരം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള വ്യക്തവും വിശദവുമായ പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൺ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസലുകൾ ലഭ്യമായാലുടൻ തന്നെ ആയതു പരിശോധിച്ച് ശുപാർശ സഹിതം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

ശുപാർശ

"4202-03-800-91"

തിരുവനന്തപുരം എയർപോട്ടിൽ പുതിയ ഹാംഗറിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്ന ചങ്ങനാശ്ശേരിയിലെ ബോട്ട് ഹൗസ് നിർമ്മാണത്തിനായും, സ്ഥിരം ക്യാമ്പ് സൈറ്റ് നിർമ്മാണത്തിനായും വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ ഹാംഗർ നിർമ്മാണത്തിനായി റീഅലോട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരത്തെ എൻ.സി.സി. ഹാംഗറിന്റെ നിർമ്മാണത്തിനായി 31-7-2010 -ലെ ജി.ഒ. (ആർടി.) 1552/2010/ഉ.വി.വ. പ്രകാരം 2010-2011-ൽ "4202-03-800-91" ശീർഷകത്തിൽ 13,20,000 രൂപ വകകൊള്ളിച്ചിരുന്നത് അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാംഗർ നിർമ്മാണത്തിനാവശ്യമായ ബാക്കി തുക 2011-2012-ലെ വാർഷിക പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്താനും നടപടി കൈക്കൊണ്ടിട്ടുണ്ട്.

ശുപാർശ

യാത്രാബത്ത ഇനത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിതര ഇനത്തിൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

യാത്രാബത്തയിനത്തിൽ അപര്യാപ്തമായ തുക റീഅപ്രോപ്രിയേഷൻ വഴി കണ്ടെത്തുവാൻ കഴിയുമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ അറിയിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ അധികതുക വകയിരുത്തേണ്ടതില്ല.

ശുപാർശ

2203-00-800-97—ശാസ്ത്ര സാങ്കേതിക മ്യൂസിയം

മ്യൂസിയത്തിലെ പ്ലാനറ്റോറിയം പ്രൊജക്ഷൻ സിസ്റ്റത്തിന് 23 വർഷത്തെ പഴക്കമുണ്ട്. കാലഹരണപ്പെട്ട സാങ്കേതികവിദ്യ നവീകരിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലാനറ്റോറിയത്തിന്റെ പ്രൊജക്ഷൻ സിസ്റ്റം നവീകരിക്കുന്നതിനായി 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഗ്യാലറികൾ, ലബോറട്ടറികൾ, വർക്ക്ഷോപ്പ്, യൂത്ത് ഹോസ്റ്റൽ തുടങ്ങിയവയ്ക്കായുള്ള കെട്ടിടനിർമ്മാണത്തിന് 250 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38, 39)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതികാരണം ഈ സാമ്പത്തികവർഷം പദ്ധതികൾക്ക് അധികതുക അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുന്നു.

ശുപാർശ

2203-00-800-91—ദൃശ്യ-ശ്രാവ്യ റിപ്രോഗ്രാഫിക് സെന്റർ ധനസഹായം

സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പദ്ധതിയിനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1450 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

ദൃശ്യ-ശ്രാവ്യ റിപ്രോഗ്രാഫിക് സെന്റർ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമായതിനാൽ സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതി കാരണം നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികമായി തുക അനുവദിക്കുന്നകാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. ഈ സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ ഈ ശുപാർശ നടപ്പിലാക്കുവാൻ സാധിക്കുകയില്ല.

ശുപാർശ

കേരളത്തിലെ യുവജനങ്ങളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനുള്ള തുടർ വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുക എന്ന സെന്ററിന്റെ ലക്ഷ്യ സാക്ഷാത്കാരത്തിനായി വിഭാവനം ചെയ്തിട്ടുള്ള വിവിധ പദ്ധതികൾക്കായി പദ്ധതിയിനത്തിൽ 286.40 ലക്ഷം രൂപയും പദ്ധതിയിതര ഇനത്തിൽ 50 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

തുടർവിദ്യാഭ്യാസ കേന്ദ്രം കേരളയുടെ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ ഒരു കോടി രൂപ നൽകാൻ പ്രൊപ്പോസൽ സമർപ്പിക്കാൻ തുടർവിദ്യാഭ്യാസ കേന്ദ്രം കേരളയുടെ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പദ്ധതിയിതര ഇനത്തിൽ തുടർവിദ്യാഭ്യാസ കേന്ദ്രത്തിന് ഗ്രാന്റ് നൽകുന്നകാര്യം ഔപചാരികമായി തീരുമാനിച്ചിട്ടില്ല. മാത്രമല്ല തുടർവിദ്യാഭ്യാസ കേന്ദ്രം കേരള, സ്വാശ്രയ സ്വഭാവമുള്ള സ്ഥാപനമായതിനാൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പദ്ധതിയിതരയിനത്തിൽ ഗ്രാന്റ് അനുവദിക്കാൻ കഴിയില്ല.

ശുപാർശ

2203-00-800-80—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി

എൽ.ബി.എസ്. സെന്ററിന്റെ വികസന പ്രവർത്തനങ്ങളായ കെട്ടിടനിർമ്മാണങ്ങളും അറ്റകുറ്റപ്പണികളും, അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തൽ, ലാബുകളുടേയും ലൈബ്രറികളുടേയും വികസനം, നിർമ്മാണ വിഭാഗത്തിന്റെ സ്ഥാപിക്കൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 624.72 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു. കൂടാതെ മുൻവർഷങ്ങളിൽ അനുവദിച്ചപോലെ 1.50 കോടി രൂപ 2011-12 വർഷത്തേക്കുള്ള ബഡ്ജറ്റിലും വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുന്നു.

ശുപാർശ

2202-05-102-96

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടനിർമ്മാണം, പുസ്തക നിർമ്മാണം ആധുനികവൽക്കരണം, ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഖ്യാപിത ലക്ഷ്യമായ അക്കാദമിക് പഠന ഗവേഷണം പുനരാരംഭിക്കൽ തുടങ്ങിയ വിവിധ പദ്ധതികൾക്കായി പദ്ധതി വിഹിതത്തിൽ 1 കോടി രൂപയും പദ്ധതിയിതര വിഹിതത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പുവർഷത്തെ വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ, വിഭവലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് കൂടുതൽ വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.

<u>ശുപാർശ</u>

2202-09-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി

വായനാശീലം വളർത്തിയെടുക്കുക, ആവശ്യകതയെ ആസ്പദമാക്കി ആഴമുള്ള വായനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക തുടങ്ങിയ വിവിധ ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് എറണാകുളത്ത് അന്താരാഷ്ട്ര പുസ്തകമേള നടത്തുന്നതിനും പുതിയ നാല് ശാഖകൾ തുറക്കുന്നതിനും കേന്ദ്ര ഓഫീസ് നിർമ്മാണത്തിനും ഇപ്പോൾ അനുവദിച്ച വിഹിതത്തിനു പുറമേ പദ്ധതിയിനത്തിൽ 1 കോടി 13 ലക്ഷം രൂപയും പദ്ധതിയിതര യിനത്തിൽ 25 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് 2010-11-ൽ പദ്ധതിയിനത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2009-10-ലെ സൊസൈറ്റിയുടെ വിഹിതത്തേക്കാൾ 30% ൽ അധികം വർദ്ധനവ് പദ്ധതിയിനത്തിൽ 2010-11-ൽ ഉണ്ടായിട്ടുണ്ട്. നിർദ്ദേശി ച്ചിട്ടുള്ള 2010-11-ലെ പദ്ധതിവിഹിതത്തിലെ വർദ്ധനവ് നിലവിലുള്ള സാഹചര്യത്തിൽ അംഗീകരിക്കാൻ നിർവ്വാഹമില്ല.

<u>ശുപാർശ</u>

കേരളത്തിലെ ക്ലാസിക്കൽ കലകളുടെ ഉന്നമനത്തിനും പരിശീലനത്തിനും വേണ്ടി നിലകൊള്ളുന്ന കേരള കലാമണ്ഡലത്തിൽ യു.ജി.സി. നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാ ക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടിയ അക്കാദമിക്ക് ബ്ലോക്ക്, ആഡിറ്റോറിയം, ഹെൽത്ത് സെന്റർ എന്നിവ അടിയന്തിരമായി നിർമ്മിക്കുന്നതിനും വിദേശവിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ആധുനിക സൗകര്യങ്ങളുള്ള റിസർച്ച് ആന്റ് ലൈബ്രറി സെന്റർ, സ്റ്റേഡിയം കം ഡോക്യുമെന്റേഷൻ സെന്റർ, പുതിയ ബോയ്സ് ഹോസ്റ്റൽ, പുതിയ കളരികൾ എന്നിവ നിർമ്മിക്കുന്നതിനായി പദ്ധതിയിനത്തിൽ 6 കോടി രൂപയും അദ്ധ്യാപകർക്ക് യു.ജി.സി. നിരക്കിൽ ശമ്പളം കൊടുക്കുന്നതുൾപ്പെ ടെയുള്ള വിവിധ ആവശ്യങ്ങൾക്കായി പദ്ധതിയിതരയിനത്തിൽ 6 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള കലാമണ്ഡലത്തിന് മുൻ വർഷം പദ്ധതി വിഹിതം 170 ലക്ഷം രൂപയായി രുന്നത് നടപ്പുവർഷം 525 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ വിഭവലഭ്യ തയുടെ പശ്ചാത്തലത്തിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

ശുപാർശ

സാംസ്ക്കാരിക പരിപാടികൾ, സാഹിത്യ അക്കാദമി സുവർണ്ണ ജൂബിലി മന്ദിരനിർമ്മാണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 175 ലക്ഷം രൂപയും പദ്ധതി യിതരയിനത്തിൽ 29.5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

കേരള സാഹിത്യ അക്കാദമിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി യിനത്തിൽ 70 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. 2010-2011 വർഷം ടി വിഹിതം 125 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വിഭവലഭ്യത പരിമിതമായ സാഹചര്യത്തിൽ അനുവദിച്ചിട്ടുള്ള വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ട തിനാൽ കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശുപാർശ

സംഗീത നാടക അക്കാദമി ഓരോ വർഷവും നടത്തിവരാറുള്ള പദ്ധതികൾ, അന്താരാഷ്ട്ര നാടകോത്സവം എന്നിവയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംഗീത നാടക അക്കാദമിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. 2010-2011 വർഷം ടി വിഹിതം 125 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വിഭവലഭ്യത പരിമിതമായ സാഹചര്യ ത്തിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശുപാർശ

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള ചിത്രാഞ്ജലി തിയേറ്ററുകളുടെയും സ്റ്റുഡിയോയുടെയും നവീകരണം, വിപുലീകരണം, കൂടാതെ ഒരു വിവിധോദ്ദേശ തിയേറ്റർ സമുച്ചയനിർമ്മാണം എന്നിവയ്ക്കായി ഇപ്പോൾ അനുവദി ച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 8369 ലക്ഷം രൂപയും ചലച്ചിത്ര വ്യവസായം പ്രോൽസാഹിപ്പിക്കൽ എന്ന ശീർഷകത്തിൽ പദ്ധതിയിതര യിനത്തിൽ 484 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാന സർക്കാരിന്റെ വിഭവലഭ്യത പരിഗണിക്കുമ്പോൾ ഇപ്പോൾ അനുവദിച്ചിരിക്കുന്ന സഹായത്തിന് പുറമേ അധികമായി തുക അനുവദിക്കുന്നത് പരിഗണിക്കാൻ കഴിയുകയില്ല.

<u>ശുപാർശ</u>

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ എന്ന സ്ഥാപനത്തിന് പദ്ധതിയിതര ഇനത്തിൽ ലഭിക്കുന്നത് വാർഷിക ഗ്രാന്റായ 10 ലക്ഷം രൂപ മാത്രമാണ്. പ്രവർത്തന പരിധിയുടെ വർദ്ധനവും പൊതുചെലവിന്റെ വർദ്ധനവും നിമിത്തം ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഇതു തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 2004-ൽ നിശ്ചയിച്ച നിലവിലുള്ള വാർഷിക ഗ്രാന്റ് 25 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

9-8-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 45/11/സി.എ.ഡി. പ്രകാരം കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ-ന് ലഭിച്ചുകൊണ്ടിരിക്കുന്ന വാർഷിക ഗ്രാന്റ് 15,00,000 ആയി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

2205-00-102-82—<u>തിരുവനന്തപുരം ഭാരത്ഭവൻ ധനസഹായം</u>

ഭാഷ, പ്രാദേശികത, പാരമ്പര്യം എന്നിവയ്ക്കുപരിയായി സംസ്ഥാനങ്ങളെ തമ്മിൽ സാംസ്കാരികമായി കൂട്ടിയിണക്കി ദേശീയത കാത്തുസൂക്ഷിക്കുക എന്ന പരമമായ ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഭാരത്ഭവന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതത്തിനു പുറമേ പദ്ധതിയിനത്തിൽ 23.50 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 7.80 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഭാരത്ഭവന് നടപ്പുസാമ്പത്തിക വർഷം 5 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. 2010-2011-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതിൽ ശേഷിച്ചിരുന്ന തുകയായ 10 ലക്ഷം രൂപ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 2010 ജൂലൈയിലെ ഉപധനാഭ്യർത്ഥന മുഖേന അനുവദിച്ചിട്ടുണ്ട്.

ശുപാർശ

കേരള നാടൻകലാ അക്കാദമി 2010-2011 വർഷത്തിൽ പുതുതായി സ്ഥാപിക്കുന്ന ആർക്കൈവ്സ്, കലാഗ്രാമം, ആർട്ട് ഗ്യാലറി തുടങ്ങിയവയ്ക്കായി 60 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള വിഭവലഭ്യത കണക്കിലെടുത്ത് നാടൻ കലാഅക്കാദമിക്ക് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

ശുപാർശ

സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്ന സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും നൽകുന്ന കലാകാര പെൻഷൻ കൂടുതൽ കലാകാരൻമാർക്ക് അനുവദിക്കുന്നതിനായി 2205-00-102-87 (പദ്ധതിയിതരം) എന്ന കണക്ക് ശീർഷകത്തിൽ 10 ലക്ഷം രൂപ അധികവിഹിതമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതിയിൻകീഴിൽവരുന്ന ഗുണഭോക്താക്കളുടെ എണ്ണം മരണം മൂലവും, കലാകാരൻമാരുടെ സമഗ്രക്ഷേമം മുൻനിർത്തി കലാകാര ക്ഷേമനിധി രൂപീകരിച്ച് എല്ലാവർക്കും പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവന്നതിനാലും 2010-11 സാമ്പത്തിക വർഷത്തിൽ കൂടുതൽപേർക്ക് പെൻഷൻ നൽകുവാൻ കഴിഞ്ഞില്ല. 2205-00-102-87 (പദ്ധതിയിതരം) എന്ന കണക്ക് ശീർഷകത്തിൽ 2010-11 വർഷത്തിൽ വകയിരുത്തിയ തുക പെൻഷൻ നൽകുന്നതിന് മതിയാകുമെന്നതിനാൽ കൂടുതൽതുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

അശരണരും രോഗബാധിതരുമായ കലാകാരൻമാർക്കും സിനിമാ, ടി.വി. സീരിയൽ കലാകാരൻമാർക്കും അടിയന്തിര ചികിത്സാസഹായം നൽകുന്ന പദ്ധതിപ്രകാരം കൂടുതൽപേർക്ക് ചികിത്സാ സഹായം നൽകുന്നതിനായി 2205-00-102-67 (പദ്ധതിയിതരം) എന്ന കണക്ക് ശീർഷകത്തിൽ 5 ലക്ഷം രൂപ അധികവിഹിതമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

അശരണരും രോഗബാധിതരുമായ കലാകാരൻമാർക്കും സിനിമാ, ടി.വി. സീരിയൽ കലാകാരൻമാർക്കും അടിയന്തിര ചികിത്സാ സഹായം നൽകുന്ന പദ്ധതിപ്രകാരം കൂടുതൽപേർക്ക് ചികിത്സാ സഹായം അനുവദിക്കുന്നതിനായി 2010-2011 സാമ്പത്തിക വർഷത്തിൽ രണ്ട് തവണകളായി 2205-00-102-67 (പദ്ധതിയിതരം) എന്ന കണക്ക് ശീർഷകത്തിൽ 7,82,879 രൂപ അധികവിഹിതം അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2205-00-104-99—സംസ്ഥാന പുരാതന ഗ്രന്ഥശേഖരം

സംരക്ഷണവും ആർക്കൈവൽ ബോധവൽക്കരണ പരിപാടികൾ, റിപ്രോഗ്രാഫിക് സേവനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 111 ലക്ഷം രൂപയും പദ്ധതിയിതരയിനങ്ങൾക്കായി 72.60 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ അധിക തുക അനുവദിക്കാനുള്ള നിർദ്ദേശം അംഗീകരിക്കാനാവില്ല എന്ന് അറിയിക്കുന്നു.

## സബ്ജക്ട് കമ്മിറ്റി X(ആഭ്യന്തരകാര്യങ്ങൾ)-ൽ നിന്നും കൈമാറി ലഭിച്ച റിപ്പോർട്ടുകൾ - ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2001-2002

ശുപാർശ

സാംസ്കാരിക മൂല്യമുള്ള ഗ്രന്ഥങ്ങളുടെയും മറ്റും പ്രസിദ്ധീകരണത്തിനായി 2001-02 സാമ്പത്തിക വർഷം ഈ ശീർഷകത്തിൻകീഴിൽ വകയിരുത്തിയിട്ടുള്ള 20.00 ലക്ഷം രൂപ സാംസ്കാരിക വകുപ്പ് നടത്തുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് തീർത്തും അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആകയാൽ ഉചിതമായ മാർഗ്ഗത്തിലൂടെ തുക 30 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

25-8-2005-ലെ ജി.ഒ.(പി) നമ്പർ 77/05/സി.എ.ഡി. പ്രകാരം സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിനെ സാംസ്കാരിക ഡയറക്ടറേറ്റായി മാറ്റി, പുസ്തക പ്രസിദ്ധീകരണം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സാഹിത്യ അക്കാദമി, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ ഏൽപ്പിച്ചിരുന്നു. പ്രസിദ്ധീകരണ പ്രവർത്തനങ്ങൾക്ക് ടി സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കാവുന്ന സാഹചര്യത്തിൽ സമിതി ശുപാർശ പ്രകാരം അധിക തുക വകയിരുത്തേണ്ടതില്ലെന്ന് അറിയിക്കുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-2008)

ശുപാർശ

സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചും നിയന്ത്രിച്ചും നടത്തുന്നതിന് രൂപീകൃതമായ കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്വയംഭരണ സ്ഥാപനമായി പ്രവർത്തിച്ചു

വരുന്നു. പരിസ്ഥിതി കൗൺസിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി രംഗത്ത് വളരെ നൂതനമായ പല പദ്ധതികളും ഏറ്റെടുത്തു നടത്തുന്നു. ഈ കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തിനും ഇതിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും, ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നതിനും ജൈവസാങ്കേതികവിദ്യയിൽ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിനും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ഈ സ്ഥാപനത്തിന്റെ കീഴിൽ നടത്തി വരുന്ന പ്രസ്തുത സമിതികളുടെ പ്രവർത്തനങ്ങൾക്കുവേണ്ടി ആവശ്യമായ തുക അധികം അനുവദിക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

## സർക്കാർ സ്വീകരിച്ച നടപടി

ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് (2007-08) സാമ്പത്തികവർഷത്തിൽ പദ്ധതിയിനത്തിൽ 3425-60-200-71 ഹെഡ്ഡിൽ 9092 ലക്ഷം രൂപയും 3425-60-200-70 ഹെഡ്ഡിൽ 250 ലക്ഷം രൂപയും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സർക്കാർ ബഡ്ജറ്റിൽ (2007-08)-ൽ കൗൺസിലിന് 4273 ലക്ഷം രൂപ (അതായത് 100 ലക്ഷം രൂപ 3425-60-200-70 എന്ന ഹെഡ്ഡിൽ ബയോടെക്നോളജി ഡെവലപ്മെന്റിനും 3425-60-200-71 എന്ന ഹെഡ്ഡിൽ 4173 ലക്ഷം രൂപയും) മാത്രമാണ് അനുവദിച്ചത്. അതുപോലെ പദ്ധതിയേതര ഇനത്തിൽ 2991.49 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2015.47 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2007-2008 സാമ്പത്തിക വർഷത്തിൽ കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനുള്ള പദ്ധതി വിഹിതമായ 4273 ലക്ഷം രൂപയിൽ 53% (2250 ലക്ഷം രൂപ) നബാർഡിന്റെ RIDF പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. RIDF-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നബാർഡിന്റെ മുൻകൂർ അനുമതിക്കു വിധേയമായി മാത്രമേ നടപ്പിലാക്കാവൂ എന്നാണു വ്യവസ്ഥ. ആ വ്യവസ്ഥ പാലിക്കപ്പെടാത്തപക്ഷം അത്തരം പദ്ധതികൾക്ക് നബാർഡിൽ നിന്നുള്ള ധനസഹായം ലഭ്യമാകില്ല. അതിനാൽ അത്തരം പദ്ധതികൾ ഉപേക്ഷിക്കേണ്ടി വരും. മറ്റു വിഭവ സ്രോതസ്സുകൾ ലഭ്യമല്ലാത്തതിനാൽ പകരം തുക അനുവദിച്ചു കിട്ടാനും കഴിയില്ല. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, 2008-09 സാമ്പത്തികവർഷം മുതൽ ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പരിപാടികൾ RIDF സഹായത്തിനായി പരിഗണിക്കേണ്ടതില്ലെന്നും, പദ്ധതി ഇനത്തിലുള്ള മുഴുവൻ തുകയും RIDF സഹായത്തിൽ ഉൾപ്പെടുത്താതെ സംസ്ഥാന ബഡ്ജറ്റിൽ തന്നെ വകയിരുത്തുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയോട് ആവശ്യപ്പെടുകയും അതിൻപ്രകാരം 2008-09-ൽ മുഴുവൻ തുകയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2008-2009

### ശുപാർശ

കേരളോത്സവത്തിൽ കലാകായിക മത്സരങ്ങൾക്കു പുറമെ കാർഷിക മത്സരങ്ങളും കൂടി നടത്തുന്നതിന് ഉദ്ദേശ്യമുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 2008-2009 വർഷത്തിൽ 250 ലക്ഷം രൂപയെങ്കിലും ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

### സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തികപരിമിതിമൂലം കേരളോത്സവം സംഘടിപ്പിക്കുന്നതിന് 2008-2009 വർഷം പ്രത്യേക തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

### ശുപാർശ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട ഈ ശീർഷകത്തിൽ പദ്ധതിയേതര ചെലവിനായി ആവശ്യപ്പെട്ട 592 ലക്ഷം രൂപ പൂർണ്ണമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

### സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം സ്പോർട്സ് കൗൺസിൽ ആവശ്യപ്പെട്ട മുഴുവൻ തുകയും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

### ശുപാർശ

2204-00-104-95—ദേശീയവും അന്തർദേശീയവുമായ കായികമത്സരങ്ങളിൽ വിജയിക്കുന്നവർക്കുള്ള പ്രോൽസാഹന സമ്മാനതുക

ഈ ഇനത്തിൽ 250 ലക്ഷം രൂപ കൗൺസിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 150 ലക്ഷം രൂപയെ അനുവദിച്ചിട്ടുള്ളു. ഈ ഇനത്തിൽ കുടിശ്ശിക കൊടുത്തുതീർക്കുവാനുള്ളതിനാൽ ബാക്കിയുള്ള 100 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

### സർക്കാർ സ്വീകരിച്ച നടപടി

2008-ലെ ദേശീയ ഗെയിംസ് മാറ്റിവച്ചതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ സമർപ്പിക്കുകയുണ്ടായില്ല.

ശുപാർശ

വടക്കൻ കേരളത്തിൽ മുണ്ടയാട് പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് കോംപ്ലക്സിനായി 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിലെ മുണ്ടയാട് സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ 2008-2009-ൽ സാധിച്ചില്ല. തൻമൂലം സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത 1 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ കായിക യുവജനകാര്യ ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായില്ല.

ശുപാർശ

2009-ൽ നാഷണൽ ഗെയിംസിന്റെ ആതിഥേയത്വം വഹിക്കുന്നതിന് സ്പോർട്സ് കൗൺസിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആതിഥേയത്വം ലഭിക്കുന്നപക്ഷം 300 കോടിയോളം രൂപ കേന്ദ്രസഹായം ലഭിക്കാൻ ഇടയുണ്ട്. ആയതിനാൽ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുന്നതിനായി 38 കോടി രൂപ സ്പോർട്സ് കൗൺസിലിന് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിനനുവദിച്ച 35-ാമത് ദേശീയ ഗെയിംസിനായി അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. തൻമൂലം അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സ്പോർട്സ് കൗൺസിലിന് തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

കേരള സംസ്ഥാന ബയോടെക്നോളജി ബോർഡിന്റെയും കമ്മീഷന്റെയും പ്രവർത്തനത്തിനായി പദ്ധതിയിനത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നത് 1 കോടി രൂപയാണ്. ബയോടെക്നോളജി മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് തയ്യാറെടുക്കുന്ന ഒരു സംസ്ഥാനം എന്ന നിലയിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും നടപ്പ് വർഷം അനുവദിച്ച 100 ലക്ഷം രൂപയ്ക്ക് പുറമേ 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസി

ലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ, ശാസ്ത്ര സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് എന്നിവ ഉൾപ്പെടുന്ന പദ്ധതിയിനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് 4245 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ ബാക്കി തുകയായ 2884.96 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 6 ഗവേഷണ സ്ഥാപനങ്ങളും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. പദ്ധതിയേതര ചെലവുകൾക്കായി വകകൊള്ളിച്ചിരിക്കുന്ന 2204.52 ലക്ഷം രൂപ അപര്യാപ്ത മായതിനാൽ 1002.13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56, 57, 58)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാനം അഭിമുഖീകരിക്കുന്ന വിഭവലഭ്യതയുടെ പരിമിതി കാരണം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കും അതിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കുമായി 2008-09 സാമ്പത്തികവർഷം പദ്ധതി വിഹിതത്തിലും പദ്ധതിയേതര വിഹിതത്തിലും അധികതുക അനുവദിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല എന്ന കാര്യം അറിയിക്കുന്നു.

## ശുപാർശ

തീരദേശ പരിപാലന സംരക്ഷണത്തിന്റെ ചുമതലകൾക്കാണ് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുക, നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുക എന്നിവയാണ് അതോറിറ്റി യുടെ ചുമതലകൾ. നിർമ്മാണ പ്രവർത്തനങ്ങളുടെ അനുമതി നൽകുന്നതിനുള്ള അപേക്ഷകളുടെ പരിശോധനയിനത്തിൽ സർക്കാരിനു വരുമാനം ലഭിക്കുന്ന ഒരു വകുപ്പാണ്. ആയതിനാൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് രണ്ട് മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനും അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്നതിനുമായി ഒരു പുതിയ ഹെഡ് ഓഫ് അക്കൗണ്ട് നൽകി മതിയായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

## സ്വീകരിച്ച നടപടി

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് മേഖലാ ഓഫീസുകളും സ്റ്റാഫും രൂപീകരിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അധിക വിഹിതം വകയിരുത്തുന്ന കാര്യം പരിഗണിക്കുന്നതുമാണ്.

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

## ശുപാർശ

ദേശീയ കായികരംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ നേട്ടങ്ങൾ കൈവരിച്ച് അന്തർദേശീയ മികവ് നേടുന്നതിന് അടിസ്ഥാന സൗകര്യങ്ങളും പരിശീലന പരിപാടികളും മത്സരങ്ങളും വിദഗ്ദ്ധമായി ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ 2009-10 വർഷത്തിൽ ബജറ്റ് വിഹിതം അനുവദിക്കാത്ത പദ്ധതി-പദ്ധതിയേതര ശീർഷകത്തിൽ എല്ലാംതന്നെ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

## സർക്കാർ സ്വീകരിച്ച നടപടി

35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സാമ്പത്തിക പരിമിതിമൂലം ബജറ്റ് വിഹിതം അനുവദിക്കാത്ത പദ്ധതികൾ പരിഗണിക്കുകയുണ്ടായില്ല.

## ശുപാർശ

'കേരളോത്സവം സംഭാവന' എന്ന ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്താതിരുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ട് പരിഗണിച്ച സമിതി, 'കേരളോത്സവം സംഭാവന' എന്ന 2204-00-103-82 എന്ന ശീർഷകത്തിൽ തന്നെ ഈ സാമ്പത്തിക വർഷവും തുടർന്നും തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

## സർക്കാർ സ്വീകരിച്ച നടപടി

കേരളോത്സവം സംഘടിപ്പിക്കുന്നതിന്, യുവജന ക്ഷേമ ബോർഡിന്, സാമ്പത്തിക പരിമിതിമൂലം പ്രത്യേകം തുക അനുവദിക്കാൻ കഴിഞ്ഞില്ല.

## ശുപാർശ

2010 മേയിൽ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിന്റെ ആതിഥേയത്വം കേരളം വഹിക്കുന്നതിനാൽ ആയതിനുവേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേണ്ടത് അനിവാര്യമാണെന്നും ഈ സൗകര്യങ്ങൾ കേരളത്തിൽ സ്പോർട്സ് വികസനത്തിന് ശാശ്വത സംഭാവനയായിരിക്കുമെന്നും സമിതി വിലയിരുത്തുന്നു. ഈ ബൃഹത്തായ കായികമേളയ്ക്ക് ആതിഥേയത്വം വഹിക്കുന്നതുവഴി ഭാവിയിൽ ലോകോത്തര അത്‌ലറ്റുകളെയും കായിക പ്രതിഭകളെയും വാർത്തെടുക്കുവാൻ കേരളത്തിന് സാധിക്കും; ആയതിനാൽ, ദേശീയ ഗെയിംസിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഈ ശീർഷകത്തിന് പ്രത്യേക പരിഗണന നൽകി 278 കോടി രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 220 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചുവെങ്കിലും 110 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 55 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം ഉൾപ്പെടെ 88.23 കോടി രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് നൽകിയിട്ടുണ്ട്.

ശുപാർശ

ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, പെൻഷൻ, മറ്റ് ചെലവുകൾ തുടങ്ങിയവയ്ക്കാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. കൂടാതെ സർക്കാർ അനുമതിയോടുകൂടി അവശ കായിക താരങ്ങൾ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ പദ്ധതിയും കാലാനുസൃതമായ പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധനവും കൗൺസിൽ നടപ്പാക്കിയിട്ടുണ്ട്. ആയതിനാൽ, പദ്ധതിയിതരയിനത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 5,31,25,000 രൂപ മതിയാകാതെ വരുന്നതിനാൽ 669 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം സംസ്ഥാന സ്പോർട്സ് കൗൺസിലിന് 2009-10 വർഷം പദ്ധതിയേതര ഇനത്തിൽ കൂടുതൽ തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

3425-60-200-70—ബയോടെക്നോളജി വികസനം

വിവിധ സ്രോതസ്സുകളിൽ നിന്നും 100 കോടി രൂപ സ്വരൂപിച്ച് ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിന് ജൈവ സാങ്കേതിക വിദ്യാനയം വിഭാവനം ചെയ്യുന്നു. ഈ ആവശ്യത്തിലേക്കായി 2009-10 വർഷത്തിൽ 200 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 100 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ബയോടെക്നോളജി മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന് സംസ്ഥാനം തയ്യാറെടുക്കുന്ന ഈ അവസരത്തിൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും പുതിയ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും 70 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3425-60-200-71—ശാസ്ത്ര സാങ്കേതിക പരിസ്ഥിതിക്കുള്ള സമിതി ധനസഹായം (പദ്ധതിയേതരം)

കേന്ദ്ര സർക്കാരിന്റെ സി.എസ്.ഐ.ആർ. ശമ്പള ഘടന അനുസരിച്ച് കൗൺസിലിലെ ശാസ്ത്രജ്ഞർക്കും കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണമനുസരിച്ച് ജീവനക്കാർക്കും ശമ്പളം നൽകേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിലെ ഈ

ശീർഷകത്തിൽ മതിയായ തുക വകയിരുത്താത്തതിനാൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഗവേഷണ സ്ഥാപനങ്ങളും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഇതെല്ലാം കണക്കിലെടുത്ത് ഈ ശീർഷത്തിൽ 4404.52 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2226.97 ലക്ഷം രൂപമാത്രമാണ് 2009-10 വർഷത്തിൽ അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 2177.55 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48, 49)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സർക്കാരിന്റെ വരുമാനസ്രോതസ്സുകളിൽ ഗണ്യമായ ഇടിവ് സംഭവിച്ചിട്ടുണ്ട്. ഇതുമൂലം ബഡ്ജറ്റ് വിഹിതങ്ങളിൽ കാര്യമായ വർദ്ധനവുകൾ വരുത്തുവാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. വിഭവലഭ്യതയുടെ ഈ പരിമിതി കാരണം ശാസ്ത്രസാങ്കേതിക പരിസ്ഥിതി സമിതിയുടെ നിലവിലുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല.

ശുപാർശ

സ്പോർട്സിന്റെ പ്രാധാന്യം അനുദിനം വർദ്ധിച്ചുവരുകയാണെങ്കിലും കഴിഞ്ഞ കുറെ വർഷങ്ങളായി ഫണ്ട് വിഭജനവേളയിൽ സ്പോർട്സ് വിഭാഗം അവഗണിക്കപ്പെട്ടു വരുന്നതായി സമിതി വിലയിരുത്തുന്നു. കേന്ദ്രതലത്തിൽ ഇതിനായി ഒരു പ്രത്യേക വകുപ്പുതന്നെ രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ സ്പോർട്സും യുവജനകാര്യത്തിനും മാത്രമായി കേന്ദ്രസർക്കാർ മാതൃകയിൽ സംസ്ഥാനതലത്തിലും പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം 2009-10 വർഷം സ്പോർട്സിലും യുവജനകാര്യത്തിനുമായി പ്രത്യേക വകുപ്പ് രൂപീകരിക്കാൻ കഴിഞ്ഞില്ല. എന്നാൽ കായികയുവജനകാര്യ വകുപ്പ് രൂപീകരിച്ചുകൊണ്ട് 12-4-2010-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

**ഭാഗം 2**

ചട്ടങ്ങളുടെ പരിശോധന

സമിതിയുടെ 2-2-2012-ൽ ചേർന്ന യോഗം താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

1. The Kerala General Education Service (Amendment) Special Rules, 2010.
2. The Kerala Education (Amendment) Rules, 2011.
3. The Kerala Vocational Higher Secondary Education Subordinate Service (Amendment) Rules, 2011.
4. The Kerala Education (Amendment) Rules, 2011.
5. The Kerala Education (Amendment) Rules, 2010.
6. The Kerala Education (Amendment) Rules, 2011.

താഴെപ്പറയുന്ന കരട് ചട്ടം ഭേദഗതിയോടെ സമിതി അംഗീകരിച്ചു.

The Kerala Education (Amendment) Rules, 2011.

സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ചിരുന്ന താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സമിതി 2-2-2012-ൽ പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

1. The Kerala Technical Education Service (Amendment) Special Rules, 2010.

   S.R.O. No. 1056/2010.

2. The Kerala Education (Amendment) Rules, 2010.

   S.R.O. No. 778/2010.

3. The Kerala Education (Amendment) Rules, 2008.

   S.R.O. No. 1046/2008.

4. The Kerala Education (Amendment) Rules, 2011.

   S.R.O. No. 483/2011.

5. The Kerala Collegiate Education Service (Amendment) Special Rules, 2011.

   S.R.O. No. 444/2011.

ചട്ടം 235 A പ്രകാരം 20-12-2011-ൽ ചേർന്ന യോഗത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും എൻജിനീയറിംഗ് കോളേജുകളിലേയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊണ്ടിട്ടുള്ള മാർഗ്ഗങ്ങളെ പ്പറ്റിയും അതുസംബന്ധിച്ച പദ്ധതി നടത്തിപ്പിനെപ്പറ്റിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചചെയ്യുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തു.

15-2-2012-ൽ ചട്ടം 235 A പ്രകാരം ചേർന്ന യോഗത്തിൽ കരട് സ്പോർട്സ് നയം 2012 സമിതി ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ രൂപീകരിക്കുകയും ചെയ്തു.

പി. കെ. അബ്ദു റബ്ബ്,

തിരുവനന്തപുരം,
2012 മേയ് 8.

ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി VI.

അനുബന്ധം

## 26-7-2011-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പ്രഥമയോഗം 2011 ജൂലായ് 26 ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ കോംപ്ലക്സിലെ V D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു.

1. ശ്രീ. എം. എ. ബേബി, എം. എൽ. എ.
2. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം. എൽ. എ.
3. ഡോ. കെ. ടി. ജലീൽ, എം. എൽ. എ.
4. ശ്രീ. ജോസഫ് വാഴക്കൻ, എം. എൽ. എ.
5. ശ്രീ. റ്റി. വി. രാജേഷ്, എം. എൽ. എ.
6. ശ്രീ. ഷാഫി പറമ്പിൽ, എം. എൽ. എ.
7. ശ്രീ. എം. ഉമ്മർ, എം. എൽ. എ.
8. ശ്രീ. പി. സി. വിഷ്ണുനാഥ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
3. ശ്രീ. രാജുനാരായണ സ്വാമി, സെക്രട്ടറി, യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.
4. ശ്രീ. ബി. എസ്. മാവോജി, കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്.
5. ശ്രീ. കെ. സുഗുണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ശ്രീ. പി. റെജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.
7. ഡോ. രാജശ്രീ അജിത്, എം. ഡി., കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്.

8. ശ്രീ. പി. എസ്. മുഹമ്മദ് സയ്യദ്, ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ്.

9. ഡോ. പി. ജെ. ചെറിയാൻ, ഡയറക്ടർ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്, തിരുവനന്തപുരം.

10. ഡോ. പി. വേണു, ഡയറക്ടർ, ശാസ്ത്രസാങ്കേതിക വകുപ്പ്.

11. ശ്രീ. സയ്യദ് റഷീദ്, ഡയറക്ടർ, എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി.

12. ഡോ. ജെ. ലത, ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ്.

13. ശ്രീ. ജോണി കെ. ജോൺ, ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ്/സീമാറ്റ്.

14. ഡോ. കെ. സോമൻ, അസിസ്റ്റന്റ് ഡയറക്ടർ, കെ. എസ്. എൽ. എം. എ.

15. ശ്രീ. കെ. ചന്ദ്രൻ, സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം.

16. ഡോ. എൻ. ചന്ദ്രമോഹനകുമാർ, രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി.

17. ഡോ. എ. അശോകൻ, രജിസ്ട്രാർ, കണ്ണൂർ യൂണിവേഴ്സിറ്റി.

18. ഡോ. കെ. രാമചന്ദ്രൻ, രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ്.

19. ശ്രീ. സോമൻ നായർ, രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്.

20. ഡോ. മുഹമ്മദ് അഷറഫ്, മെമ്പർ സെക്രട്ടറി, യൂത്ത് വെൽഫെയർ ബോർഡ്.

21. ശ്രീ. എൻ. ശാന്തകുമാർ, എസ്. ജെ. ഡി. (പി.എസ്.) ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യുക്കേഷൻ.

സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സമിതിയംഗങ്ങളെയും മറ്റ് ഉദ്യോഗസ്ഥരെയും സമിതിയുടെ പ്രഥമ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. 2011-12 സാമ്പത്തിക വർഷത്തിലെ ബജറ്റിലെ ധനാഭ്യർത്ഥന നമ്പർ XVII വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്നിവ സംബന്ധിച്ച് ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയും ചെയ്തു.

സമിതി താഴെപ്പറയുന്ന ശീർഷകങ്ങളിൽ അധികതുക വകയിരുത്തുന്നതിനായി ശുപാർശ ചെയ്തു.

2202-01-800-82—ഒന്നാം ക്ലാസ്സിൽ കൂടുതൽ കുട്ടികളെ ചേർക്കുന്ന ഗവൺമെന്റ് വിദ്യാലയങ്ങൾക്കുള്ള പ്രോത്സാഹനം

ഓരോ റവന്യൂ ജില്ലയിലും ഏറ്റവും കൂടുതൽ കുട്ടികളെ ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുന്ന സർക്കാർ സ്കൂളുകൾക്ക് 10 ലക്ഷം രൂപ വീതം പ്രത്യേക പ്രോത്സാഹന ഗ്രാന്റായി നൽകുന്ന 2010–2011-ൽ ആരംഭിച്ച ഈ പദ്ധതിയ്ക്കായി പ്രസ്തുത വർഷം 140 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. സർക്കാർ സ്ക്കൂളുകളുടെ ഉന്നമനത്തിനുതകുന്ന ഈ പദ്ധതി തുടരേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

2202-01-111-99—സർവ്വശിക്ഷാ അഭിയാൻ

6 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും മെച്ചപ്പെട്ട നിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി ആവിഷ്ക്കരിച്ചിട്ടുള്ള "സർവ്വശിക്ഷാ അഭിയാൻ" എന്ന സ്കീമിൽ കേന്ദ്ര വിഹിതം 65%-ഉം സംസ്ഥാന വിഹിതം 35%-ഉം ആണ്. പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 4 കോടി രൂപയ്ക്ക് പുറമേ 32 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2202-01-800-83—വൈകല്യമുള്ള കുട്ടികൾക്ക് സാമ്പത്തികസഹായം

1 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള പ്രത്യേക ശ്രദ്ധ അർഹിക്കുന്ന 40,905 കുട്ടികൾക്ക് പുസ്തകങ്ങൾക്കും സ്റ്റേഷനറികൾക്കുമായി 400 രൂപ, യൂണിഫോം അലവൻസായി 200 രൂപ, യാത്രാ അലവൻസായി 500 രൂപ, അംഗവൈകല്യമുള്ള കുട്ടികൾക്ക് എസ്കോർട്ട് അലവൻസായി 750 രൂപ, കാഴ്ചയില്ലാത്തവർക്ക് വായിച്ച് കൊടുക്കുന്നതിനുള്ള അലവൻസായി 500 രൂപ എന്നിങ്ങനെ പ്രതിവർഷം നൽകുന്ന ഈ പദ്ധതിയ്ക്ക് 2011–2012 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമേ 2.73 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

തുടർന്ന് ശതാബ്ദി സ്കൂളുകളുടെ ചരിത്രം തയ്യാറാക്കുന്ന പദ്ധതിപ്രകാരം എത്ര സ്കൂളുകളാണ് നടപടി പൂർത്തിയാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരം അടുത്ത സമിതി യോഗത്തിൽ ലഭ്യമാക്കണമെന്ന് സമിതി ഈ സാഹചര്യത്തിൽ നിർദ്ദേശിച്ചു.

തുടർന്ന് താഴെപ്പറയുന്ന ശീർഷകങ്ങൾ പരിശോധിച്ചു.

2202-04-103-96—കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിനുള്ള ധനസഹായം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾക്ക് സന്നദ്ധ സാങ്കേതിക പിന്തുണ നൽകുന്നതിനും പ്രസ്തുത സംരംഭങ്ങൾക്ക് സമൂഹത്തെ സജ്ജവും പ്രാപ്തവും ആക്കുന്നതിനും വേണ്ടി 2008–09-ൽ ആരംഭിച്ച കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിന് സ്വന്തമായി ആസ്ഥാനം നിർമ്മിക്കുന്നതിനും പഠിതാക്കൾക്ക് താമസം, പരിശീലനം, മുതലായ സൗകര്യം ഒരുക്കുന്നതിനുംവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം 15 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും ഈ സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2202-02-109-79—ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളുകളിൽ ലാബ്, ലൈബ്രറികൾ, അടിസ്ഥാന സൗകര്യം എന്നിവയുടെ വികസനം

സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം, ലാബ്, ലൈബ്രറികളുടെ വികസനം, എന്നിവയ്ക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്നും, ഈ സൗകര്യങ്ങൾ അടിസ്ഥാന വികസനം വളരെ അത്യാവശ്യമുള്ള 200 സ്കൂളുകൾക്ക് 6 ലക്ഷം രൂപ വീതം നൽകുന്നതിനായി 12 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

തുടർന്നുള്ള ചർച്ചയിൽ റൈറ്റ് ടു എഡ്യുക്കേഷന്റെ ഭാഗമായി സെക്കന്ററി തലം എസ്.എസ്.എ.യ്ക്ക് തത്തുല്യമായി വന്നിട്ടുള്ള രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ സ്കീം അനുസരിച്ചും ഹയർ സെക്കന്ററി തലത്തിൽ 9, 10, 11, 12 എന്നീ ക്ലാസുകളെ ഒരു ബ്ലോക്കായി പരിഗണിച്ചുകൊണ്ടുള്ള അടിസ്ഥാനസൗകര്യങ്ങളുടെ പരിമിതി കണ്ടെത്തുകയും അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്താൽ ആവശ്യമായ ഫണ്ട് ഘട്ടം ഘട്ടമായി അനുവദിക്കുന്നതാണെന്നും അങ്ങനെ 2013-ഓടെ റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് അനുസരിച്ചുള്ള അടിസ്ഥാന സൗകര്യം ഒരു പരിധിവരെ പൂർത്തീകരിക്കാവുന്നതാണെന്നും, എന്നിരുന്നാലും ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനത്തിന് കുട്ടിക്ക് 6 വയസ് പ്രായമാകണമെന്നുള്ള വ്യവസ്ഥയും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം (1 : 30) എന്ന വിഷയവും, വിശദമായ പഠനത്തിന് വിധേയമാക്കി പരിഗണിക്കേണ്ടതാണെന്നും, എല്ലാ സ്കൂളുകളും റൈറ്റ് ടു എഡ്യൂക്കേഷന്റെ പരിധിയിൽ വരുന്നതാണെന്നും റൈറ്റ് ടു എഡ്യുക്കേഷനെക്കുറിച്ചുള്ള സമിതിയുടെ അന്വേഷണങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

തുടർന്ന് ഹൈസ്ക്കൂൾ തലത്തിലെ വൊക്കേഷണൽ വിദ്യാഭ്യാസം എന്നതിനെ കുറിച്ച് ചർച്ച ചെയ്തു.

2202-02-800-80—ഹൈസ്ക്കൂൾ തലത്തിൽ വൊക്കേഷണൽ വിദ്യാഭ്യാസം

തൊഴിലിനെപ്പറ്റിയും തൊഴിലിന്റെ മഹത്വത്തെക്കുറിച്ചും ശരിയായ ധാരണ ലഭിക്കുന്നതിനായി പത്താം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെപ്പറ്റി പൂർണ്ണമായ അറിവ് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഇതിന്റെ ഭാഗമായി ഓരോ ഹൈസ്കൂളിലും ഓരോ തൊഴിലധിഷ്ഠിത കോഴ്സ് വീതം ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിക്ക് 2011-2012 സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 34.5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

തുടർന്ന് SCERT-യ്ക്ക് നോൺപ്ലാൻ ഇനത്തിൽ തുകയൊന്നും അനുവദിക്കാത്തതിന്റെ കാരണത്തെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് 2008 വരെ SCERT- യ്ക്ക് നോൺപ്ലാൻ ഫണ്ട് അനുവദിച്ചുവരുന്നുവെന്നും എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ യഥാസമയം ഓഡിറ്റ് സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പിന് നൽകാതിരുന്നതിനാലാണ് നോൺപ്ലാൻ ഫണ്ടിൽ തുക വകയിരുത്താതിരുന്നതെന്നും ധനകാര്യവകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയുണ്ടായി.

2202-80-004-91—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് എന്ന ശീർഷകത്തിൽ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും വേണ്ടിയുള്ള പദ്ധതിയേതര വിഹിതത്തിൽ 2011–2012 വർഷം ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളു എന്നും ആയതിനാൽ ടി ശീർഷകത്തിൽ 1 കോടി 70 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുകയും ചെയ്തു.

തുടർന്ന് സാക്ഷരതാമിഷന്റെ പ്രവർത്തനത്തെ സംബന്ധിച്ചു നടന്ന ചർച്ചയിൽ സാക്ഷരതാമിഷന് കഴിഞ്ഞ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന 8 കോടി രൂപയിൽ 3.5 കോടി രൂപ മാത്രമാണ് ലഭിച്ചതെന്നും ആയതിന്റെ ബാധ്യതയായ 5 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തുതീർക്കുവാനുണ്ടെന്നും മാത്രമല്ല കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റ് നിർത്തലാക്കിയെന്നും, പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന ഗവൺമെന്റിനെ മാത്രമാണ് ആശ്രയിച്ചാണിരിക്കുന്നതെന്നും സാക്ഷരതാമിഷന്റെ പ്രേരക്മാർക്ക് നൽകുന്ന തുക തികച്ചും അപര്യാപ്തമാണെന്നും സാക്ഷരതാമിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

കേന്ദ്ര ഗവൺമെന്റ് സാക്ഷതരാ രംഗത്ത് കൊണ്ടുവന്നിരിക്കുന്ന നയം വളരെ ഗുണപരമാണെന്നും സ്ത്രീ സാക്ഷരതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ളതാണെന്നും എന്നാൽ ഇതിൻപ്രകാരമുള്ള സാമ്പത്തികസഹായം സ്ത്രീ സാക്ഷരത ദേശീയ ശരാശരിയേക്കാൾ താഴെ നിൽക്കുന്ന ജില്ലകൾക്ക് മാത്രമേ അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ കേരളത്തിലെ എല്ലാ ജില്ലകളും സ്ത്രീ സാക്ഷരതയിൽ ദേശീയ ശരാശരിയേക്കാൾ മുകളിലാണ് എന്നുള്ളതിനാൽ സംസ്ഥാനത്തിന് കേന്ദ്ര സഹായം ലഭിക്കുകയില്ലെന്ന സ്ഥിതിയുണ്ടാകുമെന്നതിനാൽ ഈ വിഷയം സംബന്ധിച്ച് സർവ്വ കക്ഷി യോഗം കൂടി തീരുമാനമെടുക്കണമെന്നും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും സമിതിയംഗം ചൂണ്ടിക്കാട്ടി.

തുടർന്ന് 2202-04-103-98—കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ധനസഹായം (50% കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പരിശോധിച്ചു.

സാക്ഷരതാ രംഗത്ത് ഇൻഡ്യയ്ക്കുതന്നെ മാതൃകയായ ഒട്ടേറെ പ്രവർത്തന നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനത്തെ സാക്ഷരതാ മിഷന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 2011–2012 സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2202-02-001-95—വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ ഡയറക്ടറേറ്റ് മോഡൽ വൊക്കേഷണൽ സ്ക്കൂളുകൾ

ഒരു ജില്ലയിൽ തെരഞ്ഞെടുക്കപ്പെടുന്ന 2 സ്ക്കൂളുകൾക്ക് മോഡൽ ലാബോറട്ടറി സൗകര്യങ്ങൾ, പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകൾ, ഫർണിച്ചറുകൾ മുതലായവ നൽകി മോഡൽ വൊക്കേഷണൽ സ്കൂളുകളായി മാറ്റുന്നതിന് 2011–2012 വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാകയാൽ തുക മൂന്നു കോടി 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വൊക്കേഷണൽ വിദ്യാലയങ്ങൾക്ക് കെട്ടിടനിർമ്മാണം, വി.എച്ച്.എസ്.ഇ. വിഭാഗത്തിനായി പ്രത്യേക ക്ലാസ് റൂമുകൾ, ലബോറട്ടറി സൗകര്യങ്ങൾ, സ്റ്റാഫ് റൂമുകൾ, ടോയ്‌ലെറ്റുകൾ എന്നിവയുടെ നിർമ്മാണത്തിനായി 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്താൻ ഓരോ വകുപ്പും കാലതാമസം കൂടാതെ അതാതിന്റെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുവാൻ ശ്രമിക്കണമെന്ന് ഈ അവസരത്തിൽ സമിതി അംഗം അഭിപ്രായപ്പെട്ടു.

തുടർന്നുള്ള ചർച്ചയിൽ താഴെപ്പറയുന്ന ശീർഷകങ്ങൾ പരിഗണിച്ചു.

2202-03-800-93—<u>പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനു വേണ്ടിയുള്ള പ്രവേശന പരീക്ഷാ കമ്മീഷണറേറ്റ്</u>

ഓഫീസ് ചെലവിനത്തിൽ ഉൾപ്പെടുന്ന വാട്ടർ ചാർജ്ജ് ഇനത്തിൽ എകദേശം 3.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം 43,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും, ഇത് തികച്ചും അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു.

06—<u>വാടക, കരം, നികുതി</u>

ഓഫീസ് മന്ദിരത്തിന്റെയും ഗോഡൗൺ, കാർഷെഡ് എന്നിവയുടെയും വാടക പുതുക്കിയ നിരക്കിൽ നൽകുന്നതിനായും ടി ഇനങ്ങളുടെ കുടിശ്ശിക നൽകുന്നതിനായും പുതിയതായി വാടകയ്ക്ക് എടുക്കാൻ അനുമതി ലഭിച്ച 3850 സ്ക്വയർ ഫീറ്റ് സ്ഥലത്തിന്റെ വാടക നൽകുന്നതിനുമായും 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

16—<u>രഹസ്യ സേവന ചെലവുകൾ</u>

പതിമൂന്നോളം വിവിധ പ്രവേശന പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, ഉത്തരക്കടലാസിന്റെ പരിശോധന എന്നിവയിലുള്ള ചെലവ് ഓരോ വർഷവും ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലും മുൻ വർഷങ്ങളിലെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

34—മറ്റു ചെലവുകൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക മറ്റു ചെലവുകൾക്ക് അപര്യാപ്തമാകയാൽ ഈയിനത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2203-00-800-91—<u>ദൃശ്യ-ശ്രാവ്യ റിപോഗ്രാഫിക് സെന്റർ ധനസഹായം</u>

നവീകരണത്തിന്റെ പാതയിലുള്ള ദൃശ്യ-ശ്രാവ്യ റിപ്രോഗ്രാഫിക് സെന്ററിന്റെ വിവിധ ആവശ്യങ്ങൾക്കും യന്ത്രസാമഗ്രികളുടെ നവീകരണങ്ങൾക്കുമായി 2011-12 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2203-00-800-88—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ് ഇൻ ഇലക്ട്രോണിക്സ് ഗ്രാന്റ്-ഇൻ-എയ്ഡ്

സർക്കാർ സ്വയംഭരണ സ്ഥാപനമായ IHRD-യുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും അടിസ്ഥാന വികസനത്തിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും അധ്യാപകർക്ക് എ.ഐ.സി.റ്റി.ക്ക് നിഷ്ക്കർഷിച്ചിട്ടുള്ള ശമ്പള സ്കെയിലുകൾ നൽകുന്നതിനും, കൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റ് പ്രവർത്തനങ്ങൾക്കും ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 2010-2011 സാമ്പത്തിക വർഷം അനുവദിച്ച തുക തന്നെ ഈ സാമ്പത്തിക വർഷവും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2203-00-800-79—കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം

മ്യൂസിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 2010-11 സാമ്പത്തിക വർഷം അനുവദിച്ച തുക ഈ സാമ്പത്തിക വർഷവും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

മലബാർ മേഖലയിൽ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പ്രവർത്തിക്കുന്ന അർദ്ധ സ്വാശ്രയ അപ്ലൈഡ് സയൻസ് കോളേജുകളുടെ യൂണിവേഴ്സിറ്റി അഫിലിയേഷൻ എടുത്തുകളയുമെന്ന സാഹചര്യത്തിലാണെന്നും ടി സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റി ചെലവഴിക്കാനാവില്ലെന്നും ആയതിനാൽ ടി സ്ഥാപനങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്നും ആവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കണമെന്നും സമിതിയംഗങ്ങൾ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് അടിസ്ഥാന സൗകര്യം ലഭ്യമാക്കാൻ സമിതി രൂപീകരിക്കാമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞ അക്കാദമിക് വർഷം 450 സീറ്റുകളും ഈ അക്കാദമിക് വർഷം 650 ഓളം സീറ്റുകളും ഒഴിഞ്ഞു കിടക്കുന്നുവെന്നും ഇതിനുകാരണം എൻട്രൻസ് റാങ്ക് ലിസ്റ്റ് വന്നാലുടനെ ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള കോളേജുകളിൽ പ്രവേശനം നേടുകയും എന്നാൽ മെച്ചപ്പെട്ട ഓപ്ഷൻ കിട്ടുന്ന അവസരത്തിൽ മറ്റ് സ്വകാര്യ കോളേജുകളിലേക്ക് ടി.സി. വാങ്ങിപ്പോവുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. അതിനാൽ ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള കോളേജുകളിലെ മാനേജ്മെന്റ് സീറ്റിലെ ഫീസ് കുറയ്ക്കുക, പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഗവൺമെന്റ് നിശ്ചയിക്കുന്ന തീയതിക്കുശേഷം എ.ഐ.സി.റ്റി.ഇ അംഗീകാരം കൊടുക്കാതിരിക്കുക എന്നിങ്ങനെയുള്ള നടപടികളിലൂടെ പ്രസ്തുത പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തേണ്ടതുണ്ടെന്ന് ഇതു സംബന്ധിച്ച ചർച്ചാവേളയിൽ അഭിപ്രായം ഉണ്ടായി.

എൻജിനീയറിംഗ്, എം.ബി.ബി.എസ്. തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതിനായി ധാരാളം കുട്ടികൾ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് അവിടുത്തെ ഫീസ്, അഡ്മിഷൻ നടത്തുന്ന രീതി, കോളേജിന്റെ സൗകര്യം എന്നിവയെ ആശ്രയിച്ചിരിക്കുന്നുവെന്നും കൂടാതെ യോഗ്യതാ പരീക്ഷയ്ക്ക് മാർക്കിന്റെ പരിധി നിശ്ചയിക്കാത്തത് ഇത്തരം സ്ഥാപനങ്ങളിൽ അഡ്മിഷൻ എളുപ്പത്തിൽ നേടാൻ സാധിക്കുന്നതിന് സഹായകമാകുന്നു എന്നും ഇതു തടയുക എന്നത് അത്ര എളുപ്പമല്ല എന്നും സമിതി വിലയിരുത്തി.

തുടർന്ന് സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിശോധിച്ചു.

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി പൊന്നാനിയിൽ സ്ഥാപിച്ച സ്വയംഭരണ തുടർ വിദ്യാഭ്യാസ കേന്ദ്രമായ തൊഴിൽ വികസന ഇൻസ്റ്റിറ്റ്യൂട്ടിനായി 22-04-001-93 എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2202-03-112-95—സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിനുള്ള ധനസഹായം

സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിലിലും അനദ്ധ്യാപകർക്ക് സംസ്ഥാന സർക്കാർ സർവ്വീസ് സ്കെയിലിലും പരിഷ്കരിച്ച ശമ്പളം നൽകുന്നതിനായി 2011-2012-ൽ പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപ 293.51 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തുടർന്ന് സംഗീത കോളേജുകളിൽ പുതിയ കോഴ്സ് തുടങ്ങുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. സംഗീതവും എൻജിനീയറിംഗുമായി ബന്ധപ്പെട്ട സൗണ്ട് എൻജിനീയറിംഗ് എന്ന പുതിയ കോഴ്സ് ആരംഭിക്കണമെന്നും, സംഗീതം, എൻജിനീയറിംഗ് എന്നീ മേഖലയിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനിക്കാമെന്നും, സയൻസ് ഓഫ് മ്യൂസിക് എന്ന പഠന പരിപാടി സർവ്വകലാശാല കേന്ദ്രീകരിച്ച് നടത്താവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ലൈബ്രറി കൗൺസിലിന്റെ പ്രധാനവരുമാന മാർഗ്ഗമായ എഡ്യുക്കേഷൻ സെസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുമെങ്കിലും ആയത് ലൈബ്രറി കൗൺസിലിന് നൽകുന്നില്ലെന്നും, ഇത് ലഭ്യമാക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കുന്നതിനെക്കുറിച്ചാലോചിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

2205-00-105-99—ലൈബ്രറികൾ, ഗ്രന്ഥശാലാ സംഘം മുതലായവയ്ക്കുള്ള ധനസഹായം

തുടർന്ന് കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറിയിട്ടുള്ള പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലൈബ്രറികളിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും മറ്റ് അലവൻസുകളും നൽകുന്നതിനായി പുതിയൊരു ശീർഷകത്തിൽ 21.63 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുള്ള എസ്റ്റാബ്ലിഷ്മെന്റ് & ഓർഗനൈസേഷൻ ഗ്രാന്റ് (രാജാറാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷന്റെ മാച്ചിംഗ് ഗ്രാന്റിൽ സർക്കാർ വിഹിതമായ കുടിശ്ശിക ഉൾപ്പെടെ) സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ, പദ്ധതിയേതരയിനത്തിൽ പുതിയ ശീർഷകത്തിൽ 320 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തുടർന്ന് സമിതി സർവ്വകലാശാലകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പരിശോധിച്ചു.

2011-2012 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ പരിഷ്ക്കരിച്ച നിരക്കിലുള്ള ശമ്പളവും അലവൻസുകളും നൽകുന്നതിന് കണ്ണൂർ സർവ്വകലാശാലയ്ക്ക് ധനസഹായ മായി 1.61 കോടി രൂപയും കൂടാതെ ദിവസക്കൂലിയിൽ ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ പദ്ധതിയേതര ഇനത്തിൽ 90 ലക്ഷം രൂപയും അനുവദിക്ക ണമെന്ന് സമിതി ശുപാർശ ചെയ്തു.

താവക്കരയിൽ അക്കാദമിക് അഡ്മിനിസ്ട്രേഷൻ കെട്ടിട നിർമ്മാണത്തിനും, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോസയൻസ് സ്ഥാപിക്കുവാൻ മൊറാഴയിൽ സ്ഥല മെടുക്കുന്നതിനുമായി പദ്ധതി ഇനത്തിൽ 2,000 ലക്ഷം രൂപ അധികമായി അനുവദിക്ക ണമെന്നും സമിതി ശുപാർശ ചെയ്തു.

നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുന്ന ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തി നാവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യവികസനത്തിനുമായി പദ്ധതിയിനത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള നിരക്കും അനദ്ധ്യാപകർക്ക് പുതുക്കിയ ശമ്പളപരിഷ്ക്കരണ നിരക്കും ബാധകമാക്കിയതിനാൽ ഇതിനായി പദ്ധതിയിതരയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കോഴിക്കോട് സർവ്വകലാശാലയ്ക്ക് ശമ്പള പരിഷ്ക്കരണംമൂലം പെൻഷൻ ഇനത്തിലും, ശമ്പള ഇനത്തിലും ഉണ്ടായ വർദ്ധനവ് വഹിക്കുന്നതിനായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ 68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സർവ്വകലാശാലയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണ കുടിശ്ശികയും റിട്ടയർ ആയവർക്ക് പെൻഷനും നൽകുന്നതിനായി ഈ സാമ്പത്തികവർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമെ 40 കോടി 55 ലക്ഷം രൂപ കൂടി അധിക മായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല ധനസഹായം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്നുവരുന്ന നിർമ്മാണ/വികസന പ്രവർത്തനങ്ങൾക്കായും ഇന്റർയൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകൾക്കുവേണ്ടിയും ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ പദ്ധ തിയേതര ഇനത്തിൽ 37 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2203-00-102-99—കൊച്ചി യൂണിവേഴ്സിറ്റി ധനസഹായം-കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

2006-ലെ യു.ജി.സി. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുള്ളത് 2010-ലാണെന്നും കൂടാതെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെ

ട്ടുണ്ടായിട്ടുള്ള ശമ്പള കുടിശ്ശിക നൽകുന്നതിനുമായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മറൈൻ സയൻസ് മേഖലയിൽ വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മറൈൻ സയൻസിന്റെ കെട്ടിട നിർമ്മാണത്തിനും മറ്റ് ഇൻഫ്രാസ്ട്രക്ചറിനുമായി പദ്ധതിയിനത്തിൽ 32 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2202-03-800-55—<u>ചരിത്ര ഗവേഷണത്തിനായി രൂപീകരിച്ച കേരള കൗൺസിൽ</u>

2202-03-800-58

എന്ന 2010-2011 വർഷം മുതൽ കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ (കെ.സി.എച്ച്.ആർ.) ഭരണപരമായ നിയന്ത്രണം ഉന്നതവിദ്യാഭ്യാസ വകുപ്പിനാണ്. കെ.സി. എച്ച്.ആറിന് 2011-2012 സാമ്പത്തികവർഷം പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക വളരെ കുറവായതിനാൽ ഈ ഇനത്തിൽ 61.60 ലക്ഷം രൂപകൂടി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്തു.

തുടർന്ന് ശാസ്ത്രസാങ്കേതിക വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പരിശോധിച്ചു.

3425-00-200-71—<u>ശാസ്ത്ര സാങ്കേതിക പരിസ്ഥിതിക്കുള്ള സംസ്ഥാന സമിതി ധനസഹായം</u>

എന്ന ശീർഷകത്തിൽ കേന്ദ്ര സർക്കാരിന്റെ സി.എസ്.ഐ.ആർ. ശമ്പള ഘടന അനുസരിച്ച് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞർക്ക് ശമ്പളം നൽകുന്നതിനാലും കേന്ദ്ര ഗവൺമെന്റിന്റെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിനാലും ഈ ഇനത്തിലെ വർദ്ധിച്ച ചെലവ് വഹിക്കുവാൻ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1028.41 ലക്ഷം രൂപ അധികമായി അനുവദിക്കുവാനും, കൗൺസിലിന്റെ സംസ്ഥാന ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനായി ഒറ്റത്തവണ അധിക ഗ്രാന്റായി നോൺപ്ലാൻ ഗ്രാന്റ് ഇനത്തിൽ 3112 ലക്ഷം രൂപ അനുവദിക്കുവാനും സമിതി ശുപാർശ ചെയ്തു.

സമിതി യോഗം വൈകുന്നേരം 5.25-ന് അവസാനിച്ചു.

## 2011 ആഗസ്റ്റ് 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2011 ആഗസ്റ്റ് മാസം 1-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ കോംപ്ലക്സിലെ VD കോൺഫറൻസ് ഹാളിൽ സമിതിയുടെ എക്സ്-ഓഫിഷ്യോ അംഗമായ ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി ശ്രീ. കെ.സി.ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ.ബി. ഗണേഷ്കുമാർ, പ്രത്യേക ക്ഷണിതാക്കളായ ബഹു. ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്, ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി. പി. കെ. ജയലക്ഷ്മി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം. എൽ. എ.
2. ഡോ. കെ. ടി. ജലീൽ ,,
3. ശ്രീ. ജോസഫ് വാഴക്കൻ ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് & വൈൽഡ് ലൈഫ്/ കൾച്ചറൽ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, സ്പോർട്സ് വകുപ്പ്.
3. ശ്രീ. രാജു നാരായണ സ്വാമി, സെക്രട്ടറി, യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.
4. ശ്രീ. സഞ്ജീവ് പട്ജോഷി, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.
5. ശ്രീ. കെ. സുഗുണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.
6. ശ്രീ. ജി. ബാലചന്ദ്രൻ നായർ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.
7. ശ്രീ. ജെ. റെജികുമാർ, ഡയറക്ടർ (ഇൻ-ചാർജ്ജ്), ആർക്കിയോളജി ഡിപ്പാർട്ട്മെന്റ്.
8. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
9. ശ്രീ. എസ്. അജിത്കുമാരൻ, ഡയറക്ടർ, അനർട്ട്

10. ഡോ. കെ. എസ്. ശ്രീകുമാർ, സെക്രട്ടറി, കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാഡമി
11. ശ്രീ. പി.എസ്. അബ്ദുൾ റസാക്, സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
12. ശ്രീമതി പി. സുപ്രഭ, സ്റ്റേറ്റ് ലൈബ്രേറിയൻ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
13. ശ്രീമതി കെ. കെ. ത്രേസ്യ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, മ്യൂസിയംസ് & സൂ.
14. ശ്രീ. ആർ. അനിൽകുമാർ, കോ-ഓർഡിനേറ്റർ, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്
15. ശ്രീ. കെ. വി. മാത്യു, സീനിയർ ഫിനാൻസ് ഓഫീസർ, പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്)
16. ശ്രീ. എസ്.ഡി. ഫെറോൾഡ് സേവിയർ, ഫിനാൻസ് ഓഫീസർ, മ്യൂസിയം & സൂ.
17. ശ്രീ. പി. വി. രാജൻ, ഫിനാൻസ് ഓഫീസർ, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്
18. ശ്രീ. കെ. ജി. വിജയകുമാരൻ നായർ, എ.ഒ., കൾച്ചറൽ ഡയറക്ടറേറ്റ്
19. ശ്രീമതി സി. അനിത ശങ്കർ, സ്റ്റേറ്റ് ലെയ്സൺ ഓഫീസർ, നാഷണൽ സർവ്വീസ് സ്കീം.

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്നിവ സംബന്ധിച്ച XVII- ാം നമ്പർ ധനാഭ്യർത്ഥനയുടെ വിവിധ ശീർഷ കങ്ങൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെ ചേർത്തിട്ടുള്ള ശുപാർശകൾ അംഗീകരിക്കുകയും ചെയ്തു.

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വ്യവസായങ്ങളിലെ ഊർജ്ജസംരക്ഷണ പരിപാടികൾ, എനർജി ഓഡിറ്റ് പഠനോ പകരണങ്ങൾ, ഇ.എം.സി.യുടെ നിലവിലുള്ള പശ്ചാത്തലങ്ങൾ, വികസനം, ഇ.എം.സി. യിലെ ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടികൾ, ഊർജ്ജ ക്ലിനിക്ക്, സ്കൂളുക ളിലെയും കോളേജുകളിലേയും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, പൊതുജന ബോധവൽക്കരണ പരിപാടികൾ, ചെറുകിട ജലസേചന പദ്ധതികളുടെ നവീകരണം, എനർജി കൺസർവേഷൻ ഫണ്ട് തുടങ്ങി എനർജി മാനേജ്മെന്റ് സെന്ററിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 2810-00-800-93 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 395 ലക്ഷം രൂപയും സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളിലേക്ക് പദ്ധതിയേതര ഇന ത്തിൽ 133.89 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2205-00-107-99—ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം

തിരുവനന്തപുരം തൃശൂർ മൃഗശാലകളിൽ മൃഗങ്ങൾക്ക് ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനായുള്ള 2205-00-107-99-24-സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ

വകയിരുത്തിയിരിക്കുന്ന തുക സാധനസാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷക ത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ജലത്തിന്റെ ഉപഭോഗം വളരെ കൂടുതലുള്ള ഈ വകുപ്പിൽ കുടിശ്ശിക തീർക്കുന്ന തിനായി 05-1-വെള്ളക്കരം എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയി രുത്തണമെന്ന് സമിതി ശുപാർശ ചെയ്തു

05-2-വൈദ്യുതി ചാർജ്ജ് എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി സോളാർ പാനലുകൾ ഉപയോ ഗിച്ച് മ്യൂസിയം കോംപൗണ്ടിലും മൃഗശാലയിലും യാഡ് ലൈറ്റിംഗ് സംവിധാനം ഏർപ്പെ ടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സാഹിത്യ അക്കാഡമിയുടെ സുവർണ്ണ ജൂബിലി മന്ദിര നിർമ്മാണം, ലോക മലയാള സമ്മേളനം, അഖിലേന്ത്യാ കവി സമ്മേളനം എന്നിവയ്ക്കായി 2205-00-102-97 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 3.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള ജീർണ്ണിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിട നിർമ്മാണം അനിവാര്യമായതിനാൽ കെട്ടിട നിർമ്മാണ പൂർത്തീകരണം, പുസ്തക നിർമ്മാണം, ഭാഷാ നവീകരണം, സമഗ്രഭാഷാ രചന, മൺമ റഞ്ഞ സാഹിത്യകാരൻമാരുടെ ശതാബ്ദി ആഘോഷം എന്നിവ ഏറ്റെടുക്കുന്നതിനുവേണ്ടി 2202-05-102-96 പദ്ധതിവിഹിതത്തിൽ 150 ലക്ഷം രൂപയും നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും, ക്ഷാമബത്ത കുടിശ്ശിക നല്കുന്നതിനും, ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുമായി പദ്ധതിയേതര വിഹിതത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

30 വർഷത്തെ ലീസിന് ലാന്റ് ലഭ്യമായാൽ പല സ്ഥലങ്ങളിലായി മോഡേൺ തീയറ്ററുകൾ BOT വ്യവസ്ഥയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും നഗര സഭകളിൽ തീയറ്റർ കോംപ്ലക്സ് നിർമ്മിക്കുവാനും, ചിത്രാഞ്ജലി സ്റ്റുഡിയോയിലെ 68 എക്കറിൽ 8 എക്കർ സ്ഥലത്ത് സ്റ്റുഡിയോ നിലനിർത്തിക്കൊണ്ട് ബാക്കി 60 എക്കറിൽ Film City with Amusement Park BOT വ്യവസ്ഥയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു വെന്നും, ഒരു തൊഴിലാളിയെയും പരിച്ചുവിടാതെ പി.എസ്.സി. നിയമിച്ച ജീവനക്കാരെ നിലനിർത്തിക്കൊണ്ട് പദ്ധതി തുടരാനാണ് ഉദ്ദേശിക്കുന്നതെന്നും ബഹു: വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി വ്യക്തമാക്കി.

തുടർന്ന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് ധനസഹായം നൽകുന്നതു സംബന്ധിച്ച വിഷയത്തിൽ കെ.എസ്.എഫ്.ഡി.സി.യുടെ മോഡണൈസേ ഷനും കൂടാതെ കലാമൂല്യമുള്ള ചിത്രങ്ങൾ KSFDC യുടെ തീയേറ്ററുകളിൽ തുടർച്ച യായി പ്രദർശിപ്പിച്ചതുമൂലം പ്രതിവർഷം എകദേശം 25 ലക്ഷം രൂപ വീതമുണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിനും 2205-00-102-65 ശീർഷകത്തിൽ പദ്ധതിയിനത്തിൽ 19 കോടി

രൂപയും ഹഡ്ക്കോയിൽ നിന്നുമുള്ള ലോൺ തിരിച്ചടയ്ക്കുന്നതിനായി പദ്ധതിയേതരയി നത്തിൽ 3 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സംസ്ഥാനത്ത് നിർമ്മിക്കുന്ന സിനിമകൾക്കുള്ള സബ്സിഡി തുക ഏറ്റവും കുറച്ച് നൽകുന്ന സംസ്ഥാനമാണെന്നതിനാൽ കേരളത്തിൽ നിർമ്മിക്കുന്ന മലയാള സിനിമകൾക്ക് ഇപ്പോൾ നൽകുന്ന സബ്സിഡി തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2205-00-800-74-ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കാല ക്രമത്തിൽ ഈ ശീർഷകം തന്നെ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാകുമെന്നും അതിനാൽ തൃപ്പൂണിത്തുറ ഹിൽ പാലസ് പരിസര സംരക്ഷണം, ഡിയർ പാർക്ക് പരിപാലനം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും, നിലവിലുള്ള കോഴ്സുകളുടെ നടത്തിപ്പ്, ലാബ് വികസനം, ലൈബ്രറി വികസനം, കുട്ടികളുടെ പാർക്കിന്റെ പുനരുദ്ധാരണം എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 130 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് പുതിയ നാല് ശാഖകൾ തുറക്കുന്നതിനും, കേന്ദ്ര ഓഫീസ് നിർമ്മാണത്തിനും, ജില്ലാ താലൂക്കുകളിലായി 50 കേന്ദ്രങ്ങളിൽ പുസ്തകമേള നടത്തുന്നതിനും 2202-05-102-92-ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയിനത്തിൽ 1.33 കോടി രൂപ അധിക മായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരളത്തിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവയുടെ സംരക്ഷണത്തിനും പ്രചരണത്തിനും വേണ്ടി ആരംഭിച്ച മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ല ക്സിന് ദേശീയ തലത്തിൽ ക്ലാസിക്കൽ ഡാൻസ് സെമിനാർ, മുദ്രഫെസ്റ്റിവൽ, താളം ഫെസ്റ്റിവൽ, വിദ്യാർത്ഥികൾക്കായി ഓപ്പൺസ്ക്കൂൾ സജ്ജീകരണം, മാമ്പഴക്കാലം - അവധിക്കാലക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, വെള്ളക്കരം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2205-00-800-76 ശീർഷകത്തിൽ പദ്ധതിയിനത്തിൽ 75 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തുടർന്നുള്ള ചർച്ചയിൽ കേരള ലളിതകലാ അക്കാദമി, സംഗീത അക്കാദമി കേരള കലാമണ്ഡലം എന്നിവ സന്ദർശനം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരള കലാമണ്ഡലത്തിന് കല്പിത സർവ്വകലാശാല പദവി നൽകിയതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിലിൽ ശമ്പളം നൽകുക, കാലപ്പഴക്കം വന്ന കൈയ്യെഴുത്തു പ്രതികളും താളിയോലകളും ഡിജിറ്റൽ രൂപത്തിലാക്കുക, പുതിയ ലൈബ്രറി കെട്ടിടം നിർമ്മിക്കുക, കളരി, കൂത്തമ്പലം എന്നിവയുടെ നവീകരണം തുടങ്ങിയവയ്ക്കായും ഹോസ്റ്റലുകൾ, ഓഫീസ് ബിൽഡിംഗ് എന്നിവയുടെ നിർമ്മാണത്തി നായും പബ്ലിക്കേഷൻ വിഭാഗത്തിന്റെ പ്രവർത്തനം, രംഗാവതരണം, സെമിനാർ എന്നി വയ്ക്കായും ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 2205-00-101-97 ശീർഷകത്തിൽ പദ്ധതിയിനത്തിൽ 6.11 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 284 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

അന്താരാഷ്ട്ര നാടകോത്സവത്തിനായി കേരള സംഗീത നാടക അക്കാഡമിക്ക് 2205-00-102-90- ശീർഷകത്തിൽ പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിന് പദ്ധതിയേതരയിനത്തിൽ 8 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ് ചെയ്തു.

ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തിയവരുടെ സാംസ്ക്കാരിക-കലാ-ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഭാരത് ഭവന്റെ പദ്ധതി നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2205-00-102-88 എന്ന ശീർഷകത്തിൽ 26.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2011-2012 സാമ്പത്തിക വർഷം അക്കാഡമിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അക്കാഡമി തുടർന്നുവരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമാണെന്നതിനാൽ 16-ാമത് അന്തർ ദേശീയ ചലച്ചിത്രമേളയുടെ നടത്തിപ്പിനായി 300 ലക്ഷം രൂപ തലസ്ഥാന നഗരിയിൽ അക്കാഡമി ആസ്ഥാന മന്ദിരവും തീയറ്റർ കോംപ്ലക്സും പണിയുന്നതിന് 5 കോടി രൂപ ദേശീയ നിലവാരത്തിലുള്ള ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിനായി 2 കോടി രൂപ എന്നിങ്ങനെ 2205-00-102-66 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 110 കോടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2205-00-102-74-നാടൻകലാ അക്കാഡമി ധനസഹായം (ഫോക്‌ലോർ അക്കാഡമി)

അക്കാഡമി 2011-12 വർഷം പുതുതായി സ്ഥാപിക്കുന്ന തെയ്യം, പടയണി എന്നിവയുടെ പ്രദർശനത്തിനായുള്ള പി.കെ. കാളൻ ആർട്ട് ഗ്യാലറിയുടെ നിർമ്മാണം, കൊടക്കാട് കണ്ണൻ വെരുവണ്ണാൻ സ്മാരക തെയ്യം കലാഗ്രാമം, നാടൻ കലാ ഗവേഷണ കേന്ദ്രം തുടങ്ങിയവയ്ക്കായി 2205-00-102-74 ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

തുടർന്ന് പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ ശ്രീപത്മനാഭ ക്ഷേത്രത്തിലെ അമൂല്യമായ വസ്തുക്കൾ അതിന്റെ പ്രാധാന്യത്തോടുകൂടി സംരക്ഷിക്കേണ്ടതുണ്ടെന്നും ആ വസ്തുക്കൾ ക്ഷേത്രത്തിനകത്തുതന്നെ പ്രത്യേക സുരക്ഷിതത്വത്തോടെ സംരക്ഷിക്കേണ്ടതാണെന്നും നമ്മുടെ പൈതൃകം ഒരിക്കലും നശിക്കാൻ പാടില്ലെന്നും എൻട്രി ഫീസ് ഏർപ്പെടുത്തിക്കൊണ്ട് വിലപിടിപ്പുള്ള അമൂല്യങ്ങളായ ആഭരണങ്ങളും മറ്റും എക്സിബിഷൻ സംവിധാനത്തിലൂടെ എല്ലാ മതങ്ങളിലുമുള്ള പൊതു ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും ലഭിക്കുന്ന വരുമാനത്തിന്റെ 30 ശതമാനം ശ്രീപത്മനാഭ ക്ഷേത്ര നവീകരണത്തിനും 30 ശതമാനം തകർന്നു കിടക്കുന്ന കേരളത്തിലെ മറ്റ് ക്ഷേത്രങ്ങളുടെ നവീകരണത്തിനും ബാക്കി തുക ജനോപകാരപ്രദമായും വിനിയോഗിക്കാവുന്നതാണെന്ന് ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സമിതിയിൽ അഭിപ്രായം രേഖപ്പെടുത്തി.

കൂടാതെ, കുമാരനാശാന്റെ തോന്നയ്ക്കലിലെ വീട്ടിൽ അദ്ദേഹത്തിന്റെ കവിതകളിലെ കഥാപാത്രങ്ങളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് ഒരു സ്ഥിരം ലൈറ്റ് ആന്റ് സൗണ്ട് ഷോ നടത്തുന്നത് അഭികാമ്യമായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഓരോ ജില്ലയിലും ഒരു ആർക്കിയോളജി മോണ്യൂമെന്റെങ്കിലും പ്രൊഫഷണലായി മെയിന്റയിൻ ചെയ്യാനും അതിനെക്കുറിച്ച് അറിവ് പകർന്നു നൽകാനും പറ്റുന്ന രീതിയിൽ വകുപ്പ് നവീകരിക്കണമെന്നും വകുപ്പിന്റെ ഇപ്പോഴത്തെ പ്രതിസന്ധി സ്ഥിരമായി ഒരു ഡയറക്ടർ ഇല്ലാത്തതാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത പ്രശ്നം പരിശോധിക്കാമെന്ന് സമിതിയിൽ അദ്ധ്യക്ഷം വഹിച്ച ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

സംസ്ഥാന ആർക്കൈവ്സ് വകുപ്പിന് പുരാരേഖകളടെ സംരക്ഷണത്തിനും പുരാരേഖകളുടെ ഡിജിറ്റൈസേഷൻ പ്രവർത്തനത്തിനുമായി 2205-00-104-99 ശീർഷകത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

നിർദ്ധനരായ സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും ധനസഹായം നൽകുന്ന പദ്ധതിയിൽ 1780 ഗുണഭോക്താക്കൾ നിലവിലുണ്ട്. ഇവർക്ക് പെൻഷൻ നൽകുന്നതിനായി 2011-2012 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 2205-00-102-87 എന്ന ശീർഷകത്തിൽ 22.2 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്കും സിനിമ, ടി.വി. സീരിയൽ കലാകാരന്മാർക്കും അടിയന്തിര ചികിത്സാസഹായം നൽകുന്നതിനുള്ള പദ്ധതിപ്രകാരം കൂടുതൽ പേർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി 2205-00-102-67 എന്ന ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും സാഹിത്യ അക്കാഡമി, ലളിതകലാ അക്കാഡമി എന്നിവയിൽ നിന്നും വിരമിച്ചവർക്കുള്ള പെൻഷൻ നൽകുന്ന 2205-00-800-73 ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ പദ്ധതിയേതര വിഹിതമായി 119 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2011-2012 സാമ്പത്തിക വർഷത്തിൽ ബാലഭവൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള അധിക ബാധ്യത വഹിക്കുന്നതിനായി 2205-00-101-96 ശീർഷകത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 319.84 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സർവ്വവിജ്ഞാനകോശം, സാഹിത്യ വിജ്ഞാനകോശം തുടങ്ങിയവയുടെ പരിഷ്കരിച്ച പതിപ്പുകളുടെ പ്രസിദ്ധീകരണം, ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം, ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത തുടങ്ങിയവയ്ക്കായി

വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും, ആയതിനാൽ 2011-2012 സാമ്പത്തിക വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാനുദ്ദേശിച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിനായി 2202-05-102-98 ശീർഷകത്തിൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്പോർട്സ് ഹോസ്റ്റലുകളുടെ നിർമ്മാണം, കായിക ഉപകരണങ്ങൾ, യൂണിഫോറം, ട്രാക്ക് സ്യൂട്ട് തുടങ്ങിയവ വാങ്ങൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പഞ്ചായത്ത് യുവജന ക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക) സംസ്ഥാന വിഹിതം, കളിസ്ഥലം നിർമ്മാണത്തിനായി സ്കൂൾ/കോളേജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്കായി 2204-00-104-97 ശീർഷകത്തിൽ പദ്ധതിയിനത്തിൽ 7 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

യുവശക്തി പദ്ധതി, കേരളോത്സവം, ദേശീയ യുവോത്സവം എന്നിവയുടെ നടത്തിപ്പിനായി ബോർഡിൽ നിന്നുള്ള സഹായം വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്നും അതിനാൽ 2204-00-103-98 ശീർഷകത്തിൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളോത്സവത്തിന്റെ നടത്തിപ്പിനായി നൽകുന്ന സാമ്പത്തിക സഹായ തുക വർദ്ധിപ്പിയ്ക്കേണ്ടതാണെന്നും പഞ്ചായത്തുതലത്തിൽ ഈ തുക 10,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

വനത്തോട് ചേർന്നു കിടക്കുന്ന പഞ്ചായത്തുകളിൽ ട്രഞ്ച് കുഴിക്കുക, ഫയർലൈൻ വലിക്കുക തുടങ്ങിയ മാമ്പൽ വർക്കുകൾ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൊടുക്കണമെന്നും ഇത് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ സഹായിക്കുമെന്നും അതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നും ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സമിതിയിൽ ആവശ്യപ്പെട്ടു.

കഴിഞ്ഞ വർഷം കോമൺ വെൽത്ത് ഗെയിംസ് ജേതാക്കൾക്ക് അടിയന്തിരമായി സമ്മാനത്തുക വിതരണം ചെയ്തതുമൂലം 2008-09, 2009-10 വർഷങ്ങളിലെ മത്സര ജേതാക്കൾക്ക് അർഹതപ്പെട്ട തുക വിതരണം ചെയ്യാൻ കഴിഞ്ഞില്ല എന്നും അതിനാൽ 2204-00-104-95 ശീർഷകത്തിൽ പദ്ധതിയിനത്തിൽ 4.5 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

തുടർന്ന് യുവജനക്ഷേമവുമായി ബന്ധപ്പെട്ട ചർച്ചയിൽ ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി. രാഷ്ട്രീയം മറന്നുകൊണ്ട് എല്ലാ യുവജന സംഘടനകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരണമെന്നും ഓരോ സംഘടനയും മൂന്നു മാസത്തിലൊരിക്കൽ 500 രക്തദാതാക്കളെ ലഭ്യമാക്കണമെന്നും അതിനായി എല്ലാ അത്യാധുനിക സംവിധാനങ്ങളുമുള്ള വോൾവോ ബസ് കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുള്ളത് പ്രയോജനപ്പെടുത്തണമെന്നും അഭിപ്രായപ്പെടുകയുണ്ടായി.

നാഷണൽ ഗെയിംസിനെ സംബന്ധിച്ച് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രധാന ജോലികൾ നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണമാണെന്നും എന്നാൽ ഇപ്പോൾ പ്രീ-ഫാബ്രിക്കേറ്റഡ് ഹോംസ് എന്ന ടെക്നോളജി ഉപയോഗിച്ച് താൽക്കാലിക ഗെയിംസ് വില്ലേജ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നും ഇതു സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതാണെന്നും 10 മാസത്തിനുള്ളിൽ ഗെയിംസ് വില്ലേജ് പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും എന്നാൽ താൽക്കാലിക ഗെയിംസ് വില്ലേജി നുള്ള സ്ഥലം ഇതേവരെ കണ്ടെത്തിയില്ലെന്നും അതിനായി ടെക്നോസിറ്റിയുടെ സ്ഥലമാണ് ഉദ്ദേശിക്കുന്നതെന്നും നാഷണൽ ഗെയിംസ് കോ-ഓർഡിനേറ്റർ സമിതിയിൽ വിശദീകരിച്ചു.

തിരുവനന്തപുരം, ആറ്റിങ്ങൽ, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളാണ് ഗെയിംസിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ എന്നും, തിരുവനന്തപുരത്താണ് ഗെയിംസ് വില്ലേജ് നിർമ്മിക്കുന്നതെന്നും ഭൂരിഭാഗം ഗെയിംസും തിരുവനന്തപുരത്ത് നടത്താനാണുദ്ദേശിക്കുന്നതെന്നും വനിതക ളുടെ ഫുട്ബോൾ തൃശ്ശൂരിലും പുരുഷന്മാരുടേത് കോഴിക്കോടും ടേബിൾ ടെന്നീസ്, ഷട്ടിൽ ബാഡ്മിന്റൻ, ജൂഡോ, ഫെൻസിംഗ് എന്നിവ എറണാകുളം രാജീവ്ഗാന്ധി സ്റ്റേഡിയത്തിലും, ബോക്സിംഗ് തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിലും നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സമിതി യിൽ വെളിപ്പെടുത്തി.

തിരുവനന്തപുരം വാട്ടർ വർക്സിലുള്ള സ്വിമ്മിംഗ് പൂളിനടുത്ത് ഒരു സ്ഥിരം സ്വിമ്മിംഗ് പൂൾ പണിയാൻ തീരുമാനിക്കുകയും അതിന്റെ പണി ആരംഭിക്കുകയും ചെയ്തപ്പോൾ വാട്ടർ അതോറിറ്റിയുടെ ഒരു പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കേണ്ടി വന്നു വെന്നും അതിനായി ഒന്നേകാൽ കോടി രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയെന്നും തുടർന്ന് ബാക്ക് വാഷിനായി കനാൽ, duct എന്നിവയ്ക്കായി തുക ആവശ്യപ്പെട്ടുവെന്നും ചുരുക്കത്തിൽ സ്പോർട്സ് വകുപ്പിന്റെ പണമുപയോഗിച്ച് വാട്ടർ അതോറിറ്റിയുടെ പണികൾ നടന്നതല്ലാതെ സ്വിമ്മിംഗ് പൂൾ ഫലവത്തായില്ലെന്നും ബഹു. മന്ത്രി തുടർന്നറിയിച്ചു.

കൂടാതെ ഗെയിംസിനായി താൽക്കാലിക സ്റ്റേഡിയം പണിയാനുള്ള ശ്രമത്തിലാ ണെന്നും ഇതിനായി ഉപയോഗിക്കുന്ന ഫൈബർ പോലുള്ള മെറ്റീരിയലിന് life time guarantee ഉള്ളതാണെന്നും ഇതിനായി അടുത്ത ഗെയിംസ് നടത്തുന്ന സംസ്ഥാനവു മായി ചർച്ച നടത്തി 50% മെറ്റീരിയൽസ് വാങ്ങാൻ അവർ തയ്യാറായാൽ ചെലവ് കുറയ്ക്കാനാവുമെന്നും ഗെയിംസിന്റെ ആവശ്യം കഴിഞ്ഞാൽ ഇത് പൊളിച്ചുമാറ്റാനാവു മെന്നും വീണ്ടും ഉപയോഗിക്കാനാവുമെന്ന മെച്ചവുമുണ്ടെന്നും ബഹു. മന്ത്രി കൂട്ടിച്ചേർത്തു.

തുടർന്ന് നാഷണൽ സർവ്വീസ് സ്കീം സംബന്ധിച്ച താഴെപ്പറയുന്ന ശീർഷകം പരിശോധിക്കുകയും എൻ.എസ്.എസ്. വോളന്റീയർമാരുടെ നേതൃത്വശേഷി വർദ്ധിപ്പിക്കു ന്നതിനും അവരിൽ സ്വാശ്രയബോധം, സ്വതന്ത്ര ചിന്ത, ഉയർന്ന ദേശീയബോധം,

മതനിരപേക്ഷത, ശക്തമായ മൂല്യബോധം എന്നിവ ഉയർത്തുന്നതിനും, ദേശീയ പുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളികളാകുന്നതിന്റെ ഭാഗമായി ജില്ലാതല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി 2204-00-102-90 ശീർഷകത്തിൽ 37.88 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു.

സമിതിയോഗം വൈകുന്നേരം 5.00 മണിക്ക് അവസാനിച്ചു.

## 25-8-2011-ൽ ചേർന്ന യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ ഒരു യോഗം 2011 ആഗസ്റ്റ് 25-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ്, സമിതിയുടെ പ്രത്യേക ക്ഷണിതാവ് ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മി, സമിതി അംഗം ശ്രീ. ഷാഫി പറമ്പിൽ എന്നിവർ യോഗത്തിൽ ഹാജരായിരുന്നു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

സമിതി സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, സബ്ജക്ട് കമ്മിറ്റി VI-ന്റെ 2010 ജൂൺ 28 മുതൽ 2011 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം രാവിലെ 11.30-ന് അവസാനിച്ചു.

## 2011 ഒക്ടോബർ മാസം 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ യോഗം 2011 ഒക്ടോബർ മാസം 24-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 3.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എം. എ. ബേബി എം.എൽ.എ.
2. ശ്രീ. ഇ. ചന്ദ്രശേഖരൻ ,,
3. ശ്രീ. ജോസഫ് വാഴക്കൻ ,,
4. ശ്രീ. ഷാഫി പറമ്പിൽ ,,
5. ശ്രീ. എം. ഉമ്മർ ,,
6. ശ്രീ. പി. സി. വിഷ്ണുനാഥ് ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. ശിവശങ്കർ, എം., സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
3. പ്രൊഫ. വി. സുബ്രഹ്മണി, ഡയറക്ടർ, ആർ.എം.എസ്.എ.
4. ശ്രീ. പി. എസ്. മുഹമ്മദ് സാക്കീർ, ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം
5. ശ്രീ. കെ. അജയകുമാർ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം
6. ശ്രീ. ബി. മോഹനൻ, ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്
7. ശ്രീ. സയിദ് റഷീദ്, ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി
8. ശ്രീ. അബ്ദുൾ റഹ്മാൻ, ഡയറക്ടർ, വി.എച്ച്.എസ്.ഇ.

9. ശ്രീ. ബി. എസ്. മാവോജി, കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻ

10. ശ്രീ. ജി. അരുൾ ജെറാൾഡ് പ്രകാശ്, ഡയറക്ടർ, കെ.എസ്.എസ്.ടി.എം.

11. ശ്രീമതി എസ്. കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

12. ഡോ. രാജശ്രീ അജിത്, മാനേജിംഗ് ഡയറക്ടർ, സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്

13. ശ്രീമതി അനിതാ ശങ്കർ, സി., സ്റ്റേറ്റ് ലെയ്സൺ ഓഫീസർ, എൻ.എസ്.എസ്.

14. ഡോ. കെ. രാമചന്ദ്രൻ, രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

15. ശ്രീമതി പി. സുപ്രഭ, സ്റ്റേറ്റ് ലൈബ്രേറിയൻ.

16. ശ്രീമതി ബി.എസ്. പവനകുമാരി, ജോയിന്റ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

17. ശ്രീ. എം. ഷെറീഫ്, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

18. ശ്രീമതി മരിയൻ ലോറൻസ്, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ടുമെന്റ് (ഓൺ ഡെപ്യൂട്ടേഷൻ), എൽ.ബി.എസ്. സെന്റർ.

അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കരട് ചട്ടങ്ങളുടെയും സാധൂകരണത്തിനായുള്ള S.R.O. വിജ്ഞാപനങ്ങളുടെയും പരിഗണന, നിയമസഭാ സമ്മേളനം കഴിഞ്ഞതിനുശേഷമുള്ള ആദ്യത്തെ യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

തുടർന്ന് സമിതി അജണ്ടയിലെ അടുത്ത ഇനമായ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പത്താം കേരള നിയമസഭ

1. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2000-01)

   ഖണ്ഡിക നമ്പർ—28, 29, 30, 31, 32, 33, 34, 35, 36, 37, 38, 40, 41 (സാംസ്കാരികകാര്യ വകുപ്പ്).

പതിനൊന്നാം കേരള നിയമസഭ

2. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2001-02)

   ഖണ്ഡിക നമ്പർ—11 (പൊതുവിദ്യാഭ്യാസ വകുപ്പ്).

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2002-03)

ഖണ്ഡിക നമ്പർ—6 (പൊതുവിദ്യാഭ്യാസ വകുപ്പ്).

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-04)

ഖണ്ഡിക നമ്പർ—6, 7, 10 (പൊതുവിദ്യാഭ്യാസ വകുപ്പ്).

5. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-06)

ഖണ്ഡിക നമ്പർ—9, 10 (പൊതുവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക നമ്പർ—24, 25, 26, 31, 37 (ഉന്നതവിദ്യാഭ്യാസ വകുപ്പ്).

പന്ത്രണ്ടാം കേരള നിയമസഭ

6. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-07)

ഖണ്ഡിക നമ്പർ—34, 36 (സാംസ്കാരികകാര്യ വകുപ്പ്).

7. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

ഖണ്ഡിക നമ്പർ—1 (പൊതുവിദ്യാഭ്യാസ വകുപ്പ്).

ഖണ്ഡിക നമ്പർ—18, 20 (ഉന്നതവിദ്യാഭ്യാസ വകുപ്പ്).

8. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

ഖണ്ഡിക നമ്പർ—4, 6 (പൊതുവിദ്യാഭ്യാസ വകുപ്പ്).

ഖണ്ഡിക നമ്പർ—32, 33, 34, 35, 36, 37, 40, 44, 45 (ഉന്നതവിദ്യാഭ്യാസ വകുപ്പ്).

9. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

ഖണ്ഡിക നമ്പർ—26, 28, 62 (ഉന്നതവിദ്യാഭ്യാസ വകുപ്പ്).

ഖണ്ഡിക നമ്പർ—88 (ഊർജ്ജ വകുപ്പ്).

10. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

ഖണ്ഡിക നമ്പർ—2, 3, 9, 11, 19, 20, 21, 22, 23 (പൊതുവിദ്യാഭ്യാസ വകുപ്പ്).

ഖണ്ഡിക നമ്പർ—31, 32, 33, 34, 35, 38, 39, 40, 41, 42 (ഉന്നത വിദ്യാഭ്യാസ വകുപ്പ്).

ഖണ്ഡിക നമ്പർ—44, 45, 46, 47, 48, 49, 50, 51, 52, 54, 55, 56 (സാംസ്കാരികകാര്യ വകുപ്പ്).

തുടർന്ന് അഞ്ചാമത് റിപ്പോർട്ട് (2010-11)-ലെ ഖണ്ഡിക രണ്ടിൻമേൽ നടന്ന ചർച്ചയിൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം നടപ്പിലാക്കേണ്ട കാര്യങ്ങൾ കേരളം വളരെ നേരത്തെ കൈവരിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആർ.എം.എസ്.എ.യുടെ ഭാഗമായി വകയിരുത്തുന്ന തുകയിൽ ഇപ്പോൾ കേരളത്തിനുള്ള റേഷ്യോ 75:25 എന്നുള്ളതിനുപകരം മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുന്നതു പോലെ 90:10 റേഷ്യോയിലേക്ക് മാറ്റുന്നതിനായി കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണമെന്ന് സമിതി തീരുമാനിച്ചു.

ഖണ്ഡിക നമ്പർ 3-ന് ലഭിച്ച മറുപടിയുടെ ചർച്ചാവേളയിൽ 9,10 ക്ലാസുകളിൽകൂടി ഉച്ചഭക്ഷണ പരിപാടി വ്യാപിപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ വിശദീകരിക്കുകയുണ്ടായി. കഴിഞ്ഞ വർഷം അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിനായി കേന്ദ്രഗവൺമെന്റ് നൽകിയ അരി ഉപയോഗിച്ച് 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുത്തിരുന്നു. എന്നാൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുത്ത ഇനത്തിൽ ചെലവായ 42 കോടി രൂപ, ഫണ്ട് തുക വകമാറ്റി ചെലവാക്കിയ കുറ്റമായി കണക്കാക്കുകയും അതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പി.എ.സി. ശുപാർശ ചെയ്തിരിക്കുകയാണ്. എന്നാൽ ഉദ്യോഗസ്ഥരല്ല അതിന് ഉത്തരവാദികളായവരെന്നും, ഗവൺമെന്റിന്റെ നയപരമായ സമീപനത്തിന്റെ അടിസ്ഥാനത്തിലെടുത്ത തീരുമാനമാണെന്ന് മറുപടി നൽകിയെങ്കിലും അതിനായി ചെലവഴിച്ച തുക മുഴുവൻ തിരിച്ചടയ്ക്കണമെന്നാണ് ഗവൺമെന്റിന് കിട്ടിയിരിക്കുന്ന നിർദ്ദേശം. അതുകൊണ്ട് 9, 10 എന്നീ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതി സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ നടപ്പിലാക്കാൻ കഴിയില്ല. ആവശ്യത്തിലധികം അരി ഉണ്ടാകുന്നതിനുള്ള രണ്ട് കാരണങ്ങളിലൊന്ന് യഥാർത്ഥത്തിൽ ഉള്ള കുട്ടികളേക്കാൾ അധികരിച്ച കണക്കാണ് കൊടുക്കുന്നതെന്നും രണ്ടാമതായി വർഷത്തിൽ 200 പ്രവൃത്തി ദിവസങ്ങൾ കണക്കാക്കുന്നുണ്ടെങ്കിലും അത്രയും പ്രവൃത്തി ദിവസങ്ങൾ ഉണ്ടാകാറില്ലെന്നും അങ്ങനെ ഉണ്ടാകുന്ന അധിക അരി ഉപയോഗിച്ചാണ് 8-ാം ക്ലാസുവരെ ഉച്ചഭക്ഷണം നൽകിയതെന്നും അതിനായുള്ള കുക്കിംഗ് ചാർജും പയറിന്റെ വിലയും മാത്രം സംസ്ഥാന ഗവൺമെന്റ് നൽകിയാൽ മതിയായിരുന്നുവെന്നും അങ്ങനെ ചെയ്തപ്പോഴാണ് കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ മിസ്അപ്രോപ്രിയേഷനാണെന്ന് കണ്ടെത്തി ഉദ്യോഗസ്ഥർക്കെതിരെ കുറ്റം ആരോപിച്ചിരിക്കുന്നതെന്നും ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക നമ്പർ 9-ന്റെ മറുപടിയുമായി ബന്ധപ്പെട്ട ചർച്ചയിൽ 2202-80-800-79 എന്ന ശീർഷകത്തിൽ വകയിരുത്തിയ 40 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്ന് കണ്ടെത്തുകയും ഓരോ സാമ്പത്തികവർഷവും അധികമായി

തുക ആവശ്യപ്പെടുമ്പോഴും വകയിരുത്തപ്പെട്ട തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാത്തതായി കാണുന്നുവെന്നും ഇത് പൂർണ്ണമായി ചെലവഴിക്കുന്നതിനുള്ള ശ്രമം വിദ്യാഭ്യാസ വകുപ്പ് നടത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത്തരത്തിൽ വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാത്തതിന്റെ കാരണം സമിതിയംഗങ്ങൾ ആരാഞ്ഞു.

കലകളിൽ ശോഭിക്കുന്ന 75,000 രൂപയിൽ താഴെ വരുമാനമുള്ള കുട്ടികളുടെ അപേക്ഷകളാണ് സ്വീകരിക്കുന്നതെന്നും ഈ വർഷം 561 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ഒരു കുട്ടിക്ക് 10,000 രൂപയാണ് സഹായം നൽകുന്നതെന്നും സബ്ജില്ലാ, റവന്യൂ ജില്ലാതല മത്സരങ്ങളിൽ 'എ' ഗ്രേഡോ ഉന്നത വിജയമോ നേടിയ കുട്ടികൾക്ക് സംസ്ഥാനതല യുവജനോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള പ്രിപ്പറേറ്ററി ടൈമിൽ നൽകുന്ന ധനസഹായമാണിതെന്നും സബ്ജില്ലാ, ഉപജില്ലാ മേള കഴിഞ്ഞാലുടൻതന്നെ സംസ്ഥാനതല മേള വരുന്നതുകൊണ്ട് അപേക്ഷ പരിശോധിച്ച് കുട്ടികളെ കണ്ടെത്താൻ കഴിയാത്തതിനാലാണ് യഥാർത്ഥ സമയത്ത് ധനസഹായം നൽകാതിരുന്നതെന്നും വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയിൽ വെളിപ്പെടുത്തി. എന്നാൽ ഇപ്പോൾ ലഭിച്ചിരിക്കുന്ന അപേക്ഷകൾ കഴിഞ്ഞ വർഷത്തെ പെർഫോർമൻസിന്റെ അടിസ്ഥാനത്തിലാണെന്നും ആയതനുസരിച്ച് 500 കുട്ടികൾക്ക് ധനസഹായം നൽകേണ്ടി വരുമെന്നും അതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക തികയില്ലെന്നും ഡയറക്ടർ മറുപടി നൽകി:

എന്നാൽ 2010-11 സാമ്പത്തികവർഷത്തേക്ക് അനുവദിച്ച തുകയിൽ മാറ്റം വരുത്താൻ സാധിക്കുകയില്ലായെന്ന് സമിതി ചെയർമാൻ സമിതിയിൽ അറിയിച്ചു.

ഖണ്ഡിക 32, 33 എന്നിവയ്ക്ക് ലഭിച്ച മറുപടി സമിതി പരിശോധിക്കുകയും എൻ.എസ്.എസ്. സമർപ്പിച്ച പ്രൊപ്പോസൽ അനുസരിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും അധിക ഫണ്ട് ലഭിക്കുകയാണെങ്കിൽ മാത്രം ഫണ്ട് അനുവദിക്കാമെന്നാണ് ധനകാര്യ വകുപ്പിന്റെ നിലപാടെന്നും, എന്നാൽ ഫണ്ട് അനുവദിച്ചു കിട്ടുകയാണെങ്കിൽ ചെയ്യാമെന്നല്ല ഇതിനുവേണ്ടി ഫണ്ട് കണ്ടെത്താനുള്ള നടപടിയാണ് ഉണ്ടാകേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

യൂണിവേഴ്സിറ്റി ബി.എഡ്. സെന്ററുകളിലെ ടീച്ചിംഗ് സ്റ്റാഫിന് നൽകുന്ന ശമ്പളം പ്രതിമാസം 10,000 രൂപ മാത്രമാണെന്നും അവിടെ ഡെയ്‌ലി വേജസിലുള്ള ക്ലീനിംഗ് ആന്റ് സാനിറ്റേഷൻ വർക്കേഴ്സിനുപോലും അതിൽ കൂടുതൽ വേതനം ലഭിക്കുന്ന അവസ്ഥയാണുള്ളതെന്നും കഴിഞ്ഞ സബ്ജക്ട് കമ്മിറ്റി മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്തപ്പോൾ അടുത്ത ദിവസം തന്നെ നടപടി സ്വീകരിക്കാമെന്ന് രജിസ്ട്രാർ സമിതിക്ക് ഉറപ്പുനൽകിയിരുന്നെങ്കിലും ഇതിൻമേൽ നടപടിയൊന്നും എടുത്തിട്ടില്ലെന്നും സമിതിയംഗം അറിയിച്ചു. ഇതുവരെ പ്രസ്തുത വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം എന്താണെന്നും, സമിതി മുൻപാകെ നൽകിയ ഉറപ്പ് പാലിക്കാത്തത് വളരെ ഗൗരവമായി കാണുന്നതായും സമിതി അഭിപ്രായപ്പെട്ടു.

ഈ വിഷയം സംബന്ധിച്ച് രജിസ്ട്രാർക്ക് മാത്രമായി ഒരു തീരുമാനമെടുക്കാൻ സാധിക്കുകയില്ലായെന്നും, സിൻഡിക്കേറ്റ് കൂടി മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഇപ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് സ്റ്റാഫിനെ

നിയമിക്കുന്നതെന്നും ഇവരുടെ ശമ്പള ഏകീകരണം സംബന്ധിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിൽ വച്ച് തീരുമാനമെടുക്കേണ്ടതായിട്ടുണ്ടെന്നും കേരള യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ സമിതിയിൽ വിശദീകരിച്ചു.

യൂണിവേഴ്സിറ്റി രജിസ്ട്രാർ കമ്മിറ്റി മുൻപാകെ നൽകിയ ഉറപ്പ് പാലിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും ഒരു ദിവസം കൊണ്ട് നടപ്പിലാക്കാൻ സാധിക്കാത്ത കാര്യമാണെങ്കിൽ അതനുസരിച്ച് മാത്രമേ സമിതി മുൻപാകെ മറുപടി നൽകാൻ പാടുള്ളൂവെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

തുടർന്ന് 2010-11 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI (സാമൂഹ്യസേവനം), സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) എന്നിവയുടെ അഞ്ചാമത് റിപ്പോർട്ടുകളിലെ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ൽ ഉൾപ്പെടുന്ന ശുപാർശയ്ക്ക് 24-10-2011 വരെ ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും മറുപടി ലഭിക്കാത്ത ശുപാർശകളും അടങ്ങിയ ചട്ടം 236(6) പ്രകാരമുള്ള കരട് റിപ്പോർട്ട് താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു:

ഭാഗം 2-ൽ ഖണ്ഡിക നമ്പർ 18-ന്റെ തലക്കെട്ടിൽ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷൻ ആന്റ് ട്രെയിനിംഗ് എന്നതിനുപകരം സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് എന്ന് മാറ്റാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം വൈകുന്നേരം 4.45-ന് അവസാനിച്ചു.

## 20-12-2011-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VI, 2011 ഡിസംബർ മാസം 20-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ഡോ. കെ. ടി. ജലീൽ
2. ശ്രീ. ജോസഫ് വാഴക്കൻ
3. ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. സയ്യിദ് റഷീദ്, ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി
3. ഡോ. ജെ. ലത, ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. കെ. അജയകുമാർ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
5. ശ്രീ. മോഹൻ എബ്രഹാം, ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ, കേരള
6. ശ്രീമതി എസ്. ശ്യാമള, ജോയിന്റ് രജിസ്ട്രാർ, കേരള സർവ്വകലാശാല
7. ഡോ. പി. അൻവർ, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിൽ
8. ശ്രീ. എം. ഷെറീഫ്, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
9. ശ്രീ. ടി. വി. തുളസീധരൻ, പ്രൊഫസർ, മഹാത്മാഗാന്ധി സർവ്വകലാശാല
10. ശ്രീ. എം. വേലപ്പൻ ആചാരി, ഫിനാൻസ് ഓഫീസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖയ്ക്ക് രൂപം നൽകുമ്പോൾ സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലേയും എഞ്ചിനീയറിംഗ് കോളേജുകളിലേയും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അടിയന്തിരമായി

പരിഗണിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും അതിനായി രൂപകല്പന ചെയ്തിരിക്കുന്ന വിവിധ പദ്ധതികളെ കുറിച്ച് വിലയിരുത്തുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റിയുടെ പതിവ് നടപടിക്രമങ്ങളിൽനിന്നും വ്യത്യസ്തമായി കമ്മിറ്റി പരിഗണിക്കുന്ന വിഷയങ്ങൾക്കു പുറമേ മറ്റ് വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235-എ പ്രകാരം ചേരുന്ന പ്രഥമയോഗമാണിതെന്നും സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളെയും കോഴ്സുകളെയും സംബന്ധിച്ചുള്ള കാര്യങ്ങളാണ് ഈ യോഗത്തിൽ ചർച്ച ചെയ്യുന്നതെന്നും സമിതി ചെയർമാൻ ആമുഖമായി വിശദീകരിച്ചു. ഉന്നത വിദ്യാഭ്യാസ പഠനനിലവാരം ഉയർത്താൻ ഉതകുന്നവിധമുള്ള വിവിധ പദ്ധതികൾ അടുത്ത ബജറ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്നും അതിന് പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ അപ്രൂവൽ കിട്ടുന്നതിനുമുൻപ് ഇത്തരത്തിൽ ഒരു യോഗം ചേർന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും തുടർന്ന് പ്രസ്തുത പദ്ധതികളെപ്പറ്റി  വിശദീകരണം നൽകുകയും ചെയ്തു.

പ്രാഥമിക അടിസ്ഥാന വിദ്യാഭ്യാസ മേഖല താരതമ്യേന ഭദ്രമാണെങ്കിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. പല നോളേജ് കമ്മീഷനും സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്സിന്റെ അല്ലെങ്കിൽ ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ട്സിന്റെ ഒന്നരശതമാനം വിഹിതം ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമായി നീക്കിവയ്ക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും 0.55 ശതമാനം മാത്രമാണ് നമ്മുടെ സംസ്ഥാനത്തിന് നീക്കിവയ്ക്കാൻ സാധിച്ചിട്ടുള്ളത്. അത് ഈ ബജറ്റിൽ 0.7 ശതമാനമായി വർദ്ധിപ്പിക്കണമെങ്കിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുമായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക 192 കോടി രൂപയിൽനിന്നും 516 കോടി രൂപയായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

ഇന്ത്യയിലുള്ള 409 യൂണിവേഴ്സിറ്റികളിൽ യു.ജി.സി.യുടെ Universities with Potential for Excellence എന്ന സ്കീമിലേക്ക് കഴിഞ്ഞ 9, 10, 11 പഞ്ചവത്സര പദ്ധതികളിലായി 16 യൂണിവേഴ്സിറ്റികൾക്ക് യോഗ്യത നേടാനായിട്ടുണ്ട്.  എന്നാൽ കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിക്കുപോലും ഇതിൽ ഉൾപ്പെടുവാൻ കഴിഞ്ഞിട്ടില്ല. കാരണം യൂണിവേഴ്സിറ്റികളെ അതിനായി പ്രാപ്തമാക്കുന്ന തരത്തിലുള്ള ഒരു സ്കീമും കേരളത്തിൽ ആവിഷ്ക്കരിച്ചിട്ടില്ല എന്നതാണ്.  ആയതിനാൽ ഉന്നതവിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ച മുന്നിൽ കണ്ടുകൊണ്ടാണ് ഇത്തരത്തിലുള്ള ഫ്ളാഗ് ഷിഫ്റ്റ് സ്കീം അവതരിപ്പിക്കുന്നത്.

1. *State Award Fund For Universities (SAFU)*

ഈ പദ്ധതി പ്രകാരം ഓരോ യൂണിവേഴ്സിറ്റിക്കും 50 കോടി രൂപയുടെ ഔട്ട്ലേ കൊടുത്തിട്ടുണ്ട്. മാത്സര്യബുദ്ധിയോടുകൂടി പ്രവർത്തിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വിദഗ്ദ്ധർ തീരുമാനിക്കുന്ന യു.ജി.സി. നോംസ് നേടുവാൻ പ്രാപ്തമാക്കുകയാണ് ലക്ഷ്യം. ആദ്യത്തെ രണ്ടു വർഷത്തിനകം ലക്ഷ്യം നേടുന്ന യൂണിവേഴ്സിറ്റിക്ക്

10 കോടി രൂപ നൽകുന്നതാണ്. എന്നാൽ ലക്ഷ്യം സാധ്യമായില്ലെങ്കിൽ ആ സ്കീം നിന്നുപോകുകയും ചെയ്യുന്നു. ഈ നോംസ് നടപ്പാക്കുന്നതിനായുള്ള ഇൻഫ്രാസ്ട്രക്ചർ ഫണ്ടിംഗിനായി 5 വർഷംകൊണ്ട് 150 കോടി രൂപയാണ് അനുവദിക്കുന്നത്.

2. *College Quality Improvement Programme (CQIP)*

സംസ്ഥാനത്തുള്ള 40 ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 25 കോളേജുകൾക്ക് ഇനിയും നാക് (NAAC) അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ അതിനായി ആവിഷ്ക്കരിച്ച് ഘട്ടംഘട്ടമായി നാക് (NAAC) അക്രഡിറ്റേഷന്റെ മാനദണ്ഡം നേടുക എന്നതാണ് 25 കോടി രൂപ ആവശ്യമായ ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഇതിനായി ഓരോ യൂണിവേഴ്സിറ്റിക്കും വരുംവർഷങ്ങളിൽ 2 കോടി രൂപ വീതം നൽകാനും പദ്ധതിപ്രകാരം നിർദ്ദേശിക്കുന്ന ശാസ്ത്രീയമായി രൂപപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്.

3. *Walk with a Scholar (WWS)*

ഈ പദ്ധതിയുടെ ഉദ്ദേശ്യം ബി.എ., ബി.കോം. ക്ലാസ്സുകളിൽ പഠിക്കുന്ന കഴിവുള്ള വിദ്യാർത്ഥികൾക്ക് വ്യക്തമായ നിർദ്ദേശം നൽകാനും ആശയവിനിമയം നടത്താനും കോഴ്സ് പൂർത്തീകരണത്തിനുശേഷം ജോലിസാദ്ധ്യതകളെക്കുറിച്ച് അറിവ് നൽകാനും കഴിയുന്ന തരത്തിലുള്ള ഒരു mentor അഥവാ ഒരു Friend അല്ലെങ്കിൽ ഒരു guide-നെ നിയോഗിക്കുക എന്നതാണ്. ഇതിനായി ഒരു External mentor-ഉം ഒരു Internal mentor-ഉം ആവശ്യമാണ്. ഇന്റേണൽ മെന്റർ എന്നത് ഫാക്കൽട്ടിയാണ്. എക്സ്റ്റേണൽ മെന്ററിനെ ഇൻഡസ്ട്രി, പ്രൊഫഷണൽ ബോഡീസ്, ഗവൺമെന്റ് ജീവനക്കാർ എന്നിവരിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്. ഫാക്കൽട്ടിയും എക്സ്റ്റേണൽ മെന്ററും ചേർന്ന് രണ്ട് മൂന്ന് കുട്ടികളുമായി ആഴ്ചയിൽ രണ്ടു മണിക്കൂറെങ്കിലും ചെലവഴിക്കുക, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ആവശ്യമായ പുസ്തകമോ പഠനസാമഗ്രികളോ വാങ്ങി നൽകുക എന്നിങ്ങനെ സഹായിക്കുന്നതോടൊപ്പം അവരെ വിലയിരുത്താനും ശരിയായ ദിശയിലേക്ക് നയിക്കുവാനും മെന്റേഴ്സിന് സാധിക്കും. ഇതുമൂലം കുട്ടികളുടെ പഠനത്തിലും ജീവിതത്തിലും വളരെയേറെ പുരോഗതിയുണ്ടാക്കാനും സാധിക്കും. മെന്റേഴ്സ് നയിക്കുന്ന കുട്ടികൾക്ക് പുസ്തകം, പഠനോപകരണങ്ങൾ എന്നിവയ്ക്കായി 5,000 രൂപയുടെ Out of pocket expense നൽകുന്നതാണ്. ജില്ലാതലത്തിൽ കോ-ഓർഡിനേറ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തുന്ന ഈ പദ്ധതി സംസ്ഥാനതലത്തിൽ വിലയിരുത്തപ്പെടുകയും ചെയ്യും.

4. *Scholar Support Programme*

ഈ പദ്ധതിപ്രകാരം ഓരോ കോളേജിലും പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ ഒരു ക്വാളിറ്റി സർക്കിളും സ്കോളറിന്റെ പുരോഗതി വിലയിരുത്താനും നിയന്ത്രിക്കാനും പദ്ധതി നടത്തിപ്പിനുമായി സംസ്ഥാനതലത്തിൽ ക്വാളിറ്റി സർക്കിൾ രൂപീകരിക്കേണ്ടതുണ്ട്. സംസ്ഥാനതല ക്വാളിറ്റി സർക്കിൾവഴി ഓരോ ഫാക്കൽട്ടിക്കും ഓണറേറിയം നൽകി ക്ലാസ് കഴിഞ്ഞതിനുശേഷം താൽപ്പര്യമുള്ള കുട്ടികളെ പരിശീലിപ്പിച്ച് അവർക്ക് ആദ്യത്തെ വർഷം 15 പഠനവിഷയങ്ങൾ തെരഞ്ഞെടുത്ത് നൽകി അവർക്ക്

പഠനോപകരണങ്ങൾ നൽകുകയും സ്റ്റഡി മെറ്റീരിയൽ, ക്വസ്റ്റ്യൻ ബാങ്ക് എന്നിവ ഇവരെ ഏൽപ്പിച്ച് തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ പ്രഗത്ഭരായ അധ്യാപകരുടെ ക്ലാസ്സുകൾ വീഡിയോയിലാക്കി മറ്റു സ്ഥലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭ്യമാക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുവാനും ഇതിലൂടെ ഉദ്ദേശിക്കുന്നു. ഇവർ തയ്യാറാക്കുന്ന വീഡിയോ മെറ്റീരിയൽ, ക്വസ്റ്റ്യൻ ബാങ്ക്, സ്റ്റഡി മെറ്റീരിയൽസ് എന്നിവ സ്കീമിന് പുറത്തുള്ള കുട്ടികൾക്ക് Scholar Portal-ൽ രജിസ്റ്റർ ചെയ്യുന്നപക്ഷം അവർക്ക് ആക്സസും പാസ്‌വേഡും നൽകി ലഭ്യമാക്കുന്നതുമാണ്. അതുവഴി അവർക്കും ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നു. ഗവൺമെന്റ് കോളേജുകളിൽ മാത്രം തുടങ്ങുവാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൻകീഴിൽ 1:20 ഫാക്കൽട്ടി റേഷ്യോ വച്ച് 15,000 കുട്ടികളെ ഇത്തരത്തിൽ പരിശീലിപ്പിക്കാൻ സാധിക്കുന്നതാണ്.

5. *Additional Skill Acquisition Programme (ASAP)*

കേരള ജനസംഖ്യയുടെ 10.9 ശതമാനം ഹയർ സെക്കന്ററി പാസ്സായിട്ടുള്ളവരും 9 ശതമാനം ഡിഗ്രി പാസ്സായിട്ടുള്ളവരുമാണ്. ഹയർ സെക്കന്ററി പാസ്സായിട്ടുള്ളവരിൽ 34 ശതമാനം പേരും ഡിഗ്രി പാസ്സായിട്ടുള്ളവരിൽ 26.2 ശതമാനം പേരും തൊഴിൽരഹിതരാണ്. ഇതിനുകാരണം മേൽയോഗ്യത നേടിയവർക്ക് പ്രത്യേകിച്ച് ഒരു തൊഴിലിലും നൈപുണ്യം ഇല്ലായെന്നുള്ളതാണ്. ഇതു പരിഹരിക്കാനായി തയ്യാറാക്കിയിട്ടുള്ളതാണ് Additional Skill Acquisition Programme (ASAP). ഇതുപ്രകാരം പഠനവേളയിൽത്തന്നെ കുട്ടികളെ ഓരോ സ്കിൽ പ്രോഗ്രാമിലും പങ്കെടുപ്പിക്കുക എന്നുള്ളതാണ്. വിദേശരാജ്യങ്ങളിൽ വളരെ ഫലപ്രദമായി നടപ്പിലാക്കുന്ന ഈ പദ്ധതിപ്രകാരം വലിയൊരു രീതിയിൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ സാധിക്കും. ഉന്നതവിദ്യാഭ്യാസ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ഒരുമിച്ച് ചർച്ച ചെയ്ത് തയ്യാറാക്കിയ പദ്ധതിയിൽ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കൾ ഹയർ സെക്കന്ററിയിൽ പഠിക്കുന്ന കുട്ടികളും ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കൾ ഡിഗ്രിക്കു പഠിക്കുന്ന കുട്ടികളുമാണ്. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, റീട്ടെയിൽ ബിസിനസ് മാനേജ്മെന്റ്, പാരാ മെഡിക്കൽ പ്രാക്ടീസ്, ബിസിനസ് പ്രാക്ടീസ്, ബിസിനസ് ആന്റ് കൊമേഴ്സ്യൽ പ്രാക്ടീസ്, ഐ.റ്റി. മോഡ്യൂൾസ്, ഇവന്റ് മാനേജ്മെന്റ്, കൺസ്ട്രക്ഷൻ മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ സ്കിൽസ് തുടങ്ങിയ കോഴ്സുകൾ ഇതിലൂടെ കുട്ടികൾക്ക് നൽകാൻ കഴിയും. ഇത്തരം കോഴ്സുകൾ പാസ്സാകുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് കൊടുക്കാവുന്നതാണ്.

ഈ കോഴ്സുകൾ കോളേജുകളിലുള്ള നെറ്റ്‌വർക്കിലേക്ക് കൊണ്ടുവരാൻ കഴിയുന്നതാണ്. ഗവൺമെന്റ് സ്ഥാപനത്തിനും പ്രൈവറ്റ് സ്ഥാപനത്തിനും ഈ കോഴ്സ് നടത്താവുന്നതാണ്. കോഴ്സ് ഡിസൈൻ ചെയ്യുന്നതിനും ക്വാളിറ്റി കൺട്രോൾ ചെയ്യുന്നതിനുമായി ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ഒരു Process map തയ്യാറാക്കിയിട്ടുണ്ട്.

തുടർന്നു നടന്ന ചർച്ചയിൽ കൂടുതൽ തൊഴിൽരഹിതരായിട്ടുള്ളവർ ട്രഡീഷണൽ കോഴ്സുകളായ ബി.എ., ബി.എസ്‌സി. പാസ്സായവരാണെന്നും തൊഴിൽ സാധ്യത വർദ്ധിപ്പിക്കത്തക്കരീതിയിൽ മേൽപ്പറഞ്ഞ കോഴ്സുകൾ ആധുനിക കാലഘട്ടത്തിനാവശ്യമായ വിഷയങ്ങൾ ഉൾപ്പെടുത്തി ഘടനാപരമായി മാറ്റേണ്ടതുണ്ടെന്നും അതിനായി യൂണിവേഴ്സിറ്റിയുമായി ചർച്ചനടത്തി കരിക്കുലത്തിന്റെ ഭാഗമായി ഈ

മാറ്റം കൊണ്ടുവരാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ബി.കോം. കോഴ്സിനോടൊപ്പം ടാലി കോഴ്സ് ബിസിനസ് ആന്റ് കൊമേഴ്സ്യൽ പ്രാക്ടീസിൽ ഉൾപ്പെടുത്തി അതാത് കോളേജുകളിൽ തന്നെ പഠിക്കാൻ സംവിധാനം ഉണ്ടാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

6. *Extension of Edusat Facilities to All Government Arts and Science Colleges*

എഡ്യുസാറ്റ് സൗകര്യം 24 കോളേജുകളിൽ മാത്രമാണുള്ളത്. 16 സ്ഥലങ്ങളിൽ ഈ സൗകര്യം നിലവിലില്ല. ഉന്നതവിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായി ആവിഷ്ക്കരിക്കുന്ന പല പദ്ധതികളുടെയും ഗുണം എല്ലാ കുട്ടികൾക്കും ലഭ്യമാക്കണമെങ്കിൽ എല്ലാ കോളേജുകളിലും ഈ സൗകര്യം നിർബന്ധമാണ്. അതിനായി ആവിഷ്ക്കരിച്ചിട്ടുള്ളതാണ് ഈ പദ്ധതി.

7. *Laboratory Upgradation in Government Arts and Science Colleges*

ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ലബോറട്ടറികളുടെ നവീകരണം അത്യന്തം അടിയന്തിരമായതിനാൽ അവയുടെ നവീകരണത്തിനായുള്ള ഈ പദ്ധതിയനുസരിച്ച് ഓരോ കോളേജിന്റെയും ആവശ്യകത കണക്കാക്കി ഹയർ എഡ്യുക്കേഷൻ കൗണസിലിന്റെ ഒരു ഇന്റലക്ച്വൽ ഇൻപുട്ടും യൂണിവേഴ്സിറ്റിയുടെ ഒരു എക്സ്പേർട്ടും ചേർന്നാണ് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങേണ്ടത്.

8. *Infrastructure Upgradation in Colleges*

കോളേജുകളുടെ സമഗ്രമായ വികസനത്തിനുവേണ്ടിയുള്ള ഈ പദ്ധതിക്കായി 125 കോടി രൂപ പദ്ധതി അടങ്കലും 2012-2013 വർഷത്തിൽ 22 കോടി രൂപയും വകയിരുത്തേണ്ടതാണെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ ഇനിയും അക്രഡിറ്റേഷൻ ലഭിക്കാനുള്ള കോളേജുകളെ ആയത് ലഭിക്കാനുതകത്തക്കവണ്ണം പ്രാപ്തമാക്കണമെന്നും കൂടാതെ ഏതൊക്കെ കോളേജുകൾക്ക് അക്രഡിറ്റേഷൻ ലഭിച്ചുവെന്നത് അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്നതിന് മുൻപായി ഗവൺമെന്റ് പ്രസിദ്ധപ്പെടുത്തണമെന്നും അതോടൊപ്പം കോളേജുകൾ അഡ്മിഷനുമായി ബന്ധപ്പെട്ടുള്ള പ്രോസ്പക്ടസിൽ കോളേജുകളുടെ അക്രഡിറ്റഡ് പദവി ഉൾപ്പെടെ കേരളത്തിലെ മുഴുവൻ കോളേജുകളുടെയും വിവരം കൂടി ചേർക്കേണ്ടതാണ് എന്ന് സമിതി നിർദ്ദേശിച്ചു. പല സ്കീമുകളിലും ഉൾപ്പെടുത്തുന്നതിനും ഉപഭോക്താക്കളാക്കുവാനുമുള്ള മാനദണ്ഡം അക്രഡിറ്റേഷൻ പദവിയാണെന്ന് നിശ്ചയിച്ചാൽ കോളേജുകൾ അതിനായി യത്നിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് സമിതി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിഷയം ചർച്ചയ്ക്കെടുത്തു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥൻ താഴെപ്പറയുന്ന വിഷയങ്ങൾ വിശദീകരിച്ചു. ടെക്നിക്കൽ എഡ്യുക്കേഷൻ ഡയറക്ടറേറ്റിന്റെ കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും 43 പോളിടെക്നിക് കോളേജുകളും 39 ടെക്നിക്കൽ ഹൈസ്ക്കൂളുകളും, 3 ഫൈൻ ആർട്സ് കോളേജുകളും 42 ടി.ജി.എം.ടി. സെന്ററുകളും 4 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളും 17 ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളും ഉണ്ട്. ഏകദേശം 7000 ജീവനക്കാരും 70500 വിദ്യാർത്ഥികളും ഉണ്ട്.

എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഫൈൻ ആർട്സ് കോളേജുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കണ്ടിന്യൂയിംഗ് സ്കീമുകളുടെ സമഗ്രവികസനം വിഭാവന ചെയ്തുകൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

1. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളോടൊപ്പം മറ്റു കോളേജുകളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിതമാക്കുന്നതിനായുള്ള പദ്ധതിയാണ് പ്രധാനമായും വിഭാവനം ചെയ്യുന്നത്. അക്രഡിറ്റേഷൻ ലഭിക്കാത്ത കോളേജുകൾക്കും ആയത് ലഭിക്കാനുതകുന്ന രീതിയിൽ നിലവാരം ഉയർത്താനാകുന്നതരത്തിൽ അവയെ പിടിച്ചുയർത്തുവാനും അതോടൊപ്പംതന്നെ സ്വാശ്രയ കോളേജുകളുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്ന തരത്തിലുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി കോളേജുകളുടെ ഇൻഫ്രാസ്ട്രക്ചർ, ഫാക്കൽട്ടി, റിസൾട്ട് എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമമാണ് നടത്തേണ്ടത്.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളിൽ 10 ശതമാനം മാത്രമേ കോഴ്സ് പൂർത്തിയാക്കി വിജയിക്കുന്നുള്ളൂവെന്നും മറ്റു കുട്ടികൾ കോഴ്സ് പൂർത്തിയാക്കാതെയും വിജയിക്കാതെയും തുടരുന്നതിനാൽ അവരുടെ ഭാവി അനിശ്ചിതത്വത്തിലാണെന്നും ഇത് സമൂഹത്തിൽ വലിയ പ്രശ്നമാണ് സൃഷ്ടിക്കുന്നതെന്നും സമിതി ആശങ്ക പ്രകടിപ്പിച്ചു. ഇതിനുകാരണം അഡ്മിഷൻ കൃത്യസമയത്ത് നടക്കാത്തതും സിലബസ് സമയബന്ധിതമായി തീർക്കുവാൻ കഴിയാത്തതുമാണെന്നും ഇത് കുട്ടികളുടെ അച്ചീവ്മെന്റിനെ ബാധിക്കുന്നു എന്നും സമിതി വിലയിരുത്തി. ഇത് പരിഹരിക്കാനായി മറ്റു സംസ്ഥാനങ്ങളിൽ അഡ്മിഷൻ നടക്കുന്ന സമയത്തുതന്നെ ഇവിടെയും അഡ്മിഷൻ നടത്താൻ ശ്രമിക്കണമെന്നും കൂടാതെ സ്വാശ്രയ കോളേജുകൾക്ക് പുതിയ കോഴ്സുകൾ അനുവദിക്കുമ്പോൾ അവരുടെ നിലവിലുള്ള നിലവാരം നോക്കേണ്ടതാണെന്നും ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രൂപീകരിക്കുമ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്ക് നിശ്ചയിക്കുന്ന ഗ്രേഡിൽ ഉൾപ്പെടുവാനായി എല്ലാ കോളേജുകളും അതിന്റെ നിലവാരം ഉയർത്താൻ ശ്രമിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി രൂപീകരിച്ച എ.ഐ.സി.ടി.ഇ. അംഗങ്ങൾ ഉൾക്കൊള്ളുന്ന എക്സ്പെർട്ട് കമ്മിറ്റി സെൽഫ് ഫൈനാൻസിംഗ് കോളേജുകളുടെ ഗുണനിലവാരം കൂടി നിരീക്ഷിക്കുവാൻ ഒരു സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതാണ്. ഈ കമ്മിറ്റി ടി കോളേജുകളിലെ ഇൻഫ്രാസ്ട്രക്ച്ചർ, ഫാക്കൽട്ടി, റിസൾട്ട് എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് ഉന്നതവിദ്യാഭ്യാസ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് സാങ്കേതിക വകുപ്പ് ഡയറക്ടർ പദ്ധതികളെക്കുറിച്ചുള്ള വിശദീകരണം നൽകി.

2. സ്കോളർ സപ്പോർട്ട് പ്രോഗ്രാം

പഠന മികവിൽ സ്കോളർ സപ്പോർട്ട് ആവശ്യമായിട്ടുള്ള എല്ലാ വിദ്യാർത്ഥികളെയും ഈ പ്രോഗ്രാമിന്റെ കീഴിൽ കൊണ്ടുവരണമെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

3. എഞ്ചിനീയറിംഗ് കോളേജുകളിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം സെന്ററുകൾ

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ ഫാക്കൽട്ടികൾക്ക് പിഎച്ച്.ഡി. പ്രോഗ്രാം ചെയ്യുന്നതിനുവേണ്ടി തിരുവനന്തപുരത്തും തൃശ്ശൂരുമുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളെ QIP സെന്ററുകളായി എ.ഐ.സി.റ്റി.ഇ. അംഗീകരിച്ചിട്ടുണ്ട്. QIP സെന്ററുകളിൽ എ.ഐ.സി.റ്റി.ഇ.യുടെ സ്കോളർഷിപ്പോടുകൂടി ഫാക്കൽട്ടിക്ക് റിസർച്ച് ചെയ്യാവുന്നതാണ്. കേരളത്തിന് ആദ്യമായിട്ടാണ് ഇത്തരത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ QIP സെന്റർ ലഭിച്ചിരിക്കുന്നത്.

4. ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക് (ട്രസ്റ്റ്)

ഇൻഡസ്ട്രിയും അക്കാഡമിയും കൂടിയുള്ള ഒരു റിസർച്ച് പാർക്ക് സ്ഥാപിക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇൻഡസ്ട്രീസിന് അവരുടെ ലാബ് സെറ്റ് ചെയ്യുന്നതിനായി ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കിക്കൊടുക്കുകയും കൂടാതെ നമ്മുടെ കോളേജുകളിലെ ലാബുകൾ വാടകനിരക്കിൽ തുറന്നുകൊടുക്കുകയും നമ്മുടെ വിദ്യാർത്ഥികളേയും ഫാക്കൽട്ടിയേയും അവർ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇതിലൂടെ ഇൻഡസ്ട്രിയും ഇൻസ്റ്റിറ്റ്യൂട്ടും തമ്മിലുള്ള ഇന്ററാക്ഷൻ ഇഫക്ടീവാകുന്നു.

പ്രാദേശികമായി ലഭ്യമായിട്ടുള്ള എഞ്ചിനീയറിംഗ് സാമഗ്രികൾകൊണ്ട് വിവിധ ഉല്പന്നങ്ങളിൽ പേറ്റന്റ്, ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് എന്നിവ നേടുന്നതിന് പ്രാപ്തരാക്കുവാൻ പരിശീലനം നൽകുകയും, കുട്ടികളുടെ കണ്ടുപിടിത്തങ്ങൾ കമേഴ്സ്യലൈസ് ചെയ്യിക്കാനും ഇൻഡസ്ട്രീസിന്റെ സഹായത്തോടെ വിദ്യാർത്ഥികളെ പ്രാപ്തരാക്കുവാനും സാധിക്കും.

5. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ (റ്റി.ആർ.സി.)

റോഡുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അതിന് പരിഹാരം കണ്ടെത്തുന്നതിനായി ഉദ്ദേശിച്ചു രൂപപ്പെടുത്തിയതാണീ പ്രോഗ്രാം. കേരളത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായതരത്തിൽ റോഡുകൾ ഡിസൈൻ ചെയ്യുന്നതിനായി ഒരു ഗവേഷണം നടത്തേണ്ടതുണ്ട്. അതിനായി ഒരു ലാബ് തയ്യാറാക്കുന്നതിനായി ബജറ്റ് പ്രസംഗത്തിൽ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുള്ള ഈ പദ്ധതിക്കായി ആവശ്യമായ ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിച്ച് തുക വകയിരുത്തേണ്ടതാണെന്ന് ഡയറക്ടർ അഭിപ്രായപ്പെട്ടു.

6. ഫാക്കൽട്ടി ആന്റ് സ്റ്റാഫ് ഡെവലപ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ

QIP സെന്ററുകളായി അംഗീകരിച്ചിട്ടുള്ള രണ്ട് കോളേജുകൾക്ക് ഫാക്കൽട്ടി ആന്റ് സ്റ്റാഫ് ഡെവലപ്മെന്റ് ട്രെയിനിംഗിന്റെ ചുമതല നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും അവർ പീരിയോഡിക്കലായി ട്രെയിനിംഗ് നടത്തണമെന്നും ഇത് വിജയിക്കുകയാണെങ്കിൽ ട്രെയിനിംഗിന് പ്രത്യേക സ്ഥാപനം രൂപീകരിക്കാവുന്നതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദമാക്കി.

7. <u>എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും എഡ്യുക്കേഷണൽ റിസോഴ്സ് സെന്ററുകൾ</u>

കെ. ബേയ്സ് എന്ന ലേണിംഗ് മെറ്റീരിയൽ ലഭ്യമാക്കുന്ന ഒരു കണ്ടന്റ് ഡെവലപ്മെന്റ് പോർട്ടൽ പഠനാവശ്യത്തിന് ഉപയോഗിക്കാമെന്നും പ്രഗത്ഭരായ പ്രൊഫസർമാരുടെ ക്ലാസുകൾ, സെമിനാറുകൾ, തിസീസുകൾ തുടങ്ങിയ സ്റ്റഡി മെറ്റീരിയൽസ് ഉൾപ്പെടുത്തി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ കെ. ബേയ്സ് ഡെവലപ് ചെയ്യുകയും ആയത് എല്ലാ സ്വാശ്രയ/എയ്ഡഡ് കോളേജുകൾക്കും ലഭ്യമാക്കാവുന്നതാണെന്നും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വ്യക്തമാക്കുകയുണ്ടായി.

8. <u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി.)</u>

സ്കിൽ ട്രാൻസ്ഫർ ചെയ്യുവാൻ ഏറ്റവും അനുയോജ്യമായത് പോളിടെക്നിക്കുകൾ ആയതിനാൽ പോളിടെക്നിക്കുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് വൊക്കേഷണൽ എഡ്യുക്കേഷന്റെ ഭാഗമായിട്ടുള്ള ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും ലൈബ്രറികൾ ശക്തിപ്പെടുത്തുന്നതിന് സ്ട്രെങ്തനിംഗ് ലൈബ്രറീസ് എഞ്ചിനീയറിംഗ് ആന്റ് പോളിടെക്നിക് കോളേജസ് എന്ന ഒരു പദ്ധതിയും വിഭാവനം ചെയ്യുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

9. <u>റിസർച്ച് സ്കോളർഷിപ്പ് ഇൻ ആൾ എഞ്ചിനീയറിംഗ് കോളേജസ്</u>

പദ്ധതി പ്രകാരം എഞ്ചിനീയറിംഗ് കോളേജുകളിലെ റിസർച്ച് ചെയ്യുന്ന എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

**കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ടെക്സ്റ്റൈൽ ടെക്നോളജിയിൽ ബി.ടെക്. കോഴ്സ്**

പ്രസ്തുത പദ്ധതിപ്രകാരം കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ടെക്സ്റ്റൈൽ ടെക്നോളജിയിൽ ഒരു പുതിയ ബി.ടെക്. കോഴ്സ് തുടങ്ങാനുള്ള പദ്ധതിയാണ് ആലോചിക്കുന്നതെന്നും സംസ്ഥാനത്ത് ഒരിടത്തും ടെക്സ്റ്റൈൽ ടെക്നോളജിയിൽ ബി.ടെക്. കോഴ്സ് നിലവിലില്ലെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. തുടർന്ന് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽട്ടികളുടെ ഇൻസ്പെക്ഷൻ വളരെ പ്രധാനപ്പെട്ട ഒന്നാണെന്നും അത് സ്ക്രൂട്ടിനൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി. ഫാക്കൽട്ടികളുടെ ഇൻസ്പെക്ഷൻ സംബന്ധിച്ച നടപടികളുമായി വകുപ്പ് മുന്നോട്ടുപോകുകയാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

**എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം**

എൽ.ബി.എസിന്റെ കീഴിൽ രണ്ട് എഞ്ചിനീയറിംഗ് കോളേജുകളാണ് ഉള്ളതെന്നും ഒന്ന് കാസർഗോഡും മറ്റൊന്ന് പൂജപ്പുര വനിതാ എഞ്ചിനീയറിംഗ് കോളേജുമാണെന്നും പൂജപ്പുര വനിതാ എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ എഞ്ചിനീയറിംഗിന് പുതുതായി ഒരു ബി.ടെക്. കോഴ്സും കമ്പ്യൂട്ടർ സയൻസിനും ഇലക്ട്രോണിക്സിനും രണ്ട് എം.ടെക്. കോഴ്സുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും കൂടാതെ ഇവിടെ ഒരു

ഹോസ്റ്റൽ സമുച്ചയം നിർമ്മിക്കാനും ഉദ്ദേശിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി. എൽ.ബി.എസിന്റെ കീഴിലുള്ള ഇരുപത്തഞ്ചോളം സബ് സെന്ററുകളിൽ പി.ജി.ഡി.സി.എ., ഡി.സി.എ. മുതലായ ഡിപ്ലോമ കോഴ്സുകളും മൂന്നുമാസം മുതൽ ഒന്നരവർഷം വരെയുള്ള ഹ്രസ്വകാല കോഴ്സുകളും നടത്തുന്നുണ്ടെന്നും മൂന്ന് മുതൽ ആറു മാസം വരെയുള്ള ചെറിയ കോഴ്സുകൾക്ക് ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടുതലാണെന്നും എൽ.ബി.എസ്. ഡയറക്ടർ വ്യക്തമാക്കി. എന്നാൽ ഹ്രസ്വകാല കോഴ്സുകൾ ആകർഷകമല്ലെന്നും നിലവിലുള്ള കോഴ്സുകൾ മുഴുവൻ പുനഃപരിശോധിച്ച് ആവശ്യമില്ലാത്തവ ഒഴിവാക്കുകയും ഹ്രസ്വകാല കോഴ്സുകളുടെ ദൈർഘ്യം വർദ്ധിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണെന്നും സമിതി അഭിപ്രായ പെടുകയുണ്ടായി. ദൈർഘ്യം കുറഞ്ഞ കോഴ്സുകളെക്കുറിച്ച് ഒരു പുനർവിചിന്തനം നടത്തുന്നതാണെന്ന് എൽ.ബി.എസ്. ഡയറക്ടർ അറിയിച്ചു.

**സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ, കേരള**

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷന് കീഴിൽ 90 സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അതുകൂടാതെ മൂന്നാർ എഞ്ചിനീയറിംഗ് കോളേജ്, കൊല്ലത്ത് ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, പൊന്നാനിയിൽ കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്റർ, കോട്ടയത്ത് കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്നിവയും പ്രവർത്തിക്കുന്നു. പാലക്കാട് ഒരു ഐ.എ.എസ്. അക്കാഡമി ആരംഭിക്കാൻ ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ഐ.എ.എസ്. അക്കാഡമിയുടെ ആരംഭം കുറിച്ചിട്ടുണ്ട്. കൂടാതെ പാലക്കാടും കോഴിക്കോടും പുതിയ സെന്ററുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുമുണ്ട്. കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിന് 31 കോടി രൂപയുടെ ഭരണാനുമതി 2006-ൽ ലഭിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി കോട്ടയത്ത് 10 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. 2012 മാർച്ചോടുകൂടി നിർമ്മാണം ആരംഭിക്കും. 2013 ജൂൺ മാസത്തിൽ കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ വിവരങ്ങൾ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ ഡയറക്ടർ സമിതി മുമ്പാകെ വിശദീകരിക്കുക യുണ്ടായി.

പൊന്നാനിയിലെ സിവിൽ സർവ്വീസ് അക്കാഡമിയുടെ പ്രധാന പോരായ്മ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതും ഫാക്കൽട്ടിയുടെ അഭാവവുമാണെന്നും എന്നാൽ ഐ.റ്റി. മിഷനുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരത്തെ അക്കാഡമിയിലെ ഫാക്കൽട്ടിയുടെ സേവനം ലഭ്യമാക്കുന്നതിനും ചമ്രവട്ടം പ്രോജക്ടിന്റെ കെട്ടിടം ഹോസ്റ്റൽ സൗകര്യത്തിനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കൂടാതെ അവിടെ ഒരേക്കർ സ്ഥലത്ത് പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തന ങ്ങൾ പുരോഗമിക്കുകയാണെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ വ്യക്തമാക്കി.

**ഐ.എച്ച്.ആർ.ഡി.**

9 എഞ്ചിനീയറിംഗ് കോളേജ്, 39 അപ്ലൈഡ് സയൻസ് കോളേജ്, 9 പോളിടെക്നി ക്കുകൾ, 25 ടെക്നിക്കൽ ഹൈസ്കൂൾ, മോഡൽ ഫിനിഷിംഗ് സ്കൂൾ തുടങ്ങിയവ ഉൾപ്പെടെ ഐ.എച്ച്.ആർ.ഡി.ക്ക് 93 സ്ഥാപനങ്ങളുണ്ടെന്നും ഈ പഞ്ചവത്സരപദ്ധതിയിൽ

ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കൂടാതെ സ്റ്റാഫിന് ട്രെയിനിംഗ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ കോളേജിനും 2 കോടി രൂപവച്ച് ഗ്രാന്റിനത്തിൽ നൽകണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ സ്ഥാപനം ഇപ്പോൾ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഐ.എച്ച്.ആർ.ഡി.യുടെ സ്ഥാപനങ്ങളിൽ അഡ്മിഷൻ വൈകുന്നതുകൊണ്ട് എല്ലാവർഷവും വളരെയേറെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണെന്നും കൂടാതെ വളരെയധികം സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്ന ഐ.എച്ച്.ആർ.ഡി.ക്ക് സർക്കാരിന്റെ സാമ്പത്തിക സഹായം അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി.

### കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിൽ

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്ത് രൂപീകരിച്ച കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര ഉന്നമനത്തിനായി പല പദ്ധതികളും ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അക്കാദമിക് മികവ്, അദ്ധ്യാപകരുടെ മികവ്, ഭൗതിക സാഹചര്യങ്ങൾ എന്നിവ വിലയിരുത്തി അവയെ ഗ്രേഡ് ചെയ്യുന്നതിനായി NAAC-ന് സമാനമായി SAAC എന്ന സമിതി സംസ്ഥാനത്ത് ഉണ്ടാക്കാൻ തീരുമാനമായിട്ടുണ്ടെന്നും പ്രസ്തുത സമിതിയുടെ അക്രഡിറ്റേഷൻ മാൻഡേറ്ററിയാക്കണമെന്നും ഇതിൽ സ്വാശ്രയ കോളേജുകളെക്കൂടി ഉൾപ്പെടുത്തണമെന്നും കൂടാതെ കൂടുതൽ കോഴ്സുകൾ അനുവദിക്കണമെങ്കിൽ പ്രസ്തുത സമിതിയുടെ മിനിമം ഗ്രേഡിംഗ് കിട്ടണമെന്നുള്ള നിബന്ധന ഏർപ്പെടുത്തണമെന്നും ഇതു സംബന്ധിച്ച് ഒരു എക്സ്പെർട്ട് കമ്മിറ്റിയിൽ തീരുമാനമുണ്ടായതായും ഹയർ എഡ്യുക്കേഷൻ കൗൺസിൽ മെമ്പർ സെക്രട്ടറി വ്യക്തമാക്കി. NAAC-ന്റെ ക്വാളിഫിക്കേഷൻ മാൻഡേറ്ററിയാകുന്നില്ലെന്നും എല്ലാ കോളേജുകൾക്കും NAAC-ന്റെ നിലവാരത്തിലെത്താൻ സാധിക്കുകയില്ലെന്നും അതേസമയം സ്റ്റേറ്റിന്റെ അക്രഡിറ്റേഷൻ മാൻഡേറ്ററിയാക്കുകയും അവർക്ക് സെക്കന്റ് സ്റ്റെപ്പായി NAAC-ലേക്ക് പോകാവുന്നതാണെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി.

SAAC-ൽ അക്രഡിറ്റേഷൻ ലഭിച്ചുകഴിഞ്ഞ ഒരു സ്വാശ്രയ കോളേജ് ഒരിക്കലും NAAC-ന്റെ അക്രഡിറ്റേഷനുവേണ്ടി ശ്രമിക്കില്ലെന്നും കാരണം എ.ഐ.സി.റ്റി.ഇ.യുടെ ശമ്പളം അവർക്ക് കൊടുക്കണമെങ്കിൽ ഫീസ് ഘടന വർദ്ധിപ്പിക്കേണ്ടിവരുമെന്നും, എന്നാൽപോലും ഫാക്കൽട്ടിയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാതിരുന്നാൽ എ.ഐ.സി.റ്റി.ഇ.യുടെ ശമ്പളം അദ്ധ്യാപകർക്ക് കൊടുക്കണം എന്നുള്ള നിലയിൽ ഫീസ് ഘടനയിൽ ചെറിയ വർദ്ധനവ് വരുത്തേണ്ടിവരുമെന്നും അക്കാഡമിക് ഇന്ററസ്റ്റിൽ, എഞ്ചിനീയറിംഗ് കോളേജുകളെ സംബന്ധിച്ചിടത്തോളം ഫാക്കൽട്ടി എന്നത് മറ്റേതൊരു ഇൻഫ്രാസ്ട്രക്ചറിനേക്കാളും പ്രധാനമാണെന്നും അതിൽ വിട്ടുവീഴ്ച ചെയ്യേണ്ടതില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

കോളേജുകളുടെ സ്റ്റാൻഡേർഡ് ഇംപ്രൂവ് ചെയ്യുന്നതിന് അസ്സസ്മെന്റ് മാൻഡേറ്ററി യാക്കണമെന്നും ഫാക്കൽട്ടി മെമ്പേഴ്സിനേയും സർട്ടിഫിക്കറ്റുൾപ്പെടെയുള്ള ഇൻസെന്റീവ് കൊടുക്കണമെന്നും എന്നാൽ എന്ത് പരിഷ്ക്കാരം കൊണ്ടുവന്നാലും അതിന് എതിര് നിൽക്കുന്നത് അദ്ധ്യാപകരാണെന്നും എന്നിരുന്നാലും ഫാക്കൽട്ടി ഇംപ്രൂവ് ചെയ്യുന്നതി നുള്ള നടപടികൾ സ്വീകരിക്കാൻ തന്നെയാണ് തീരുമാനമെന്നും ഹയർ എഡ്യുക്കേഷൻ കൗൺസിൽ മെമ്പർ സെക്രട്ടറി വിശദമാക്കി.

തുടർന്ന് അടുത്ത അദ്ധ്യയനവർഷത്തെ എൻട്രൻസ് എക്സാമിനേഷൻ സംബന്ധിച്ച് സമിതി അംഗം വിശദീകരണം ആരാഞ്ഞു.

ഹയർ സെക്കന്ററി എഡ്യുക്കേഷനിൽനിന്നും എൻട്രൻസ് പരീക്ഷ പാസായി ശരാശരി 49 ശതമാനം വിദ്യാർത്ഥികളായിരുന്നു എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് നേരത്തെ വന്നിരുന്നതെന്നും എന്നാൽ നോർമലൈസേഷൻ ക്രൈറ്റീരിയ ഏർപ്പെടുത്തിയശേഷം ഇത് 56 ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നും ഇതുമൂലം കോച്ചിംഗ് സിസ്റ്റം അപ്രാപ്യ മായവർക്കും എൻട്രൻസ് പരീക്ഷ എഴുതാൻ കഴിയുന്നുണ്ടെന്നും കൂടാതെ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയുടെ മാർക്കുകൂടി പ്രധാനമാണെന്ന് വന്നതോടുകൂടി സ്കൂൾ എഡ്യുക്കേഷന് പ്രാധാന്യം ലഭിച്ചു തുടങ്ങിയെന്നും എന്നാൽ ഇതു സംബന്ധിച്ച കമ്മിറ്റിയിലെ ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രതിനിധിയുടെ അഭിപ്രായത്തിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയ്ക്കുപുറമേ ഇംഗ്ലീഷ്, സോഷ്യൽ സ്റ്റഡീസ് എന്നിവയുടെ മാർക്കുകൂടി ഉൾപ്പെടുത്തണമെന്നാണെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. കൂടാതെ എൻട്രൻസ് പരീക്ഷാ പരിഷ്ക്കരണം സംബന്ധിച്ച വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങളിന്മേലുള്ള സർക്കാരിന്റെ നയപരമായ തീരുമാനത്തിനുശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെ ടുക്കുന്നതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കുകയുണ്ടായി.

**അദ്ധ്യാപകർക്കായുള്ള പരിശീലന പദ്ധതികൾ**

വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ അക്കാദമിക് മികവ് വർദ്ധിപ്പിക്കുവാൻ ചിട്ടയായ തീവ്ര പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും അതോടൊപ്പം അനദ്ധ്യാപകർക്കും പരിശീലന പദ്ധതി നടപ്പാക്കണമെന്നാണ് കൗൺസിൽ ഉദ്ദേശിക്കുന്നതെന്നും കൂടാതെ ടീച്ചർ സ്റ്റുഡന്റ് എക്സ്ചേഞ്ച് പദ്ധതിയിൻകീഴിൽ ഇന്ത്യയിലെയും വിദേശത്തെയും സർവ്വകലാശാലകൾക്ക് തമ്മിൽ അദ്ധ്യാപകരേയും വിദ്യാർത്ഥികളെയും പരസ്പരം കൈമാറി അദ്ധ്യാപനവും പഠനവും കൂടുതൽ അർത്ഥപൂർണമാക്കുവാനുള്ള സാഹചര്യം ഒരുക്കുവാൻ പരമാവധി സംസ്ഥാനങ്ങളുമായി ചർച്ചചെയ്ത് നടപ്പാക്കാനുദ്ദേശിക്കുന്നു ണ്ടെന്നും സെക്രട്ടറി അറിയിച്ചു. അതുപോലെ സംസ്ഥാനത്തെ സർവ്വകലാശാലകളെയും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും വ്യവസായരംഗവുമായി നേരിട്ട് ബന്ധിപ്പിച്ച് ഈ രംഗത്തെ ആവശ്യങ്ങൾ പരസ്പരം മനസ്സിലാക്കി പ്രവർത്തിക്കുവാൻ കഴിയുന്ന ഇൻസ്റ്റിറ്റ്യൂഷൻ ഇൻഡസ്ട്രി ലിങ്കേജ് എന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു ണ്ടെന്നും ഇതുമൂലം വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദമാക്കുകയുണ്ടായി.

തുടർന്ന് യോഗം ചർച്ച ചെയ്ത കാര്യങ്ങൾ കൂടാതെ സമിതി അംഗങ്ങൾക്ക് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതും വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനുമായുള്ള ഏത് കാര്യവും സമിതിയുടെ ശ്രദ്ധയിൽകൊണ്ടുവരാവുന്നതും അതിനായി എല്ലാ മാസവും ഒരു യോഗം കൂടാവുന്നതാണെന്നും ബഹുമാനപ്പെട്ട സമിതി ചെയർമാൻ നിർദ്ദേശിക്കുകയുണ്ടായി.

തുടർന്ന് കാസർഗോഡ് ജില്ലയിലെ ഒരു കോളേജിലും മലയാളം ഐച്ഛിക വിഷയമായെടുത്ത് പഠിക്കുവാനുള്ള അവസരമില്ലെന്നും ആയതിനാൽ കാസർഗോഡ് ഗവൺമെന്റ് കോളേജിൽ മലയാളം കോഴ്സ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ട എം.എൽ.എ. അറിയിച്ചിട്ടുണ്ടെന്ന് സമിതി ചെയർമാൻ അറിയിച്ചു. മലയാള ഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്ന ഇക്കാലത്ത് മലയാളം കോഴ്സുകൾ ഇല്ലാത്ത കോളേജുകൾ കേരളത്തിൽ ഉണ്ടാകാൻ പാടില്ലെന്നും മലയാളം കോഴ്സുകൾ കൂടുതൽ ആകർഷകമാക്കേണ്ടതുണ്ടെന്നും അതുപോലെ മലബാറിലെ ഗവൺമെന്റ് കോളേജുകളിൽ കൂടുതൽ ബി.കോം. കോഴ്സുകൾ അനുവദിക്കണമെന്നും സമിതി നിരീക്ഷിക്കുകയുണ്ടായി.

കേരളത്തിലെ എല്ലാ ഗവൺമെന്റ് കോളേജുകളുടേയും എയ്ഡഡ് കോളേജുകളുടേയും പ്രിൻസിപ്പൽമാരുടെ യോഗം വിളിച്ച് അധീഷണലായി അനുവദിക്കേണ്ട കോഴ്സുകളുടെ പ്രൊപ്പോസൽ വാങ്ങിയിട്ടുണ്ടെന്നും ആയത് ഡയറക്ടറുടെ ശുപാർശയോടൊപ്പം സർക്കാരിന് സമർപ്പിക്കുന്നതാണെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

സമിതി യോഗം വൈകുന്നേരം 4.50-ന് പിരിഞ്ഞു.

## 2-2-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2012 ഫെബ്രുവരി മാസം 2-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. എക്സ്-ഒഫീഷ്യോ അംഗം ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

ഹാജരായ മറ്റംഗങ്ങൾ :

1. ഡോ. കെ. ടി. ജലീൽ എം. എൽ. എ.
2. ശ്രീ. ജോസഫ് വാഴക്കൻ ,,
3. ശ്രീ. എം. ഉമ്മർ ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, ഡി.പി.ഐ.
4. ശ്രീ. അമിത് മല്ലിക്, ഡയറക്ടർ, സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ്
5. ശ്രീ. കെ. അജയകുമാർ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം
6. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീമതി കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. പി. എസ്. അബ്ദുൾ റസാക്, സെക്രട്ടറി, സ്പോർട്സ് കൗൺസിൽ

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു:

1. The Kerala General Education Service (Amendment) Special Rules, 2010.

   (File No.16674/Sub.C.E1/2010/Leg.)

   Ref. No. 2741/C3/2005/G.Edu. dated 17-9-2010.

2. The Kerala Education (Amendment) Rules, 2011.

   (File No. 1898/Sub.C.E1/2011/Leg.)

   Ref. No. 31236/J3/2010/G.Edu. dated 19-3-2011.

3. The Kerala Vocational Higher Secondary Education Subordinate Service (Amendment) Rules, 2011.

   (File No. 2084/Sub.C.E1/2011/Leg.)

   Ref. No. 53879/S.C1/2009/G.Edu. dated 22-3-2011.

4. The Kerala Education (Amendment) Rules, 2011.

   (File No. 3541/Sub.C.E1/2011/Leg.)

   Ref. No. 30617/J3/2010/G.Edu. dated 13-6-2011.

5. The Kerala Education (Amendment) Rules, 2010.

   (File No. 3286/Sub.C.E1/2011/Leg.)

   Ref. No. 45481/J1/2008/G.Edu. dated 16-5-2011.

6. The Kerala Education (Amendment) Rules, 2011.

   (File No. 5176/Sub.C.E1/2011/Leg.)

   Ref. No. 6395/J2/09/G.Edu. dated 22-8-2011.

താഴെപ്പറയുന്ന കരട് ചട്ടം ചുവടെ ചേർത്തിരിക്കുന്ന ഭേദഗതിയോടെ സമിതി അംഗീകരിച്ചു.:

The Kerala Education (Amendment) Rules, 2011.

(File No. 1420/Sub.C.E1/2011/Leg.)

Ref. No. 61580/SC1/09/G.Edu. dated 28-2-2011.

In sub-clause (iii) of clause 2 for the word 'added' the word 'inserted' shall be substituted.

ആഴ്ച്ചയിൽ 6 മണിക്കൂറിൽ താഴെ ജോലിഭാരമുള്ളതും 2004-ലെ സ്പെഷ്യൽ റൂളിലെ അവ്യക്തതമൂലം ജൂനിയർ അദ്ധ്യാപകരായി നിയമനം ലഭിക്കുകയും പിന്നീട് ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ കൺസോളിഡേറ്റഡ് പോസ്റ്റിലേക്ക് മാറ്റുകയും ചെയ്യപ്പെട്ട 53 അദ്ധ്യാപകരുടെ പ്രശ്നം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് കരട് ചട്ടങ്ങളുടെ ചർച്ചാവേളയിൽ സമിതി ആരായുകയുണ്ടായി.

ആയതിന് വൊക്കേഷണൽ ഹയർ സെക്കൻഡറിയുടെ പൊതുറൂൾ ഹയർ സെക്കൻഡറിയുമായി താദാത്മ്യം പ്രാപിക്കുന്ന രീതിയിൽ പുനഃസംഘടിപ്പിച്ച് അടുത്ത

അദ്ധ്യയനവർഷം മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ ഈ 53 പേരുടെ പ്രശ്നം പരിഹരിക്കപ്പെടുകയോ അല്ലെങ്കിൽ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്താതെ സമിതിയുടെ ശുപാർശയായി ഈ 53 പേരുടെ കേസ് ഗവൺമെന്റിന് പരിഗണിക്കാൻ സാധിക്കുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. 2004-ലെ സ്പെഷ്യൽ റൂളിലെ അവ്യക്തതമൂലം ജൂനിയർ അദ്ധ്യാപകരായി നിയമിക്കപ്പെട്ട 53 അദ്ധ്യാപകരുടെ കേസ് പ്രത്യേകമായി പരിശോധിച്ച് ഇതു സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

സംസ്ഥാനത്തെ സ്കൂളുകളിൽ മൊബൈൽ ഫോണിന്റെ ദുരുപയോഗം പരിശോധിക്കാനും അതനുസരിച്ച് നടപടി എടുക്കുന്നതിനുമുള്ള സംവിധാനങ്ങളും സ്കൂളുകളിൽ മൊബൈൽ ഫോണിന്റെ ദുരുപയോഗം തടയുന്നതിനുള്ള നിയമങ്ങൾ എപ്രകാരം നടപ്പാക്കാൻ സാധിക്കുമെന്നും സമിതി ചർച്ച ചെയ്യുകയും സ്കൂളുകളിൽ മൊബൈൽ ഫോൺ ദുരുപയോഗം കർശനമായി തടയുന്നതിന് പി.ടി.എ.കളേയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളേയും ചുമതലപ്പെടുത്താമെന്നും ഇതു സംബന്ധിച്ച് ഒരു പൊതുനിർദ്ദേശം കൊടുക്കാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തു.

II. സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വിശദീകരണം സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

1. The Kerala Technical Education Service (Amendment) Special Rules, 2010.

   S.R.O. No. 1056/2010

   (File No. 18876/Sub.C.E1/2010/Leg.)

2. The Kerala Education (Amendment) Rules, 2010

   S.R.O. No. 778/2010

   (File No. 2950/Sub.C.E1/2011/Leg.)

3. The Kerala Education (Amendment) Rules, 2008

   S.R.O. No. 1046/2008

   (File No. 3502/Sub.C.E1/2011/Leg.)

4. The Kerala Education (Amendment) Rules, 2011

   S.R.O. No. 483/2011

   (File No. 4911/Sub.C.E1/2011/Leg.)

5. The Kerala Collegiate Education Service (Amendment) Special Rules, 2011.

   S.R.O. No. 444/2011

   (File No. 4966/Sub.C.E1/2011/Leg.)

അൺഎയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ ഫീസ്, അദ്ധ്യാപകർക്ക് നൽകുന്ന ശമ്പളം എന്നിവ സംബന്ധിച്ച് സമിതി ചർച്ച ചെയ്യുകയുണ്ടായി. ഓരോ അൺഎയ്ഡഡ് സ്കൂളും നിശ്ചയിക്കുന്ന ഫീസ് എത്രയാണെന്നും എന്തുകൊണ്ടാണ് ഇത്രയും ഫീസ് വാങ്ങുന്നതെന്നും കൂടാതെ അദ്ധ്യാപകർക്ക് നൽകുന്ന ശമ്പളം എത്രയാണെന്നുമുള്ള വിശദവിവരം സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയേയും ഡി.ഇ.ഒ.യേയും അറിയിക്കണമെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും കൂടാതെ അൺഎയ്ഡഡ് സ്കൂളുകളുടെ റെക്കഗ്നിഷന്റെ ഭാഗമായി അടുത്ത അദ്ധ്യയന വർഷം മുതൽ ഈ കണ്ടീഷൻ എല്ലാ സ്കൂളുകൾക്കും ബാധകമാക്കുന്നുണ്ടെന്നും ആയതിനാൽ അടുത്ത അദ്ധ്യയനവർഷം മുതൽ ഇത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കാമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വ്യക്തമാക്കുകയുമുണ്ടായി.

III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ചുവടെ ചേർത്തിരിക്കുന്ന ഫയലിലെ വിഷയം പരിശോധിച്ച് പിന്നീട് മറുപടി നൽകാമെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി:

ഫയൽ നമ്പർ 9011/സബ്.സി.ഇ1/03/ലെജി.

തുടർന്ന് സമിതി അജണ്ടയിലെ അടുത്ത ഇനമായ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച് റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-04)

   ഖണ്ഡിക നമ്പർ—5, 12.

   (ഫയൽ നമ്പർ 11306/സബ്.സി.ഇ1/03/ലെജി.)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-06)

   ഖണ്ഡിക നമ്പർ—2.

   (ഫയൽ നമ്പർ 7440/സബ്.സി.ഇ1/05/ലെജി.)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

   ഖണ്ഡിക നമ്പർ—2, 3, 65.

   (ഫയൽ നമ്പർ 15475/സബ്.സി.ഇ1/08/ലെജി.)

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

ഖണ്ഡിക നമ്പർ—44, 45, 46, 47, 48, 49, 59, 60.

(ഫയൽ നമ്പർ 15676/സബ്.സി.ഇ.1/09/ലെജി.)

<u>സബ്ജക്ട് കമ്മിറ്റി 'ഡി' സെക്ഷനിൽ നിന്നും കൈമാറി ലഭിച്ച റിപ്പോർട്ടുകൾ</u>

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2001-02)

ഖണ്ഡിക നമ്പർ—16.

(ഫയൽ നമ്പർ 18424/സബ്.സി.ഇ1/2010/ലെജി.)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

ഖണ്ഡിക നമ്പർ—77.

(ഫയൽ നമ്പർ 18424/സബ്.സി.ഇ1/2010/ലെജി.)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

ഖണ്ഡിക നമ്പർ—51, 52, 53, 54, 55, 56, 57, 58, 59.

(ഫയൽ നമ്പർ 18424/സബ്.സി.ഇ1/2010/ലെജി.)

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

ഖണ്ഡിക നമ്പർ—44, 45, 46, 47, 48, 49, 50.

(ഫയൽ നമ്പർ 18424/സബ്.സി.ഇ1/2010/ലെജി.)

തുടർന്ന് സ്പോർട്സിന് ഒരു കരട് നയം തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് എല്ലാ എം.എൽ.എ.മാർക്കും അയച്ചുകൊടുത്തിട്ടുണ്ടെന്നും ബഹു. എക്സ്-ഒഫീഷ്യോ അംഗം വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ അറിയിക്കുകയുണ്ടായി. പ്രസ്തുത കരട് നയം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിനായി സമിതിയുടെ അടുത്ത യോഗം 15-2-2012-ന് തിരുവനന്തപുരത്ത് വച്ച് കൂടാൻ തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.20-ന് പിരിഞ്ഞു.

## 2012 ഫെബ്രുവരി 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ഒരു യോഗം 2012 ഫെബ്രുവരി 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ഡോ. കെ. ടി. ജലീൽ, എം.എൽ.എ.
2. ശ്രീ. ജോസഫ് വാഴക്കൻ, എം.എൽ.എ.
3. ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ (കായിക-യുവജനക്ഷേമ വകുപ്പ്)
2. ഡോ. അമിത് മല്ലിക്, ഡയറക്ടർ, കായിക-യുവജനക്ഷേമ വകുപ്പ്
3. ശ്രീ. എസ്. നജുമുദീൻ, അഡീഷണൽ ഡയറക്ടർ, കായിക-യുവജനക്ഷേമ വകുപ്പ്
4. ശ്രീമതി പത്മിനി തോമസ്, പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
5. ശ്രീ. പി. എസ്. അബ്ദുൾ റസാക്, സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

സർക്കാരിന്റെ കരട് സ്പോർട്സ് നയം സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

സർക്കാർ തയ്യാറാക്കിയ കരട് സ്പോർട്സ് നയത്തിന്മേൽ ചർച്ച നടത്തി സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനുവേണ്ടിയാണ് സമിതി യോഗം ചേർന്നിരിക്കുന്നതെന്നും കായികരംഗത്തെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതോടൊപ്പം എല്ലാവരും കായികമേഖലയ്ക്ക് സഹായം ചെയ്യുന്നവരായി മാറണമെന്നുള്ളതാണ് ഈ നയത്തിന്റെ സവിശേഷതയെന്നും സ്പോർട്സ് ഫണ്ട് സ്വരൂപിക്കൽ, അവയുടെ വിനിയോഗം, സ്റ്റേഡിയം നിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്ക് മുൻഗണന നൽകുന്നുണ്ടെന്നും കായികതാരങ്ങളുടെ സമഗ്രമായ ഉന്നമനം

ലക്ഷ്യമാക്കുന്നതോടൊപ്പം സ്പോർട്സ് ഫണ്ടിൽനിന്നും ചെലവാക്കുന്ന പണത്തിന്റെ മൂല്യവും സുതാര്യതയും ഉറപ്പുവരുത്തി കായികമേഖലയെ അഴിമതി വിമുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച 'ഗോ ഫോർ ഗോൾഡ്' എന്ന പദ്ധതി കരട് സ്പോർട്സ് നയത്തിലെ പ്രധാന വിഷയമാണെന്നും അദ്ധ്യക്ഷൻ ആമുഖമായി പറഞ്ഞു.

ചില സ്പോർട്സ് അസോസിയേഷനുകൾ വ്യാജ പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നുവെന്ന പരാതി ഒഴിവാക്കുന്നതിനായി കായികതാരങ്ങളുടെ ഫോട്ടോ, ഫോൺ നമ്പറുകൾ, ബയോഡേറ്റ എന്നിവ ഉൾപ്പെടുന്ന സകല വിവരങ്ങളും അവരവരുടെ വെബ്സൈറ്റിൽ ഉണ്ടാകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായും ഏതെങ്കിലും സ്പോർട്സ് അസോസിയേഷൻ ഫണ്ട് സമാഹരിച്ച് കായികതാരങ്ങൾക്കുവേണ്ടി പ്രവർത്തനം നടത്തുകയാണെങ്കിൽ അത്രയും തുക സ്പോർട്സ് കൗൺസിലിൽനിന്നും മാച്ചിംഗ് ഗ്രാന്റായി അനുവദിക്കണമെന്നും ചെയർമാൻ അറിയിച്ചു. സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള പരിശീലകർക്ക് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിക്കുന്നില്ലെന്നും അവരുടെ ജോലിക്ക് പ്രൊഫഷണൽ സ്വഭാവമില്ലെന്നും പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്തോടെ പരിശീലനരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നൂതന പ്രവണതകളെക്കുറിച്ച് നമ്മുടെ പരിശീലകർക്ക് വേണ്ടത്ര അറിവില്ലെന്നും വിവിധ കായിക ഇനങ്ങൾക്കായി 143 പരിശീലകരുണ്ടെങ്കിലും ആധുനിക രീതിയിൽ മികച്ച പരിശീലനം നൽകാൻ അവർക്ക് കഴിയാതെ വരുന്നതുകൊണ്ട് കായികതാരങ്ങൾ സംസ്ഥാനത്തിന് പുറത്തുപോയി പരിശീലനം നേടുകയോ അല്ലെങ്കിൽ പുറത്തുനിന്നും പരിശീലകരെ കൊണ്ടുവന്ന് പഠിപ്പിക്കുകയോ ചെയ്യുന്ന രീതിയാണിന്നുള്ളതെന്നും ആയതിനാൽ പ്രഗത്ഭരായ പരിശീലകരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും അതോടൊപ്പം നിലവിലുള്ള പരിശീലകരുടെ കഴിവ് മെച്ചപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെന്നും ചെയർമാൻ വ്യക്തമാക്കുകയുണ്ടായി.

സ്പോർട്സ് പരിശീലനരംഗത്തെ നൂതന സങ്കേതങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിശീലിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള സ്പോർട്സ് മെഡിസിൻ, സ്പോർട്സ് ഫിസിയോതെറാപ്പി, സ്പോർട്സ് ന്യൂട്രീഷൻ, സ്പോർട്സ് എഞ്ചിനീയറിംഗ് തുടങ്ങിയ നൂതനമായ കോഴ്സുകൾ ഉൾപ്പെടുത്തി യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗത്തെ ശക്തിപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഉന്നതനേട്ടം കൈവരിക്കുന്ന കായികതാരങ്ങൾക്ക് ജോലി ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ടെന്നും എന്നാൽ സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടയിൽ നീക്കിവച്ചിട്ടുള്ള 10 ഒഴിവുകളിൽ 5 എണ്ണം മത്സര ഇനമല്ലാത്ത കളരിക്കും 3 എണ്ണം നീന്തലിനുമാണ് നീക്കിവച്ചിട്ടുള്ളതെന്നും വോളിബോൾ, അത്‌ലറ്റിക്സ് തുടങ്ങിയ വിഭാഗത്തിനായി വെറും രണ്ട് ഒഴിവുകൾ മാത്രമാണ് നീക്കിവച്ചിട്ടുള്ളതെന്നും ആയതിനാൽ വിവിധ കായിക ഇനങ്ങൾക്ക് സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലുള്ള സംവരണ അനുപാതം പുനർനിർണ്ണയിക്കേണ്ടതാണെന്നും സമിതി ചൂണ്ടിക്കാണിച്ചു.

സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതുണ്ടെന്നും എന്നാൽ 500 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ മാത്രമേ കായിക അദ്ധ്യാപകന്റെ തസ്തികയുള്ളൂവെന്നും പ്രസ്തുത അനുപാതത്തിൽ കുറവുവരുത്തി കായികാദ്ധ്യാപകരുടെ പോസ്റ്റ് ക്രിയേഷൻ നടത്താവുന്നതാണെന്നും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

ഹയർ സെക്കന്ററി തലത്തിൽ കായിക അദ്ധ്യാപകരെ നിയമിക്കാൻ പ്രൊവിഷനി ല്ലെന്നും പഠനവിഷയങ്ങൾക്കുള്ള പിരീഡ് കഴിഞ്ഞ് സ്പോർട്സിനുവേണ്ടി ഒരു അധിക പിരീഡ് കണ്ടെത്തുവാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടാണെന്നും ആയതി നാൽ ഹയർ സെക്കന്ററിയുടെ നിലവിലുള്ള കോഴ്സ് സ്ട്രക്ച്ചറിൽ മാറ്റം വരുത്തി കായിക വിദ്യാഭ്യാസത്തിന് ഒരു അധിക പിരീഡ് കണ്ടെത്താവുന്നതാണെന്നും പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

തുടർന്ന് ഹയർ സെക്കന്ററി തലത്തിൽ കായിക വിദ്യാഭ്യാസത്തിന് ഒരു പിരീഡ് ഏർപ്പെടുത്തുകയും അവിടെ കായിക അദ്ധ്യാപകരെ സ്പോർട്സ് കൗൺസിലിൽനിന്നോ കോൺട്രാക്ട് വ്യവസ്ഥയിലോ നിയമിക്കുകയും ചെയ്യേണ്ടതാണെന്നും എല്ലാ സ്ക്കൂളുക ളിലും സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടുകൂടി ഫിറ്റ്നസ് ക്ലബ്ബ് രൂപീകരിക്ക ണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ ഏറ്റവും പറ്റിയ മാർഗ്ഗം യോഗയാണെന്നും ആയതിനാൽ സ്കൂളുകളിൽ യോഗപരിശീലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും അതുപോലെ നന്നായി പ്രവർത്തിക്കുന്ന ഹെൽത്ത് ക്ലബ്ബുകളേയും ജിമ്മുകളേയും സഹകരിപ്പിച്ചുകൊണ്ട് സർക്കാരിന്റെ ധനസഹായത്തോടെ രണ്ട് പഞ്ചായത്തുകൾക്ക് ഒന്ന് എന്നക്രമത്തിൽ ഒരു ഹെൽത്ത് പാക്കേജ് പദ്ധതി ആരംഭിക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

തുടർന്ന് സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ടിന്റെ ഘടന ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി വിശദീകരിച്ചുവരവെ സ്പോർട്സ് കൗൺസിലിന്റെ അധികാരം കവർന്നെടു ക്കുവാൻ ഇത് ഇടയാക്കുമോയെന്ന് സമിതി അംഗങ്ങൾ ആശങ്കപ്പെടുകയുണ്ടായി. എന്നാൽ സ്പോർട്സ് കൗൺസിലിന്റെ അധികാരം കവർന്നെടുക്കാൻ ഉദ്ദേശിക്കുന്നി ല്ലെന്നും സംസ്ഥാനത്ത് സ്പോർട്സിന്റെ സമഗ്രമായ വികസനം, കായികതാരങ്ങളുടെ ക്ഷേമം, വിദേശപരിശീലനം, വിദേശകോച്ചുകളെ ഏർപ്പെടുത്തുക, കായികമത്സരങ്ങൾ സംഘടിപ്പിക്കുക, കായിക അസോസിയേഷനുകൾ കൈകാര്യംചെയ്യുക, തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നത് സ്പോർട്സ് കൗൺസിലും, സംസ്ഥാനത്തെ കായികമേഖ ലയുടെ വികസനത്തിനുവേണ്ട എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തുന്നത് സ്പോർട്സ് ഡയറക്ടറേറ്റുമാണെന്നും ബഹു. ചെയർമാൻ വിശദീകരിക്കുകയുണ്ടായി.

സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടും നോൺ പ്ലാൻ ഫണ്ടും മാത്രമുപയോഗിച്ച് സ്പോർട്സ് സംബന്ധമായ വിവിധ പ്രവർത്തനങ്ങൾ നടത്താൻ കൗൺസിലിന് സാധിക്കുന്നില്ലെന്നും ആയതിനാലാണ് നാഷണൽ സ്പോർട്സ് ഫണ്ട് ബോർഡിന്റെ മാതൃകയിൽ സംസ്ഥാനത്ത് സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് ബോർഡ് രൂപീകരിക്കുന്നതെന്നും സ്പോർട്സ് കൗൺസിലിനോ സ്പോർട്സ് ഡയറക്ടറേറ്റിനോ പ്ലാനും ബഡ്ജറ്റുമുള്ള ദൈനംദിന കർത്തവ്യങ്ങൾക്കു പുറമേ ചെയ്യേണ്ട പ്രവർത്തന ങ്ങൾക്കുവേണ്ടി പ്രോജക്ട് പ്രൊപ്പോസൽസ് നൽകാവുന്നതാണെന്നും ബന്ധപ്പെട്ട വകുപ്പുസെക്രട്ടറി വിശദീകരിച്ചു.

വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച കായികതാരങ്ങൾക്ക് സമ്മാന ഇനത്തിൽ കൊടുക്കുവാനുള്ള നാലുവർഷത്തെ കുടിശ്ശിക തുകയായ 4 കോടി 37 ലക്ഷം രൂപ അടിയന്തിരമായി കൊടുത്തുതീർക്കേണ്ടതുണ്ടെന്നും കൂടാതെ സംസ്ഥാനത്തിന്

പുറത്തുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് സുഖപ്രദമായ യാത്ര ഒരുക്കി അവരുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനുവേണ്ടി വിമാനക്കമ്പനികൾ, റെയിൽവേ എന്നിവയുമായി സഹകരിച്ചുകൊണ്ട് വിമാനയാത്ര ഏർപ്പെടുത്തുക, ട്രെയിൻയാത്ര ചെയ്യുന്നതിന് ഒരു എ.സി. കോച്ച് ലീസ് വ്യവസ്ഥയിൽ ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇത്തരം ആവശ്യങ്ങൾക്ക് സ്പോർട്സ് കൗൺസിലിന്റെ ഫണ്ട് മാത്രമുപയോഗിച്ച് മുന്നോട്ട് പോകാൻ സാധിക്കില്ലെന്നും ആയതിനാൽ സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും ഇത്തരം ആവശ്യങ്ങൾക്കുള്ള പണം ലഭ്യമാക്കാവുന്നതാണെന്നും ബഹുമാനപ്പെട്ട സമിതി ചെയർമാൻ അറിയിച്ചു.

കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഒരു കുപ്പിക്ക് ഒരു രൂപ എന്ന നിരക്കിൽ അധിക തുക ഈടാക്കി സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ടിലേക്ക് പണം സ്വരൂപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്യാൻ സമിതി തീരുമാനമെടുക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.20-ന് പിരിഞ്ഞു.

---